No. 179

August 2003

# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KERALA PRIVATE
COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 179 AUGUST 2003

EDITORIAL BOARD

*Chief Editor*
Dr. S. JAYARAJ KUMAR

*Managing Editor*
V.JAYAKUMAR

*Assistant Editor*
Dr. G.S. SURESH

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
Dr. T.A.Sudhakarakurup

inside

No.
179

ഉന്നതവിദ്യാഭ്യാസം കോളോക്യം- I
റിപ്പോർട്ട്
ഡോ. രാജൻ വർഗ്ഗീസ്

•

പൊതുധാരാ പഠനത്തിനൊരു ചരമക്കുറിപ്പ്
കെ. ജി. പൗലോസ്

•

സുകൃതക്ഷയം (കവിത)
പ്രൊഫ. സോമൻ നെല്ലിവിള

•

പാബ്ളൊ നെരൂദയ്ക്ക് പ്രണാമം
പ്രൊഫ. എം. എസ്. വസന്തകുമാർ

•

Lines Written in the post-modern Class Room (Poem)
Prof. D. Prasad

• Editorial • Economic Focus
• നിവേദനങ്ങൾ • ശാസ്ത്രജാലകം
• വാർത്താമാദ്ധ്യമം • സർവ്വീസ് പംക്തി
• സമരപഥങ്ങൾ • സർക്കാർ ഉത്തരവുകൾ
• പ്രൈവററ് കോളജ് അദ്ധ്യാപകപ്രസ്ഥാനം കേരളത്തിൽ

visit www.akpcta.org

## എഡിറ്റോറിയൽ

# സർക്കാർ നയത്തിനെതിരെ ബഹുജന മുന്നേററം

കേരളീയ വിദ്യാഭ്യാസമേഖല സാമൂഹിക പ്രതിബദ്ധതയും, നിയതവും അനന്യവുമായിരുന്നതിനാൽ സാർവ്വദേശീയ ശ്രദ്ധയും അംഗീകാരവും നേടിയെടുത്തിരുന്നു. ഈ നേട്ടങ്ങൾക്ക് പിന്നിൽ കേരളത്തിലെ സാംസ്കാരിക, പുരോഗമന, സാമൂഹ്യ ജനാധിപത്യപ്രസ്ഥാനങ്ങളുടെ നിരന്തര പോരാട്ടങ്ങളായിരുന്നു. കേരളീയ സമൂഹത്തെ മുഖ്യധാരയിലെത്തിച്ച മൗലികമായ വിദ്യാഭ്യാസനയങ്ങളെ ആഗോളവൽക്കരണത്തിന് അടിയറവയ്ക്കുകയാണ് സർക്കാർ.

ആഗോളവൽക്കരണത്തിന്റെ ആലിംഗനത്തിൽ പെട്ട് തകരുന്ന വിദ്യാഭ്യാസമേഖലയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സ്കൂൾ, കോളജ് സർവ്വകലാശാലാ അദ്ധ്യാപകരും, അനദ്ധ്യാപകരും, വിദ്യാർത്ഥികളും ചേർന്നു വിദ്യാഭ്യാസ പ്രക്ഷോഭസമിതിയെ സമരരംഗത്തിറങ്ങാൻ പ്രേരിപ്പിച്ചത്. യാതൊരു നിയന്ത്രണവുമില്ലാതെ അൺ എയിഡഡ് സ്ഥാപനങ്ങൾ അനുവദിക്കുകയും, നിലവിലുള്ള എയിഡഡ് മേഖലയെ അൺ എയിഡഡ് ആക്കുകയും ചെയ്യുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നു. മുതൽമുടക്കി കച്ചവടം ചെയ്യുംപോലെ വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ ഗുരുതുരമാണ്. ഈ വിദ്യാഭ്യാസകച്ചവടത്തിന്റെ ഫലംകൊയ്യുന്നവർ സംഘടനാസ്വാതന്ത്ര്യത്തിനെതിരെ വാളോങ്ങി നിൽക്കുന്നു. വിദ്യാഭ്യാസരംഗത്ത് സാമുദായിക പ്രീണനം നടത്തുകയും മാനദണ്ഡങ്ങൾക്കു നിരക്കാത്ത വിധത്തിൽ സ്വാശ്രയകോളജുകളിൽ വൻ ഫീസ് വർദ്ധനവ് വരുത്തിയും ആഗോളവൽക്കരണത്തിന് ആക്കം കൂട്ടാൻ സർക്കാർ ശ്രമിക്കുന്നു.

കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് സാംസ്കാരിക - നവോത്ഥാന നായകന്മാരും ഇടതുപക്ഷ പ്രസ്ഥാനങ്ങളും കൂടെ നേടിയെടുത്ത മഹത്തായ പാരമ്പര്യത്തെ തള്ളിപ്പറയുന്നതാണ് നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ഏകീകൃത സർവ്വകലാശാലാ നിയമം. വിദ്യാഭ്യാസക്കച്ചവടക്കാർക്ക് കടിഞ്ഞാണിടുന്നതിനു പകരം അവർക്ക് സർവ്വമാന സ്വാതന്ത്ര്യവും നൽകുന്നതിനു വേണ്ട വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്.

സാമൂഹിക നീതി ഉറപ്പുവരുത്തിയും സംവരണതത്വങ്ങൾ പാലിക്കുകയും പിന്നോക്കക്കാർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നവയാണ് സർക്കാർ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. സർക്കാരിൻെറ നിയന്ത്രണത്തിന് വിധേയമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ ഗളഹസ്തം ചെയ്യുന്ന ബോധപൂർവ്വമായ ശ്രമത്തിനെതിരെയുള്ള ഒരു ചെറുത്തുനില്പായിട്ടാണ് ഈ സമരത്തെ വീക്ഷിക്കേണ്ടത്.

പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവുമാണെന്ന ഭരണഘടനാ വ്യവസ്ഥയ്ക്ക് വിരുദ്ധമായ നയസമീപനങ്ങളെ പൊതുജനങ്ങൾക്കുമുന്നിൽ കൊണ്ടുവരുവാൻ ഈ സമരം ഉപകരിച്ചു. നാല്പത്തിയെട്ട് സ്വാശ്രയ കോളജുകളിൽ ആക്ഷേപമുള്ളവയുടെ അംഗീകാരം റദ്ദാക്കാമെന്ന ഉറപ്പ് സമരത്തിന്റെ നേട്ടമാണ്. വാശിയോടെയും, ഗൂഢലക്ഷ്യത്തോടെയും അവതരിപ്പിക്കപ്പെട്ട ഏകീകൃത സർവ്വകലാശാലാ ബില്ലിന്റെ കാര്യത്തിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കാമെന്ന ഉറപ്പും സമരത്തിന്റെ നിർണ്ണായക നേട്ടമാണ്. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന ഉറപ്പും ലഭിച്ചിട്ടുണ്ട്. ഫീസ് വർദ്ധനവിന്റെ കാര്യത്തിൽ ഒരു പുനർചിന്തനമുണ്ടാക്കാനും സമരത്തിനു കഴിഞ്ഞു. അദ്ധ്യാപകരുടെ സംഘടനാപ്രവർത്തനസ്വാതന്ത്ര്യം ഉറപ്പുവരുത്താൻ വേണ്ട കാര്യങ്ങൾ ചെയ്യുമെന്ന് സർക്കാർ ഉറപ്പു നൽകുകയുണ്ടായി. നിലവിലുള്ള ഒരാളെപ്പോലും പിരിച്ചുവിടില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസത്തെ കച്ചവടശക്തികളിൽ നിന്നും രക്ഷിക്കാനും സാമൂഹിക നീതിയും ഗുണമേന്മയും ഉറപ്പുവരുത്തുവാനുമുള്ള തുടർപ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്.

# എ.കെ.പി.സി.ടി.എ

# പ്രവർത്തക സമിതി തീരുമാനങ്ങൾ

**2003 ആഗസ്ററ് 3**
**സംസ്ഥാന കമ്മററി ഓഫീസ്**
**തിരുവനന്തപുരം**

## ഏകീകൃത സർവകലാശാലാ നിയമം പ്രക്ഷോഭ പരിപാടികൾ

ഏകീകൃത സർവകലാശാല നിയമം ഏകപക്ഷീയമായി നടപ്പാക്കുന്നതിനുള്ള നീക്കവുമായി സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്ന പക്ഷം പണിമുടക്കടക്കമുള്ള പ്രക്ഷോഭ നടപടികൾ സ്വീകരിക്കണം.

ആഗസ്റ്റ് 6-ാം തീയതി മുതൽ എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പ്രക്ഷോഭ സമിതി നേതാക്കൾ അനിശ്ചിതകാല നിരാഹാരം ആരംഭിക്കുന്നു.

ആഗസ്റ്റ് 13-ന് കലാലയങ്ങളിൽ ബാഡ്ജ് ധരിച്ചുകൊണ്ട് നിരാഹാര അദ്ധ്യാപനം നടത്തണം. അന്നേ ദിവസം ബ്രാഞ്ചുയോഗങ്ങൾ ചേർന്ന് ഏകീകൃത സർവകലാശാലാ ബിൽ ചർച്ച ചെയ്യണം.

## മാന്നാനം പ്രക്ഷോഭം

സംഘടനാ സ്വാതന്ത്ര്യത്തിനു വിലക്കേർപ്പെടുത്തിയ മാന്നാനം കെ. ഇ. കോളജിനു മുമ്പിൽ എം. ജി. യൂണിവേഴ്സിററി മേഖലയിൽ നിന്നുമുള്ള അദ്ധ്യാപകർ ധർണ നടത്തും. തീയതി പിന്നീടു പ്രഖ്യാപിക്കും.

ആഗസ്റ്റ് 13 ബുധനാഴ്ച സംസ്ഥാനത്തെ എല്ലാ പ്രൈവററ് കോളജുകളിൽ നിന്നും കെ. ഇ.കോളജ് മാനേജർക്ക് ടെലഗ്രാം ചെയ്യണം.

Restore Organisational Rights
Stop victimisation of Teachers

## മാനേജരുടെ വിലാസം

മാനേജർ,
കെ. ഇ.കോളജ്,
മാന്നാനം പി. ഒ.,
കോട്ടയം.

## മേഖലാ പ്രവർത്തക ക്യാമ്പുകൾ

കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകളിലെ പ്രവർത്തക ക്യാമ്പ് സെപ്തംബർ 20, 21 തീയതികളിൽ കോട്ടയത്ത്. കോഴിക്കോട്, കണ്ണൂർ സർവകലാശാലകളിലെ പ്രവർത്തക ക്യാമ്പ് സെപ്തംബർ 27, 28 തീയതികളിൽ മലമ്പുഴയിൽ. ഓരോ കോളജിൽ നിന്നും ബ്രാഞ്ചു സെക്രട്ടറി ഉൾപ്പെടെ രണ്ടുപേർ പങ്കെടുക്കണം. രജിസ്ട്രേഷൻ ഫീസ് ഒരംഗത്തിന് 200 രൂപ.

## കലാലയ സംരക്ഷണ സമിതി

ഓരോ കോളജിലും വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരുടെ പ്രതിനിധികളടങ്ങിയ കലാലയസംരക്ഷണ സമിതികൾ രൂപീകരിക്കണം.

അഭിവാദനങ്ങളോടെ,
പ്രൊഫ. എ. പ്രതാചന്ദ്രൻ നായർ

# അവകാശ പ്രഖ്യാപന പ്രമേയം

**2003 ജൂലൈ മാസം 15: മാന്നാനത്ത് എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിലും വിവിധ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെയും ബഹുജനപ്രസ്ഥാനങ്ങളുടെയും സാന്നിദ്ധ്യത്തിലും നടത്തിയ അവകാശപ്രഖ്യാപന റാലിയിൽ അവതരിപ്പിച്ച് അംഗീകരിച്ച പ്രമേയം**

I 1948ലെ സാർവലൗകീക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട്, ഇന്ത്യൻ ഭരണഘടന അംഗീകരിച്ച, വിദ്യാഭ്യാസ അവകാശങ്ങളുടെ വെളിച്ചത്തിലും ഉന്നത വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ അവകാശങ്ങളെക്കുറിച്ചുള്ള യുനെസ്കോയുടെ 1997ലെ പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിലും 1999 ഡിസംബറിൽ കേരള സർക്കാർ, പുതുക്കിയ യു.ജി.സി സ്കീമും ശമ്പള സ്കെയിലുകളും കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും, കേരളത്തിലെ എയിഡഡ് കോളജുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിനും കടമകൾ പൂർണ്ണമായി നിർവ്വഹിക്കുന്നതിനും, ഓൾ കേരള പ്രൈവററ് കോളജ് അദ്ധ്യാപക സംഘടന (എ.കെ.പി.സി.ടി.എ) പ്രതിജ്ഞാബദ്ധമാണെന്ന് ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

II മാന്നാനം കെ.ഇ.കോളജ് മാനേജർ റവ. ഡോ. തോമസ് കാലായിൽ സി.എം.ഐ കാമ്പസ് രാഷ്ട്രീയം നിരോധിച്ചുകൊണ്ടും സംഘടനാസ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ടും ഇക്കഴിഞ്ഞ ജൂൺ മാസം പുറപ്പെടുവിച്ച തന്റെ ഉത്തരവുകളിലൂടെയും പ്രസ്തുത ഉത്തരവുകളുടെ വെളിച്ചത്തിൽ കെ.ഇ.കോളജ് പ്രിൻസിപ്പൽ റവ. ഡോ. ജോസഫ് കുഴിച്ചാലിൽ സി.എം.ഐ ജൂൺ 25 മുതൽ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള വിദ്യാർത്ഥിവിരുദ്ധവും അദ്ധ്യാപക വിരുദ്ധവും വിദ്യാഭ്യാസവിരുദ്ധവുമായ നടപടികളിലൂടെയും സാർവലൗകിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെയും 1997ലെ യുനെസ്കോയുടെ പ്രഖ്യാപനത്തിന്റെയും ഇന്ത്യൻ ഭരണഘടനയുടെയും യു.ജി.സി സ്ക്കീം ഏർപ്പെടുത്തിക്കൊണ്ട് 1999ൽ കേരളസർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ ലംഘനം നടത്തിയിരിക്കുകയാണെന്ന് ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

III എയിഡഡ് കോളജ് അദ്ധ്യാപകരുടെ രാഷ്ട്രീയ സ്വാതന്ത്ര്യവും സംഘടനാപ്രവർത്തനത്തിനുള്ള അവകാശവും നിഷേധിച്ചുകൊണ്ട് കെ.ഇ.കോളജ് മാനേജരും പ്രിൻസിപ്പലും എടുത്തിട്ടുള്ള നടപടികളെ മറികടക്കുന്നതിന് എല്ലാ പുരോഗമന പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയൻ, വർഗ-ബഹുജന സംഘടനകളുടെയും പിന്തുണയോടെയും വേൾഡ് ഫെഡറേഷൻ ഓഫ് ററീച്ചേഴ്സ് (FISE) ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിററി ആൻഡ് കോളജ് ററീച്ചേഴ്സ് ഓർഗനൈസേഷന്റെയും (AIFUCTO) പ്രാദേശിക തലത്തിലുള്ള വിവിധ അദ്ധ്യാപക-വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെയും സഹായസഹകരണത്തോടെ, മനുഷ്യാവകാശകമ്മീഷൻ മുതൽ കോട്ടയം ഗാന്ധിനഗർ പോലീസ് സ്റേറഷൻ വരെ വിവിധ തലത്തിലുള്ള നീതിനിർവ്വഹണ സ്ഥാപനങ്ങളിലൂടെയും അംഗീകൃത പ്രക്ഷോഭ

മാർഗ്ഗങ്ങളിലൂടെയും സാധ്യമായ എല്ലാ നടപടികളും നിരന്തരമായും അർപ്പണബോധത്തോടെയും ഏറ്റെടുത്തു നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുന്നു.

IV അറിവിന്റെ യുഗത്തിൽ സാമൂഹ്യനീതിയിലും ഗുണമേന്മയിലും അധിഷ്ഠിതമായ ഉന്നതവിദ്യാഭ്യാസത്തിന്റെ സാർവത്രീകരണത്തിലൂടെ മാത്രമെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക പുരോഗതി കൈവരിക്കാനാകൂ എന്ന അടിസ്ഥാന പ്രമാണത്തിലുറച്ചുനിന്നുകൊണ്ട് ഉന്നതമായ അറിവിന്റെ മേഖലകളെ കച്ചവടവൽക്കരിക്കുന്നതിനും വരേണ്യവൽക്കരിക്കുന്നതിനും കുത്തകവൽക്കരിക്കുന്നതിനും കേരളത്തിൽ ആകമാനം നടക്കുന്ന ശ്രമങ്ങളെ ചെറുക്കുന്നതിനും സാമൂഹ്യ നീതിയിലും ഗുണമേന്മയിലും അധിഷ്ഠിതമായ ഉന്നത വിദ്യാഭ്യാസവികസനം സാധ്യമാകത്തക്കവിധത്തിൽ ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതിനും എ.കെ.പി.സി.ടി.എ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിക്കുന്നു.

V പ്രയോഗിക തലത്തിൽ മേല്പറഞ്ഞ പ്രഖ്യാപനം നടപ്പാക്കുന്നതിന്, കേരളവിദ്യാഭ്യാസ സമിതിയുടെ ആഹ്വാനത്തിന് അനുസൃതമായി, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് സമൂഹത്തിന്റെ പൊതുസ്വത്തായി എയിഡഡ് കോളജുകൾ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും **"കലാലയ സംരക്ഷണസമിതികൾ"** രൂപീകരിക്കും. എയിഡഡ് കോളജുകളുടെ നിലനില്പിനാധാരമായുള്ള **"സാമൂഹ്യ ഉടമ്പടിയുടെ"** (Social contract) അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് വിവിധ സർക്കാർ-യൂണിവേഴ്സിറ്റി നിയമങ്ങളും സാമൂഹ്യ ഉത്തരവാദിത്തങ്ങളും മാനേജ്മെന്റും അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും നിർവ്വഹിക്കുമെന്ന് ഉറപ്പുവരത്തക്ക വിധത്തിൽ ചാലകശക്തിയായും തിരുത്തൽശക്തിയായും സമിതികൾ പ്രവർത്തിക്കും. സമിതിയുടെ ആഭിമുഖ്യത്തിൽ ഓരോ കോളജിലും നടക്കുന്ന അക്കാദമികവും ഭരണപരവുമായ നടപടികളും സാമ്പത്തിക ഇടപാടുകളും സസൂക്ഷ്മം വീക്ഷിക്കുകയും ഓരോ രംഗത്തുമുണ്ടാകുന്ന വീഴ്ചകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അവയ്ക്കെതിരെ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യും. ഓരോ കോളജിലെയും കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് അടുത്ത 5 വർഷങ്ങളിലേയ്ക്കുള്ള പ്രവർത്തനത്തിന്റെ ബ്ലൂപ്രിന്റ് തയ്യാറാക്കി അവതരിപ്പിക്കും. ഓരോ കോളജിലെയും പ്രവർത്തനങ്ങളെക്കുറിച്ച് വാർഷിക അടിസ്ഥാനത്തിൽ "സാമൂഹ്യ വിലയിരുത്തൽ" (social auditing) നടത്തുകയും റിപ്പോർട്ടു പ്രസിദ്ധീകരിക്കുകയും ചെയ്യും. വിദ്യാർത്ഥി പ്രവേശനവും ഫീസുപിരിവും നിയമാനുസൃതമായി മാത്രം നടത്തുമെന്ന് ഉറപ്പുവരുത്തും. വിശദാംശങ്ങൾ അടുത്ത പ്രവർത്തകസമിതി തീരുമാനിക്കും.

## Extract from Human rights declaration 1948

Article 26: (1) Everyone has the right to education. Education shall be free, at least in the elementary and fundamental stages. Elementary education shall be compulsory. Technical and professional education shall be made generally available and higher education shall be equally accessible to all on the basis of merit.

### Extract from 'The 1966 ILO/UNESCO Recommendation concerning the Status of Teachers (Provision VIII.75)

"In order that teachers may discharge their responsibilities, authorities should establish and regularly use recognized means of consultation with teachers' organizations on such matters as educational policy, school organization, and new developments in the education service".

***Extract from Recommendation concerning the status of Higher Education Teaching Personnel approved by General Conference of United Nations Educational, Scientific and Cultural Organization (UNESCO) meeting in Paris from 21st October to 12th November 1997: Recommendation concerning the Status of Higher-Education Teaching Personnel.***

**Article 26 & 27:** Higher-education teaching

personnel, like all other groups and individuals, should enjoy those internationally recognized civil, political, social and cultural rights applicable to all citizens. Therefore, all higher education teaching personnel should enjoy freedom of thought, conscience, religion, expression, assembly and association as well as the right to liberty and security of the person and liberty of movement. They should not be hindered or impeded in exercising their civil rights as citizens, including the right to contribute to social change through freely expressing their opinion of state policies and of policies affecting higher education. They should not suffer any penalties simply beacuse of the exercise of such rights. Higher-education teaching personnel should not be subject to arbitrary arrest or detention, nor to torture, nor to cruel, inhuman or degrading treatment. In cases of gross violation of their rights, higher-education teaching personnel should have the right to appeal to the relevant national, regional or international bodies such as the agencies of the United Nations, and organizations representing higher-education teaching personnel should extend full support in such cases.

The maintaining of the above international standards should be upheld in the interest of higher education internationally and within the country. To do so, the principle of academic freedom should be scrupulously observed. Higher-education teaching personnel are entitled to the maintaining of academic freedom, that is so say, the right, without constriction by prescribed doctrine, to freedom of teaching and discussion, freedom in carrying out research and disseminating and publishing the results thereof, freedom to express freely their opinion about the institution or system in which they work, freedom from insititutional censorship and freedom to participate in professional should or representative academic bodies. All higher-education teaching personnel have the right to fulfil their functions without discrimination of any kind and without fear of repression bythe state or any other source. Higher-education teaching personnel can effectively to justice to this principle if the environment in which they operate is conducive, which requires a democratic atmosphere; hence the challenge for all of developing a democratic society.

## Extract from UGC Task force Teachers and their rights

Teachers should enjoy full civic and political rights of our democratic country. Teachers have a right to adequate emoluments, social position, just conditions of service, professional independence and adequate social insurance.

### Teachers should

(i) recognise that education is a public service and strive to keep the public informed of the educational programme which are being provided;

(ii) work to improve education in the community and strengthen the community's moral and intellectual life;

(iii) be aware of social problems and take part in such activities as would be conducive to the progress of society and hence the country as a whole;

(iv) perform the duties of citizenship, participate in community activities and shoulder responsibilities of public offices;

(v) refrain from taking part in or subscribing to or assisting in any activities which tend to promote feeling of hatred or enemity among different communities, religions or linguistic groups but actively work for National Integration. ■

# എ.കെ.പി.സി.ടി.എ

# ഉന്നതവിദ്യാഭ്യാസ കോളോക്യം - II

2003 ജനുവരി 25
ആശീർ ഭവൻ, കൊച്ചി

**ഡോ. രാജൻ വർഗീസ്**
കൺവീനർ അക്കാദമിക് കമ്മിററി,
എ. കെ. പി. സി. ടി. എ

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള സുപ്രീംകോടതിവിധി സംബന്ധിച്ചും യു.ജി.സിയുടെ പരിഷ്ക്കരിച്ച കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിഗ്രിതല സെമസ്റ്റർ സമ്പ്രദായത്തിലുള്ള കരിക്കുലം സംബന്ധിച്ചും എ.കെ.പി.സി.ടി.എ ഉന്നതവിദ്യാഭ്യാസ കോളോക്യം -II (2003 ജനുവരി 25ന്) എറണാകുളത്ത് ആശീർഭവനിൽ സംഘടിപ്പിക്കുകയുണ്ടായി. പ്രശസ്ത നിയമപണ്ഡിതർ, ഗവൺമെന്റ് പ്രതിനിധികൾ, വൈസ് ചാൻസിലർമാർ, പ്രമുഖ രാഷ്ട്രീയ കക്ഷിനേതാക്കൾ, മാനേജ്മെന്റ് പ്രതിനിധികൾ മാധ്യമപ്രവർത്തകർ അദ്ധ്യാപക സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്ത കൊളോക്യം, സുപ്രീം കോടതിവിധി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തും പൊതുമണ്ഡലത്തിലും ഉയർത്തുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുള്ള സജീവ വേദിയായി മാറുകയുണ്ടായി. സാമൂഹിക നീതിയും ഗുണമേന്മയും ഉറപ്പാക്കുന്ന വിദ്യാഭ്യാസ പദ്ധതിയും പ്രധാന പ്രശ്നങ്ങളിൽ അഭിപ്രായസമന്വയവും ലക്ഷ്യമാക്കി എ.കെ.പി.സി.ടി.എ നടത്തുന്ന ശ്രമങ്ങളെ സർവ്വാത്മനാ സ്വാഗതംചെയ്യുന്ന ഒരു സമീപനമാണ് ഉന്നതവിദ്യാഭ്യാസ രംഗത്തെ ഘടകകക്ഷികളുടെ ഭാഗത്തുനിന്നുണ്ടായത്. സംഘടനാ പ്രവർത്തകരെ സമകാലിക പ്രശ്നങ്ങളിൽ ഫലപ്രദമായി സംവേദിക്കാൻ പ്രാപ്തമാക്കുന്ന ഒരു പഠനപരിപാടി കൂടിയായിരുന്നു കോളോക്യം-II

രാവിലെ 10 മണിമുതൽ രാത്രി 8 മണിവരെ നീണ്ടുനിന്ന കോളോക്യം പ്രധാനമായും നാല് ഇന്റർ ആക്ടിവ് സെഷനുകളായാണ് ചിട്ടപ്പെടുത്തിയത്.

I Interaction with Eminent Jurists
II Interaction with Policy Makers
III Interaction with Vice-chancellors
IV Interaction with Managers, Principals, Teachers and Students.

കോളോക്യത്തിലെ മററ് പ്രധാന മുഹൂർത്തങ്ങൾ
(i) Launching www.akpcta.org
(ii) Release of model curriculum

## ഉദ്ഘാടന സമ്മേളനം (സെഷൻ-1)

രാവിലെ 10 മണിക്ക് ആരംഭിച്ച ഒന്നാമത്തെ ഇന്റർ ആക്ടീവ് സെഷനിൽ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, ജസ്റ്റിസ് കെ.ടി.തോമസ് എന്നിവർ സുപ്രീം കോടതി വിധിയും കേരള ഹൈക്കോടതി കല്പിച്ച എഴുപത്തിയഞ്ച് ശതമാനം ന്യൂനപക്ഷ കോട്ടയും സംബന്ധിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ന്യൂനപക്ഷ അവകാശങ്ങളെ സംബന്ധിച്ച കോടതിവിധികളുടെ ചരിത്രംതന്നെ അനാവരണം ചെയ്യുന്നതായിരുന്നു ജസ്റ്റിസ് കെ:ടി.തോമസിന്റെ നിരീക്ഷണങ്ങൾ. അദ്ധ്യാപകരുടെ ഇതു സംബന്ധിച്ച ചോദ്യ

ങ്ങൾക്ക് വളരെ വിശദമായ മറുപടി മോഡറേററായി തന്നെ അദ്ദേഹം നൽകുകയുണ്ടായി.

## സെഷൻ-2

പ്രമുഖ രാഷ്ട്രീയ കക്ഷിനേതാക്കൾ പങ്കെടുത്ത രണ്ടാമത്തെ പൊതുസെഷനിൽ പ്രതിപക്ഷ നേതാവ് സി.വി.എസ്.അച്യുതാനന്ദൻ, വിദ്യാഭ്യാസമന്ത്രി ശ്രീ. നാലകത്ത് സൂപ്പി, കോൺഗ്രസ്സ് നേതാവ് ശ്രീ. കെ.പി.ധനപാലൻ, ദേശാഭിമാനി റെസിഡന്റ് എഡിറ്റർ ശ്രീ. വി.രാജീവ് എന്നിവർ പങ്കെടുത്തു. ചിന്ത പത്രാധിപർ ശ്രീ. സി.പി.നാരായണൻ മോഡറേററായിരുന്നു. ഭരണഘടനയുടെ തത്വങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ കച്ചവടസ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ഭരണകൂടം നടപടി എടുക്കണമെന്ന് വി.എസ് ആവശ്യപ്പെട്ടു. എ.കെ.പി.സി.ടി.എ വെബ്സൈററ് www.akpcta.org ശ്രീ. വി.എസ്.അച്യുതാനന്ദൻ ഈ സെഷന്റെ തുടക്കത്തിൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. എ.കെ.പി.സി.ടി.എ അക്കാദമിക് കമ്മിററിയുടെ ആഭിമുഖ്യത്തിൽ യു.ജി.സി 2002ൽ പുറത്തിറക്കിയ സിലബസുകളുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയ ഡിഗ്രിതലത്തിലെ 17 വിഷയങ്ങളുടെ സെമസ്റ്റർ മാതൃകയിൽ പരിഷ്ക്കരിച്ച സിലബസ് വിദ്യാഭ്യാസമന്ത്രി ശ്രീ. നാലകത്ത് സൂപ്പി കോളോക്യത്തിന്റെ വേദിയിൽ പ്രകാശനം ചെയ്തു. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ മാററം വരുത്താൻ വേണ്ടി എ.കെ.പി.സി.ടി.എ നടത്തുന്ന ശ്രമങ്ങളെ മന്ത്രി അഭിനന്ദിച്ചു. സിലബസുകളുടെ ആദ്യ സെററ് കേരള യൂണിവേഴ്സിററി വൈസ് ചാൻസിലർ ഡോ. ബി.ഇക്ബാൽ ഏററുവാങ്ങി.

## സെഷൻ-3

വൈസ് ചാൻസിലർമാർ പങ്കെടുത്ത മൂന്നാമത്തെ സെഷനിൽ ഡോ. ബി.ഇക്ബാൽ (കേരള യൂണിവേഴ്സിററി) ഡോ. എൻ.ഉണ്ണികൃഷ്ണൻ നായർ (കൊച്ചിൻ യൂണിവേഴ്സിററി) ഡോ. സിറിയക് തോമസ് (എം.ജി.യൂണിവേഴ്സിററി) എന്നിവർ പുതുക്കിയ കരിക്കുലം സംബന്ധിച്ച ചർച്ചകൾക്ക് നേതൃത്വം നൽകി. കേരളത്തിലെ ഏററവും സംഘടിതവും ഫലപ്രദവുമായി പ്രവർത്തിക്കുന്ന അദ്ധ്യാപക സംഘടന എ.കെ.പി.സി.ടി.എയാണെന്ന് എം.ജി. യൂണിവേഴ്സിററി വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് തന്റെ പ്രസംഗത്തിൽ ആമുഖമായി പറഞ്ഞു. സുപ്രീംകോടതിവിധിയും ഹൈക്കോടതി വിധിയും ഉളവാക്കുന്ന സാഹചര്യങ്ങളിൽ ഊന്നിയായിരുന്നു അദ്ദേഹത്തിന്റെ വിശകലനം. പുതുക്കിയ കരിക്കുലവും യൂണിവേഴ്സിററികളുടെ പ്രവർത്തനങ്ങളും സുപ്രീംകോടതിവിധിയും ഈ സെഷനിൽ വിവിധ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ സജീവ ചർച്ചാവിഷയങ്ങളായി.

## സെഷൻ-4

ആറുമണിക്കാരംഭിച്ച നാലാമത്തെ സെഷനിൽ മാനേജ്മെന്റ് പ്രതിനിധികളായി മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ടി.ഒ.അബ്ദുള്ള സെക്രട്ടറി ഫാ. മാത്യു മലേപറമ്പിൽ എന്നിവർ പങ്കെടുത്തു. പ്രിൻസിപ്പൽ കൗൺസിൽ സെക്രട്ടറി ഡോ. കെ.കെ.യൂനസ്കുട്ടി ഈ സെഷനിൽ പങ്കെടുത്തു സംസാരിക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസ കോളോക്യത്തിൽ വിവിധ കോളജുകളിൽ നിന്ന് നൂററി ഇരുപത്തിയഞ്ചോളം അദ്ധ്യാപകർ പങ്കെടുത്തു. 17 വിഷയങ്ങളുടെ മോഡൽ കരിക്കുലത്തിന്റെ ഒരു സെററ് എല്ലാ ബ്രാഞ്ചുകൾക്കും വിതരണം ചെയ്യുകയുണ്ടായി. ന്യൂനപക്ഷ വിദ്യാഭ്യാസം സംബന്ധിച്ച സുപ്രീംകോടതിവിധി കരിക്കുലം പരിഷ്ക്കാരം സംബന്ധിച്ച് സംഘടനാശ്രമങ്ങൾ എന്നിവ വിപുലമായ ചർച്ചയ്ക്ക് വിധേയമാകുന്നതിൽ കോളോക്യത്തിന്റെ വേദി സഹായകമായി ■

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

എ. കെ. പി. സി. ടി. എ അംഗങ്ങളുടെ വാർഷിക അംഗത്വ ഫീസ് അടിയന്തിരമായി എസ്. ബി. ടി. ഫറോക്ക് ശാഖയിൽ മാറത്തക്ക രീതിയിൽ ഡി. ഡി. എടുത്ത് ട്രഷററുടെ പേരിൽ അയയ്ക്കുക.

ട്രഷററുടെ മേൽവിലാസം

**കെ. ശശിധരൻ,**
**രാജിസദൻ, മണ്ണൂർ- 673328**
**കോഴിക്കോട്**
**ഫോൺ: 2472822**

# ഡോക്ടറേററ് ലഭിച്ചു

തൃശ്ശൂർ കേരള വർമ്മ കോളജ് മലയാള വിഭാഗം അദ്ധ്യാപകൻ **ശ്രീ. എൻ. അനിൽ കുമാറിന്** കോഴിക്കോട് സർവ്വകലാശാലയിലെ ഫൈനാർട്സ് ഫാക്കൽററിയിൽ നിന്ന് ഡോക്ടറേററ് ലഭിച്ചു. 'പ്രകടന കലയുടെ അടിസ്ഥാനത്തിൽ പൗരാണികവും നാടോടിയുമായ ഗാനാവ തരണങ്ങളിലെ ആഖ്യാന പ്രരൂപങ്ങളുടെ താരതമ്യം എന്നതായിരുന്നു ഗവേഷണ വിഷയം'' തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ ഡോ. എ. കെ. നമ്പ്യാരുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.





'കേരളത്തിലെ ക്ഷേത്ര വാസ്തുവും ആചാരങ്ങളും (തന്ത്രസമുച്ചയം)' എന്ന വിഷയത്തിൽ കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ച ശ്രീകൃഷ്ണപുരം വി.ടി.ബി. കോളജിലെ സംസ്കൃതവിഭാഗം അദ്ധ്യാപകൻ **ശ്രീ. ജയൻ ഏറാഞ്ചേരി.** കോഴിക്കോട് സർവ്വകലാശാലയിലെ ഡോ. സി. രാജേന്ദ്രൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം

## അഭിനന്ദനങ്ങൾ

## ബ്രാഞ്ചു സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

**എ. കെ. പി. സി. ടി. എ യുടെ**

**കെട്ടിട നിർമ്മാണ ഫണ്ടിൻെറ**

**രണ്ടാം ഗഡു അടിയന്തിരമായി എത്തിക്കുക**



ഈ നാട്ടിൽ ധനികർ പ്രമാണിമാരായിരിക്കാം.
നാട്ടിലെ ദരിദ്രകോടികൾക്കാണ് വിദ്യാഭ്യാസം വേണ്ടത്.
പാവപ്പെട്ടവർക്ക് വിദ്യാഭ്യാസം നൽകാത്ത,
ധനികർക്ക് ഒന്നരലക്ഷവും രണ്ടുലക്ഷവും കൊടുത്ത്
വിദ്യാഭ്യാസമാകാം എന്ന സമീപനത്തെ നാം എതിർക്കണം.

ജസ്ററീസ് വി. ആർ. കൃഷ്ണയ്യർ

# സുപ്രീംകോടതിവിധി ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധം

ഉന്നത വിദ്യാഭ്യാസ കോളോക്യത്തിൽ ചെയ്ത പ്രസംഗം

വിദ്യാഭ്യാസം ലാഭമുണ്ടാക്കാൻ എന്ന ആശയം നമ്മുടെ ഭരണഘടനാ ശില്പികൾ വിഭാവനം ചെയ്ത ആശയങ്ങൾക്ക് എതിരാണെന്ന് കോളോക്യം ഉദ്ഘാടനം ചെയ്തുകൊണ്ട് ജിസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അഭിപ്രായപ്പെട്ടു. "ഞാൻ എന്റെ അനാരോഗ്യം വകവയ്ക്കാതെയാണ് ഇവിടെ എത്തിയിരിക്കുന്നത്. ഞാൻ കോടതിക്ക് മാപ്പ് കൊടുക്കില്ലാ. കോടതിയെ ശിക്ഷിക്കേണ്ടതില്ലായെന്ന് അടുത്തകാലത്ത് വിരമിച്ച ജസ്റ്റിസ് ടി.കെ തോമസിന് പറയാം, പതിനൊന്നംഗ ബഞ്ചിന് സമയബന്ധിതമായി കേസ് കൈകാര്യം ചെയ്യാമായിരുന്നു. വക്കീലന്മാരോട് കേസ് സമയത്ത് തീർക്കാൻ കോടതി പറയണം. വിധിപറയാൻ ബഞ്ചിന് സമയം നിശ്ചയിക്കണം. വിധി പറഞ്ഞതുതന്നെ ഭാഗ്യമായി കരുതണം. രണ്ട്മുതൽ അഞ്ച് വർഷംവരെ കേസ് വാദം കേട്ട് വിധിപറയാൻ മാന്യമായി നടക്കുന്ന ജഡ്ജിമാരുമുണ്ട് ഇവിടെ. സുപ്രീംകോടതി വിധി സംബന്ധിച്ച ഹിന്ദു ദിനപത്രത്തിൽ എന്റെ ലേഖനം പ്രസിദ്ധീകരിച്ചതാണ്. ആ വിധിക്ക് വിധേയമായി ഹൈക്കോടതി വിധി ഇപ്പോൾ വന്നു. അതിന്റെ പൂർണ്ണരൂപം ലഭിച്ചില്ല. പഠിക്കാതെ കേസ് വാദിക്കുന്ന അഭിഭാഷകരും വായിക്കാതെ ക്ലാസ് എടുക്കുന്ന അദ്ധ്യാപകരും ഉണ്ടാകാം. എന്നാൽ പുതിയ ഹൈക്കോടതി വിധി പഠിക്കാതെ അതിനെ സംബന്ധിച്ച് അഭിപ്രായം പറയാൻ ഞാൻ ഒരുങ്ങുന്നില്ല. പതിനൊന്നംഗ ബഞ്ച് വിധി അനുസരിച്ച് വിദ്യാഭ്യാസം വ്യവസായമാണോ? അതോ, വിദ്യാഭ്യാസം മനുഷ്യന്റെ മോചനത്തിനു വേണ്ടി നൽകുന്ന ഒരു ഉന്നത നിലവാരമുള്ള അഭ്യാസമാണോ? ഇത് ഒരു മൗലിക പ്രശ്നമാണ്. വിദ്യാഭ്യാസം കച്ചവടമാണെങ്കിൽ സുപ്രീംകോടതിയും




ഹൈക്കോടതിയും പറഞ്ഞത് ശരി. മറിച്ച് കച്ചവടമല്ലെങ്കിൽ പതിനൊന്നല്ലാ, പതിമൂന്നംഗ ബഞ്ചുണ്ടാക്കി കേസ് വാദിക്കണം. വിദ്യാഭ്യാസം വ്യവസായ അടിസ്ഥാനത്തിലുള്ള മാനേജ്മെന്റിലേക്ക് മാറുമ്പോൾ, നമ്മുടെനാട്ടിലെ വൈസ്ചാൻസിലർമാരെല്ലാം, മാനേജിംഗ് ഡയറക്ടർമാരും രജിസ്ട്രാർമാർ ജനറൽ മാനേജർമാരും വ്യവസായത്തിൽ വിദ്യാർത്ഥികളെല്ലാം തൊഴിലാളികളും മററുമായി മാറിപ്പോകും. പരമപാവനമായ ഒരു കാര്യത്തെ അതിന്റെ മഹത്വം കണക്കാക്കാതെ ഒരു വ്യവസായമായി ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ നടത്തണമെന്ന് പറയുന്നത് തെററായ ഒന്നാണ്. വിധിന്യായത്തിൽ ജസ്റ്റിസ് പറയുന്നത് മാർജിനിൽ സർപ്പ്ളസ് ആകാം, Profiteering-യെന്ന് പറയാൻ അവർക്ക് ഭയം. പറഞ്ഞാൽ ജഡ്ജസ് ആഗോളവൽക്കരണത്തിന്റെ വലയിൽ എന്ന ആക്ഷേപം ഉണ്ടാകും. അത് ഒഴിവാക്കാനാണ് മാർജിനിൽ സർപ്പ്ളസ് എന്ന് പറയുന്നത്. മന്ത്രിസഭയടക്കം എല്ലാം വ്യവസായം. വിദ്യാഭ്യാസം അതിൽപ്പെടാതിരിക്കാൻ ജഡ്ജസ് തലനാരിഴകീറി Profiteering ഉം marginal surplus ഉം തമ്മിൽ വ്യത്യാസം സ്ഥാപിച്ചിരിക്കുന്നു. ഈ അടിസ്ഥാനം തന്നെ നാം വെല്ലുവിളിക്കണം. Education is perfection already in man എന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ളത്. മറിച്ച് വിദ്യാഭ്യാസം ലാഭമുണ്ടാക്കാനുള്ള ഒരു വ്യവസായമാണെന്ന ആശയം നമ്മുടെ ഭരണഘടനാ ശില്പികൾ വിഭാവനം ചെയ്യുന്ന ആശയങ്ങൾക്ക് എതിരാണ്. കോടതി, വിദ്യാഭ്യാസം, വ്യവസായമെന്ന് ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് പറയുന്നതെങ്കിൽ ആ ഭരണഘടന മാററണം. അല്ലെങ്കിൽ 11ന് പകരം 13 അംഗ ബഞ്ച് ഉണ്ടാക്കണം. Last word belongs to judges, but the least Indian matters. ഈ നാട്ടിൽ ധനികർ പ്രമാണിമാരായിരിക്കാം. നാട്ടിലെ ദരിദ്രകോടികൾക്കാണ് വിദ്യാഭ്യാസം വേണ്ടത്. പാവപ്പെട്ടവർക്ക് വിദ്യാഭ്യാസം നൽകാത്ത, ധനികർക്ക് ഒന്നരലക്ഷവും രണ്ടുലക്ഷവും കൊടുത്ത് വിദ്യാഭ്യാസമാകാം എന്ന സമീപനത്തെ നാം എതിർക്കണം. കോടതിവിധി എന്തുമായികൊള്ളട്ടെ. അത് നമുക്ക് ബാധകമാണ് 9 ജഡ്ജിമാർ വിഡ്ഢികളാണെന്ന് പറയാൻ 11 അംഗ ബഞ്ച് വേണം. 11 ജഡ്ജിമാർ വിഡ്ഢികളാണെന്ന് പറയാൻ 13 അംഗ ബെഞ്ചുവേണം. ഒരു larger ബഞ്ച് രൂപീകരിച്ച് നമ്മുടെ ഭാരത സങ്കല്പത്തിന് അനുസരിച്ച് വിദ്യാഭ്യാസത്തെ നിർവചിക്കണം. ഒരു ജഡ്ജ് തന്റെ വിധിന്യായത്തിൽ പറയുന്നത്, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും വിദ്യാഭ്യാസം വ്യാവസായികാടിസ്ഥാനത്തിൽ മാനേജ്ചെയ്യുന്ന ഒരു സംരംഭമാണെന്ന് സമ്മതിച്ചിരിക്കുന്നുവെന്നാണ്. സംസ്ഥാനസർക്കാരുകളുടെ അഭിപ്രായം ഇതാണെങ്കിൽ എന്തിന് ജഡ്ജിമാരെയും കോടതികളെയും അധിക്ഷേപിക്കുന്നു. ഏതെല്ലാം മന്ത്രിസഭകളാണ് ഇത് സമ്മതിച്ചിരിക്കുന്നത്. സ്വകാര്യ കോളജ് അദ്ധ്യാപകരുടെ യോഗങ്ങളുടെ പ്രസക്തി ഇവിടെയാണ്. ഈ കാര്യത്തിൽ പ്രക്ഷോഭം വളർത്തണം. വിദ്യാലയ സംസ്കാരം വ്യവസായമല്ല. ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെ സമീപിച്ചുകൂടാ.



പണ്ട് ഏതെങ്കിലും രീതിയിൽ വിജ്ഞാനം നേടാൻ പഴുതുണ്ടോയെന്ന് നോക്കിയിരുന്നാൽ, ചെവിയിൽ ഈയം ഒഴിക്കുന്ന പ്രാകൃത രീതിയെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. ഇന്ന് വിജ്ഞാനം നേടാനുള്ള എല്ലാ പഴുതുകളും അടയ്ക്കുകയെന്നുള്ളതിന്റെ അർത്ഥം ചെവിയിൽമാത്രമല്ല, മൂക്കിലും വായിലും ഈയം ഉരുക്കി ഒഴിക്കുന്നതിന് തുല്യമാണ്.

സ. വി. എസ്. അച്യുതാനന്ദൻ

# ഭരണകൂടം വിദ്യാഭ്യാസ കച്ചവടക്കാരുടെ താല്പര്യം സംരക്ഷിക്കുന്നു

ഉന്നത വിദ്യാഭ്യാസ കോളോക്യത്തിൽ ചെയ്ത പ്രസംഗം

സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികളുടെ പശ്ചാത്തലത്തിൽ എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിൽ ജഡ്ജിമാർ രാഷ്ട്രീയ സാമൂഹ്യ രംഗത്തെ പ്രമുഖർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഈ സെമിനാർ എന്തുകൊണ്ടും ഉചിതമാണ്. വിദ്യാഭ്യാസമേഖലയെ, ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഈ യുഗത്തിൽ, കച്ചവടവൽക്കരണത്തിന്റെ രീതിയിലേക്ക് വളരെ വേഗത്തിൽ തള്ളിവിടുകയാണ്. എപ്പോഴെല്ലാം യു.ഡി.എഫ് അധികാരത്തിൽ വന്നിട്ടുണ്ടോ, അപ്പോഴെല്ലാം ഈ കച്ചവടത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. അവർക്ക് ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. സുപ്രീംകോടതിയുടെ 11 അംഗ ബഞ്ചും ഹൈക്കോടതിയും വിധിപ്രസ്താവിച്ചിരിക്കുകയാണ്. രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഈ വിധിയുടെ പ്രാധാന്യമെന്താണ്. സാമുദായിക വിദ്യാഭ്യാസ കച്ചവടക്കാർ professional collegeകൾ ഉൾപ്പെടെ നടത്തുന്നത് ആർക്ക് വേണ്ടിയാണ്? ലക്ഷക്കണക്കിന് രൂപകൊടുത്ത് ബിരുദം നേടുന്നവർ അത് യഥേഷ്ടം നടത്തുകയാണ്. സമൂഹത്തിലെ മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് ഈ വിദ്യാഭ്യാസസമ്പ്രദായം ഏതു തലത്തിലാണ് പ്രതിഫലിക്കുന്നത്. മഹാഭൂരിപക്ഷത്തിനും ഇങ്ങനെ ലക്ഷങ്ങൾ കൊടുത്ത് വിജ്ഞാനം നേടാൻ കഴിയുകയില്ല. അവരെല്ലാം ഭാവിയിൽ വിവിധ മേഖലകളിൽ സേവനം നടത്തേണ്ടവർ. അവർക്ക് അത് കഴിയുമോ? ഇല്ലായെങ്കിൽ നമ്മുടെ ഭരണഘടനയുടെ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം സ്ക്കൂളുകളെയും കോളജുകളെയും നിയന്ത്രിക്കാൻ

ഭരണകൂടം നയങ്ങൾ രൂപീകരിക്കണം. നടപടിയെടുക്കണം. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത് മതേതര ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്നാണ്. അപ്പോൾ അത്തരം ഒരു റിപ്പബ്ലിക് രൂപീകരിക്കുന്നതിന് ഇടപെടാൻ ഭരണകൂടത്തിന് അവകാശമുണ്ട്. എന്നാൽ യാതൊരു തത്വദീക്ഷയും ഇല്ലാതെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് professional collegeകൾ അനുവദിക്കുകയാണ്. കർണാടകത്തിൽ വളരെയധികം എഞ്ചിനീയറിംഗ് സീററുകൾ ഒഴിഞ്ഞു കിടക്കുകയാണ്. കേരളത്തിലും കഴിഞ്ഞവർഷം ഒഴിവുകൾ ഉണ്ടായിരുന്നു. വിദ്യാഭ്യാസ കച്ചവടക്കാരുടെ ആഗ്രഹവും താല്പര്യവും അനുസരിച്ച് ഏതുനിലയിലും ഭരണകൂടം കാര്യങ്ങൾ ചെയ്തുകൊടുക്കുകയാണ്. ഒരുപിടി വിദ്യാഭ്യാസ കച്ചവടക്കാരുടെയും ലക്ഷങ്ങൾ മുടക്കി ബിരുദം നേടുന്നവരുടെയും താല്പര്യങ്ങൾ ചോദ്യം ചെയ്യപ്പെടണം. അതോടൊപ്പം ഇന്ത്യൻ ഭരണഘടനയിൽ വാഗ്ദാനം ചെയ്തിട്ടുള്ള ചുമതലകൾ നിറവേററാൻ ഭരണകൂടം, തയ്യാറായാൽ ഇത്തരം സംസ്കാരശൂന്യവും പ്രാകൃതവുമായ, മഹാഭൂരിപക്ഷത്തെയും വിജ്ഞാനത്തിന്റെ മേഖലകളിൽ നിന്ന് മാററിനിർത്തുന്ന സമീപനത്തെ എതിർക്കുവാൻ ഭരണകൂടം ഇടപെടണം. ആ നിലയിൽ ഇന്നത്തെ കേരള കേന്ദ്ര ഭരണകൂടങ്ങൾ ഇടപെടുന്നുണ്ടോ? ഇല്ലായെന്നുള്ളതാണ് സത്യം. സുപ്രീംകോടതി 11 അംഗ ബഞ്ചിലെ വാദങ്ങൾക്ക് സ്വാകാര്യ മാനേജ്മെന്റുകൾ സീനിയർ അഭിഭാഷകരെ അണിനിരത്തി. ഉണ്ണികൃഷ്ണൻ കേസിന്റെ ഗുണഫലം അനുഭവിച്ചുകൊണ്ടിരിക്കുന്ന സാമാന്യജനങ്ങളുടെ താല്പര്യത്തിനു വിരുദ്ധമായി സ്വകാര്യ മാനേജ്മെന്റുകളുടെ താല്പര്യം കടത്തിവെട്ടി മുന്നോട്ടുപോകാൻ പാടില്ല. ഇത്തരം നിലപാടുള്ള സർക്കാരാണ് കേരളം ഭരിക്കുന്നതെങ്കിൽ, കേന്ദ്രം ഭരിക്കുന്നതെങ്കിൽ നല്ല ഒന്നാന്തരം സീനിയർ അഭിഭാഷകരെ വെച്ച് കോടതിയിൽ ശരിയായ തീരുമാനമെടുക്കാൻ നിർബന്ധിതമാക്കിയേനേ. ഇതിനു കൂട്ടാക്കാതെ, ഹൈക്കോടതി വിധിവന്നതിനു ശേഷം ചർച്ചകൾ നടത്തുമെന്നും, ഉടൻ നിയമം കൊണ്ടുവരുമെന്നുമുള്ള നാട്യങ്ങൾ ആരെ പററിക്കാനാണ്. ആരും അങ്ങനെ ഇവരുടെ പററിക്കലിന് വിധേയരാവാൻ പോകുന്നില്ല. വിധിവന്നോട്ടെ, കോടതി അങ്ങനെ പറഞ്ഞു. ഇനി നമ്മൾ എന്തുചെയ്യാനായെന്ന് പറഞ്ഞ് ഇവർ തടിതപ്പുകയാണ്. സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരുടെ താല്പര്യം സംരക്ഷിക്കാനുമാണ് ഇവർ ഇങ്ങനെ ചെയ്തത് എന്നുള്ളതിൽ ആർക്കും സംശയമില്ല. ഹൈക്കോടതിയിൽ ഈ കേസ് വാദിച്ചത് ആരാണ്? ചുരുക്കത്തിൽ ഇത് സംബന്ധിച്ച് ഇവർ എന്ത് നിലപാട് എടുക്കുമെന്ന് കണ്ടറിയുക തന്നെ വേണം. എന്നാൽ ഈ സ്ഥിതിയിൽ കാര്യങ്ങൾ കൊണ്ടെത്തിച്ച ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ഇവർക്കാവില്ല. പണമുള്ളവർക്കുമാത്രമെ വിജ്ഞാനം നേടാനാവൂ എന്ന നിലയിൽ ഇവർ കാര്യങ്ങൾ എത്തിച്ചിരിക്കുന്നു. പണ്ട് ഏതെങ്കിലും രീതിയിൽ വിജ്ഞാനം നേടാൻ പഴുതുണ്ടോയെന്ന് നോക്കിയിരുന്നാൽ, ചെവിയിൽ ഈയം ഒഴിക്കുന്ന പ്രാകൃത രീതിയെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. ഇന്ന് ഇവർ ഇതല്ലാതെ മറെറന്താണ് കാണിക്കുന്നത്. വിജ്ഞാനം നേടാനുള്ള എല്ലാ പഴുതുകളും അടയ്ക്കുകയെന്നുള്ളതിന്റെ അർത്ഥം ചെവിയിൽമാത്രമല്ല, മൂക്കിലും വായിലും ഈയം ഉരുക്കി ഒഴിക്കുന്നതിന് തുല്യമാണ്. കേരളത്തിൽ ഇടതുപക്ഷ സ്വഭാവത്തോട് കൂടിയ സർക്കാരുകൾ മാറിമാറി അധികാരത്തിൽ വന്നില്ലായിരുന്നുവെങ്കിൽ സ്ഥിതി ഇതൊന്നുമല്ലായിരുന്നു. ഫീസ് കൊടുത്തുപഠിച്ച ഒരു തലമുറ ഇവിടെയുണ്ട്. എന്നാൽ ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ നാല്കാശ് കൊടുക്കാതെ പഠിക്കാനുള്ള സൗകര്യമാണ് ഇടതുപക്ഷ സർക്കാരുകൾ കേരളത്തിൽ ചെയ്തത്. തൽസ്ഥാനത്ത് സ്വാശ്രയ സ്ഥാപനങ്ങളുടെ കടന്നുകയററമാണ് aided ൽ സ്വാശ്രയം. ഒന്നുമുതൽ ഫീസു കൊടുക്കാതെ പഠിക്കാൻ കഴിയാത്ത സ്ഥിതി. Unaided Schoolകളുടെ വരവോടെ division fall അദ്ധ്യാപകർ പുറത്ത്. പ്രക്ഷോഭങ്ങൾ വരുമ്പോൾ കുറച്ച് പൂട്ടുക, ബാക്കി പിന്നീട് എന്ന രീതിയാണ് സർക്കാർ അവലംബിച്ചിരിക്കുന്നത്. ഈ സമീപനം കേരളത്തെ എവിടെകൊണ്ട് എത്തിച്ചിരിക്കുന്നു. ഫീസ് കൊടുത്തു മാത്രമേ പഠിക്കാൻ കഴിയുകയുള്ളു. ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ പഠനനിലവാരത്തിൽ തകർച്ച ഉണ്ടായിട്ടുണ്ട്. നിലവാരം ഇല്ലാത്ത അദ്ധ്യാപകർ വരുമ്പോൾ വിജ്ഞാനം കമ്മിയാകുന്നു. ഇങ്ങനെ സമൂഹത്തിന് ഒരുതരത്തിലും സേവനം ചെയ്യാൻ കഴിവില്ലാത്ത പിടിപ്പുകെട്ടവരെ സംഭാവന ചെയ്യുന്ന ഒരു സമ്പ്രദായമാണ് ഇത് എന്നതാണ് മറെറാരു വസ്തുത. നവോത്ഥാന നായകന്മാർ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ ജനനേതാക്കന്മാർ എന്നിവരുടെ പോരാട്ടത്തിന്റെ ഫലമായി ചവിട്ടിതള്ളപ്പെടുന്ന സമൂഹത്തിന് ഒരു ഘട്ടംവരെ സമൂഹസുരക്ഷിതത്വം നൽകണം. അവർക്ക് റിസർവേഷൻ നൽകണം എന്ന തത്വം രാജഭരണത്തിന്റെ കാലത്തു തന്നെ നേടിയെടുക്കാൻ ഇവിടുത്തെ നവോത്ഥാന പ്രസ്ഥാനത്തിന്റെ പോരാട്ടത്തിന്റെ ഫലമായി കേരളത്തിനു ലഭിച്ചു. ശ്രീ. വി.പി.സിങ്ങ് ഇത് ഇന്ത്യയിൽ ആകെ നടപ്പിലാക്കി. അതിനെയും തകിടം മറിക്കാനാണ് നീക്കം. അദ്ധ്യാപകരുടെയും വിദ്യാർത്ഥിക

ളുടെയും മററും പ്രവേശനം വൻ കോഴയുടെ അടിസ്ഥാനത്തിലാണ്. ആരെയും നിയമിക്കാം. സാമൂഹ്യ ബാധ്യത ഇവരാരും നിറവേററുന്നില്ല. അങ്ങനെ സമൂഹം നേടിയ ന്യായമായ അവകാശങ്ങൾ നിഷേധിക്കുകയാണ്, ഹരിജനും ഗിരിജനും ഡോക്ടറും എഞ്ചിനീയറും ആകാം. മാന്യമായ നിലയിൽ സ്ഥാനമാനങ്ങൾ നേടാം. ആ സോഷ്യൽ സെക്യൂരിററി നല്കിയതിൻെറ ഫലം ഇത് ഇല്ലാതായല്ലോ, ഇവയെല്ലാം സ്വപ്നം മാത്രം. ഈ ഭരണാധികാരികളെല്ലാം തന്നെ സംസാരിക്കുന്നത് സാധാരണ ജനങ്ങളെപ്പററിയാണ്. എന്നാൽ ഇവയെല്ലാം നാട്യങ്ങൾ. ആഗോള്വൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഈ പടർച്ച വിദ്യാഭ്യാസരംഗത്ത് അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾക്കെതിരെ ശക്തമായ പോരാട്ടം ആവശ്യമായ ഘട്ടമാണിത്. എ.കെ.പി.സി.ടി.എ അതിന് മുൻകൈ എടുത്തത് ഏററവും അനുയോജ്യം തന്നെ. ഈ രംഗത്തുള്ള മുഴുവൻ ആൾക്കാരും ഇതിന് മുന്നോട്ടുവരണം. അതോടൊപ്പം തന്നെ സമൂഹത്തിലെ മററു ജനവിഭാഗങ്ങളുടെ പിന്തുണ ഇത്തരം പ്രവർത്തനങ്ങൾക്ക് നേടിയെടുക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നം സമൂഹപുരോഗതിയുടെ മർമ്മമാണ്. അതുകൊണ്ട് ശക്തമായ പോരാട്ടം ഉണ്ടാവണം. വിദ്യാഭ്യാസരംഗത്തെ അറുപിന്തിരിപ്പൻ നയങ്ങളെ പോരാട്ടങ്ങളിലൂടെ ആട്ടിപായിച്ച നിങ്ങളുടെ സംഘടന, എല്ലാവരെയും ചേർത്തുകൊണ്ട് പോരാട്ടത്തിന് നേതൃത്വം നൽകണമെന്ന് അനുസ്മരിപ്പിക്കുകയാണ്. വിദ്യാഭ്യാസമന്ത്രി ഒരു പിന്നോക്കക്കാരനാണെന്ന് അവകാശപ്പെടുന്ന ആളാണ്. അദ്ദേഹത്തെകൊണ്ട് അദ്ദേഹത്തിന്റെ അടക്കമുള്ള സമുദായത്തിന്റെ വയററത്ത് കുത്തിക്കാൻ വളരെ സമർത്ഥമായി ഭരണകൂടത്തിന് കഴിയുന്നു എന്നതാണ് സത്യം.





കേരളത്തിന്റെ വിദ്യാഭ്യാസമേഖല ന്യൂനപക്ഷ മാനേജുമെന്റുകളുടെ കൈയിലാണ്. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവടത്തിലേക്ക് വിട്ടുകൊടുക്കുമ്പോൾ ഭൂരിപക്ഷത്തിനിടയിലുള്ള അസഹിഷ്ണത വളർത്തുന്നതിനും വർഗ്ഗീയവൽക്കരണത്തിന് ആവശ്യമായ ഒരു പരിസരം വർഗ്ഗീയത വളർത്തണമെന്ന് ആഗ്രഹിക്കുന്നവർക്ക് പ്രദാനം ചെയ്യുന്ന ഒരു ഭാവി പശ്ചാത്തലം നിലനിൽക്കുന്നുണ്ട്. ഇത് നമ്മുടെ മതനിരപേക്ഷ മൂല്യങ്ങളെയും അട്ടിമറിക്കുന്നുണ്ട്.

**പി. രാജീവ്**

# കോടതി വിധികൾ ആഗോളവൽക്കരണത്തിന്റെയുംവർഗ്ഗീയവൽക്കരണത്തിന്റെയും തത്വങ്ങളുടെ പൊതുസമ്മതി സൃഷ്ടിക്കുന്നു

ഉന്നത വിദ്യാഭ്യാസ കോളോക്യത്തിൽ ചെയ്ത പ്രസംഗം

സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രത്യേകിച്ച് പൊതുവിദ്യാഭ്യാസത്തിന്റെ ഭാവിയെക്കുറിച്ചുള്ള ഉൽകണ്ഠകൾ വളരെ ശക്തമാണ്. പുതിയ വിധികൾ വരാനുള്ള സാധ്യതയും നിലനിൽക്കുന്നു. വിവാഹം കഴിച്ചാൽ ജോലി നഷ്ടപ്പെടുന്ന പഴയ അനുഭവം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പുതിയ തൊഴിലിനുവേണ്ടിയുള്ള ഇന്റർവ്യൂകളിലും ടെസ്റ്റുകളിലും Nike, Adiddas, IBM പോലുള്ള കമ്പനികൾ ഒഴിച്ചുകൂടാൻ പററാത്ത ടെസ്റ്റായി 'പ്രഗ്നൻസി ടെസ്റ്റ്' ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോ വർഷവും ഈ ടെസ്റ്റ് ഉണ്ട്. പ്രഗ്നന്റ് ആണെങ്കിൽ ജോലി ഇല്ലാ എന്നതാണ് വസ്തുത. റോളിൽ നിന്ന് പുറത്താക്കുന്നു. ബഹുരാഷ്ട്രകുത്തക കമ്പനികളുടെ മൂന്നാം ലോകരാജ്യങ്ങളിലെ വിയർപ്പുശാലകളിലെ ഒരു ടെസ്റ്റിനെകുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. വിദ്യാഭ്യാസവും ആ രൂപത്തിലേക്ക് പോകുന്നതിന് അധികകാലം വേണ്ടിവരില്ല. സുപ്രീംകോടതി വിധി നിലവിലുള്ള മുഴു

വൻ വിദ്യാഭ്യാസ സങ്കൽപങ്ങളേയും അട്ടിമറിക്കുന്നതാണ്. സമീപകാലത്തെ കേശവാനന്ദ ഭാരതി കേസിനുശേഷമുള്ള ഏററവും വലിയ ഒരു ബഞ്ചാണ് കേസ് കൈകാര്യം ചെയ്തത്. അതോടുകൂടി വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള എല്ലാ സങ്കൽപങ്ങളും മാററിവെച്ചു. ഉണ്ണികൃഷ്ണൻ കേസ് ഭരണഘടനാവിരുദ്ധമാണ്. ഒന്ന് ഒഴികെയുള്ള, പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗജന്യ സൗകര്യം ഒഴികെ എല്ലാം ഭരണഘടനക്ക് എതിരാണെന്ന് ആധികാരികമായി സുപ്രീംകോടതി പറഞ്ഞുവെക്കുന്നു. ഉന്നതവിദ്യാഭ്യസം private good ആണെന്ന് പറയുന്നു. ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നവർക്ക് ന്യായമായ ലാഭമുണ്ടാക്കാമെന്നും കോടതി പറഞ്ഞുവെക്കുന്നു. കൊള്ള അരുത്. Law of the land ആകുന്ന വിധിപ്രഖ്യാപിക്കുന്ന ഒരു ന്യായപീഠവും പുറപ്പെടുവിക്കാൻ പാടില്ലാത്ത പ്രഖ്യാപനമാണ് ഇന്ത്യയുടെ സുപ്രീംകോടതി നടത്തിയിരിക്കുന്നത്.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മണ്ഡലത്തിൽ എയിഡഡ് സ്ഥാപനങ്ങൾ ഇനി ഉണ്ടാകാൻ പോകുന്നില്ല. അൺ എയിഡഡിന് സുപ്രീംകോടതി വിധി, നിയന്ത്രണങ്ങൾ ഇല്ലാതാക്കി. കേരളത്തിൽ സ്കൂൾ മേഖലയിൽ എയിഡഡിൽ അൺ എയിഡഡ് സ്കൂളുകൾക്ക് സർക്കാർ അനുമതി നൽകി. ഇത് ഇനിയും കോളജ് മേഖലയിൽ വ്യാപകമാകും. കേരളത്തിൽ ഇന്ന് നിലവിലുള്ള എയിഡഡ് മേഖല അൺ എയിഡഡിന് വഴിമാറികൊടുക്കും. ഫലത്തിൽ എസ്.സി/എസ്.ടിക്കും ന്യൂനപക്ഷങ്ങൾക്കുമുള്ള സംവരണം വിദ്യാഭ്യാസമേഖലയിൽ ഇല്ലാതാകും. ഇത് ഭരണഘടനയുടെ അടിസ്ഥാനതത്വമായ equity-യെ ബാധിക്കുന്ന ഒരു വിഷയമാണ്. രണ്ടാമതായി ഇത് സെക്കുലറിസത്തെ എങ്ങനെ ബാധിക്കും? ഇപ്പോൾ എൻട്രൻസ് എല്ലാവർക്കും വേണമെങ്കിൽ നടത്താം. തിരുവനന്തപുരത്ത് ഒരു സ്ഥാപനം നടത്തിയ എൻട്രൻസിൽ മതപഠനത്തിന്റെ ഒരു പേപ്പർ ഉണ്ടായിരുന്നു. ഇങ്ങനെ വരുമ്പോൾ കേരളത്തിന്റെ മതനിരപേക്ഷ, സാമൂഹ്യപരിസരത്തെ അട്ടിമറിക്കുകയും വർഗ്ഗീയവൽക്കരണത്തിന് ആവശ്യമായ ഒരു പരിസരം സൃഷ്ടിക്കുകയും ചെയ്യുന്നു. ഗുജറാത്തിലെ വംശീയഹത്യയിൽ വിദ്യാഭ്യാസത്തിന്റെ വർഗ്ഗീയവൽക്കരണത്തിന്റെ പങ്ക് ജെ.എൻ.യുവിലെയും എം.ഐ.ററിയിലെയും പ്രൊഫസർമാരുടെ പഠനം വെളിപ്പെടുത്തുന്നു കേരളത്തിന്റെ വിദ്യാഭ്യാസമേഖല ന്യൂനപക്ഷ മാനേജുമെന്റുകളുടെ കൈയിലാണ്. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവടത്തിലേക്ക് വിട്ടുകൊടുക്കുമ്പോൾ ഭൂരിപക്ഷത്തിനിടയിലുള്ള അസഹിഷ്ണത വളർത്തുന്നതിനും വർഗ്ഗീയവൽക്കരണത്തിന് ആവശ്യമായ ഒരു പരിസരം വർഗ്ഗീയത വളർത്തണമെന്ന് ആഗ്രഹിക്കുന്നവർക്ക് പ്രദാനം ചെയ്യുന്ന ഒരു ഭാവി പശ്ചാത്തലം നിലനിൽക്കുന്നുണ്ട്. ഇത് നമ്മുടെ മതനിരപേക്ഷ മൂല്യങ്ങളെയും അട്ടിമറിക്കുന്നുണ്ട്. അടുത്തത് സാമൂഹ്യപ്രത്യാഘാതത്തിന്റെ പ്രശ്നമാണ്. 2.6 ശതമാനം ഉന്നതവരുമാനക്കാരുടെ ഇടയിൽ നിന്ന് വരുന്ന ഡോക്ടർമാർ കേരളത്തിന്റെ സാമൂഹ്യമണ്ഡലത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം എന്താണ്. ഇപ്പോൾതന്നെ, അവരുടെ സാമൂഹ്യ പ്രതിബന്ധത നമ്മൾക്ക് അറിയാം. 93 ശതമാനത്തിലധികംവരുന്ന സാധാരണക്കാരായ രോഗികളോട് ഇവർ എങ്ങനെ പെരുമാറും. മുടക്കിയ പണം തിരിച്ചുപിടിക്കുന്നതിനുള്ള ഇരയായിട്ടാണ് ഇവർ രോഗികളെ കാണാൻ പോകുന്നത്. പനിയായി ആശുപത്രിയിലെത്തുന്ന രോഗി ടൈഫോയിഡായി മടങ്ങിവരുന്നു. രോഗമില്ലാത്ത അവസ്ഥയല്ല ഇവർ സൃഷ്ടിക്കുന്നത്. കഠിനമായ രോഗങ്ങളുള്ള ഒരു അവസ്ഥ ഇവർ ഉണ്ടാക്കിയെടുക്കും. അതിനൊപ്പം തന്നെ ഇവരെയെല്ലാം കൈയിലെടുക്കുവാൻ മരുന്നു കമ്പനികൾ മുന്നോട്ടുവരും. മരുന്നു കമ്പിനികളും ഡെയഗനോസ്റ്റിക്ക് സെന്ററുകളുമാണ് ഡോക്ടർമാർക്ക് ഏററവും അധികം പണം കൊടുക്കുന്നത്. കേരളത്തിന്റെ ആരോഗ്യരംഗത്തെ മികവ് അട്ടിമറിക്കുന്നതിനുള്ള അടിത്തറകൂടി ഇതോടുകൂടി സൃഷ്ടിക്കപ്പെടുന്നു. 1907-ലെ കേരളത്തിലെ ആദ്യത്തെ കാർഷികമേഖലയിലെ കലാപം ഉണ്ടായത് കൂലി കൂടതലിനായിരുന്നില്ല. തങ്ങളുടെ കുട്ടികൾക്കുകൂടി സ്കൂളിൽ പോകാൻ അവസരം ഉണ്ടാകണമെന്ന ആവശ്യത്തിനു വേണ്ടിയായിരുന്നു. ശ്രീനാരായണഗുരുവിന്റെ വിദ്യകൊണ്ട് പ്രബുദ്ധരാകുക, വിദ്യകൊണ്ട് സ്വതന്ത്രരാകുക എന്ന മുദ്രാവാക്യം കേരളത്തിലുണ്ടായിരുന്നു. പൗലോ ഫ്രെയറുടെ വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനുള്ള സാംസ്ക്കാരിക പ്രവർത്തനമെന്ന ദർശനം രൂപംകൊള്ളുന്നതിന് മുമ്പ്തന്നെ വിദ്യാഭ്യാസത്തെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രവർത്തനമായി ദർശിച്ച സാമൂഹ്യപരിഷ്ക്കർത്താക്കളുടെ നാടാണ് കേരളം. ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഒരു നിലപാട് സ്വീകരിച്ചേ മതിയാവൂ. ഒന്ന് ഒരു നിയമ നിർമ്മാണം നടത്തണം. ഗവൺമെന്റ് പരിസരം സൃഷ്ടിച്ച് ചോദിച്ച എല്ലാവർക്കും എൻ. ഒ. സി. കൊടുത്തു. ഗവൺമെന്റ് ഉത്തവാദിത്തത്തോടുകൂടി സ്റേററിനെ പ്രതിനിധീകരിക്കുന്ന എക്സിക്യൂട്ടീവ് ആണ്. ആ ഗവൺമെന്റ് ഓരോന്നിനേയും വിലയിരുത്തണം. അത് ചെയ്യാതെ നിങ്ങൾ വഞ്ചിച്ചുവെന്ന് ഒരു പൈങ്കിളി നോവലിൽ നായകൻ പറയുന്ന ലാഘവത്തോടുകൂടി മുഖ്യമന്ത്രി ഇവിടെ വിലപിക്കുകയാണ്. അങ്ങനെ സുപ്രീം കോടതിവിധിയും ഹൈക്കോടതി വിധിയും ആഗോളവൽക്കരണത്തിന്റെയും കച്ചവടവൽക്കരണത്തിന്റെയും വർഗ്ഗീയവൽക്കരണത്തിന്റെയും തത്വങ്ങൾ കൊണ്ടുവരുന്നതിനുള്ള പൊതുസമ്മതി സൃഷ്ടിക്കുന്ന ഘടകങ്ങളായി മാറി.

## Release of Model Curriculum

# അക്കാദമിക് നവീകരണം കാലഘട്ടത്തിന്റെ അനിവാര്യത:

എ.കെ.പി.സി.ടി.എ ഉന്നത വിദ്യാഭ്യാസ കോളോക്യത്തിൽ വൈസ്ചാൻസിലർമാർ നടത്തിയ നിരീക്ഷണങ്ങൾ




കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ ഡിഗ്രി കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിൽ പുനഃസംഘടിപ്പിക്കുന്നതിനും സിലബസുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുമായി എ.കെ.പി.സി.ടി.എ. അക്കാദമിക് കമ്മററി കേരള, കോഴിക്കോട്, കണ്ണൂർ. മഹാത്മാഗാന്ധി സർവ്വകലാശലാകളുടെ കീഴിലുള്ള അഫിലിയേററഡ് കോളജുകളിലെ 17 മുഖ്യധാര കോഴ്സുകളെ സംബന്ധിച്ച ശിൽപശാലകൾ സംസ്ഥാനത്തെ നാല് പ്രമുഖ കേന്ദ്രങ്ങളിൽ സെപ്ററംബർ (14-15, 21-22) 2002-ൽ നടത്തുക ഉണ്ടായി. ഇങ്ങനെ സംഘടിപ്പിച്ച ശിൽപശാലകളിൽ രൂപപ്പെടുത്തിയതും വിദഗ്ധ പരിശോധനയ്ക്ക് വിധേയമായതുമായ ഡിഗ്രിതലത്തിലെ 17 വിഷയങ്ങളുടെ സെമസ്റ്റർ മാതൃകയിലുള്ള സിലബസ് വിദ്യാഭ്യാസ മന്ത്രി ശ്രീ. നാലകത്ത് സൂപ്പി കോളോക്യത്തിന്റെ വേദിയിൽ പ്രകാശനം ചെയ്തു (25, ജനുവരി 2003). സിലബസുകളുടെ ആദ്യസെററ് കേരള യൂണിവേഴ്സിററി വൈസ് ചാൻസിലർ ഡോ.ബി.ഇക്ബാൽ ഏററുവാങ്ങുകയുണ്ടായി.

### ഡിഗ്രി കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിൽ പുനഃസംഘടനയും സിലബസ് പരിഷ്ക്കാരവും

2003-2004 അദ്ധ്യയന വർഷം മുതൽ ഡിഗ്രി കോഴ്സുകൾ സെമസ്റ്റർ രീതിയിൽ കൊണ്ടുവരാൻ നയപരമായ തീരുമാനം വിവിധ സർവ്വകലാശാലകൾ എടുത്തു കഴിഞ്ഞിരുന്നു. എന്നാൽ സെമസ്റ്റർ സമ്പ്രദായ

ത്തിന് അനുസരണമായി കോഴ്സുകളുടെ അക്കാദമിക് ഉള്ളടക്കവും ഘടനയും രൂപകൽപന ചെയ്യുന്നതിൽ സർവ്വകലാശാലകൾ കാര്യമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടില്ല. കോഴ്സുകളുടെ പുനഃസംഘടനവും സിലബസ് പരിഷ്കരണവും അനിവാര്യമാകുന്ന സാഹചര്യങ്ങൾ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്നു. പന്ത്രണ്ട് വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷം യു.ജി.സി. വിവിധ വിഷയങ്ങളുടെ മോഡൽ കരിക്കുലം പുറത്തിറക്കിയത് 2002 ജനുവരിയിലാണ്. 2002 ജൂലായ്ക്ക് മുമ്പായി മോഡൽ കരിക്കുലത്തിന്റെ അടിസ്ഥാനത്തിലും പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്തും, ഇന്ത്യയിലെ സർവ്വകലാശാലകൾ അവയുടെ കോഴ്സുകൾ നവീകരിക്കണമെന്ന് യു.ജി.സി. എല്ലാ സർവ്വകലാശാലകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. വിദേശ സർവ്വകലാശാലകളുടെ കടന്നുകയററം ഉയർത്തുന്ന പുതിയ അക്കാദമിക വെല്ലുവിളികൾ നേരിടാൻ നമ്മുടെ സർവ്വകലാശാലകൾ അവയുടെ കോഴ്സുകളുടെ ഉള്ളടക്കം വിവിധ വിഷയങ്ങളിലുണ്ടായിട്ടുള്ള മുന്നേററങ്ങൾക്കനുസൃതമായി പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇന്റർഡിസിപ്ലനറി കോഴ്സുകളും വിവിധ ഓപ്ഷനുകളും അടങ്ങിയ പ്രായോഗിക മാതൃകകൾ ഇതിന് ആവശ്യമാണ്. ക്രെഡിററ്-സെമസ്റ്റർ സമ്പ്രദായവും പാഠ്യഭാഗങ്ങൾ മോഡ്യൂളുകളായി രൂപകൽപന ചെയ്യേണ്ടതും ഇതിന്റെ ഭാഗമാണ്. യു.ജി.സി.പ്രസിദ്ധീകരിച്ചിട്ടുള്ള മോഡൽ കരിക്കുലം സിലബസ് പരിഷ്ക്കാരത്തിന്റെ അടിസ്ഥാന രേഖയായി അംഗീകരിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ രൂപീകരിച്ച കോർകമ്മററികൾ ഡ്രാഫ്ററ് സിലബസുകൾ രൂപപ്പെടുത്തി ചർച്ചക്കായി ശിൽപശാലകളിൽ അവതരിപ്പിക്കുകയുണ്ടായി. സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ (ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിററിക്കൽ സയൻസ്, സൈക്കോളജി) ശിൽപശാല ആലുവ യു.സി.കോളജിൽവെച്ചും കോമേഴ്സിന്റേത്, പി. എസ്. എം. ഒ.കോളജ് തിരൂരങ്ങാടിയിൽവെച്ചും (സെപ്ററംബർ 14-15, 2002) നടക്കുകയുണ്ടായി. ലാഗ്വേജസിന്റെ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം) ശിൽപശാല തൃശൂർ കേരളവർമ്മ കോളജിലും സയൻസ് വിഷയങ്ങളുടെ (മാത്സ്, ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബോട്ടണി, സുവോളജി) സംസ്ഥാന കമ്മററി ഓഫീസ്, തിരുവനന്തപുരത്ത് (സെപ്ററംബർ 21-22, 2002) നടക്കുകയുണ്ടായി. ജിയൊളജിയുടെ സിലബസ് പരിഷ്ക്കാരം ചെമ്പഴന്തി എസ്. എൻ. കോളജിലെ അധ്യാപകരുടെ നേതൃത്വത്തിലാണ് നടന്നത്. ഇങ്ങനെ ശിൽപശാലകളിൽ രൂപപ്പെട്ട സിലബസുകൾ ഒക്ടോബർ-നവംബർ മാസങ്ങളിൽ വിദഗ്ധ പരിശോധനയ്ക്കായി സമർപ്പിച്ചിരുന്നു. കോളോക്യത്തിന്റെ വേദിയിൽ പുറത്തിറക്കിയ സിലബസുകൾ സംസ്ഥാന സർക്കാരിനും കേരളത്തിലെ നാല് സർവ്വകലാശാലകൾക്കും സമർപ്പിച്ചിരിക്കുകയാണ്.

**ആർക്കുവേണ്ടിയാണ് ഈ സ്ഥാപനം തുടങ്ങുന്നത്? നിങ്ങളുടെ target group ആരാണ്? കേരളത്തിനോ അതോ ഇന്ത്യയ്ക്കോ അതോ വിദേശ രാജ്യങ്ങളിലെ ജോലി സാദ്ധ്യതയാണോ നിങ്ങളുടെ ലക്ഷ്യം!**

**ഡോ. ബി. ഇക്ബാൽ**

എ. കെ.പി.സി.ടി.എ. സംഘടിപ്പിച്ചിരിക്കുന്ന ഈ ഉന്നതവിദ്യാഭ്യാസ കോളോക്യം മാതൃകാപരമാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായാണ് ഉന്നതവിദ്യാഭ്യാസ രംഗത്തെ എല്ലാ stakeholders ഉം ഒന്നിച്ച് ഒരു വേദിയിൽ അണിനിരക്കുന്നത്. വ്യത്യസ്ത ആശയങ്ങളുള്ള വിഭാഗങ്ങളിൽപ്പെട്ടവരെ വിളിച്ചു വരുത്തി സംഘടിപ്പിച്ചിട്ടുള്ള ഈ കോളോക്യത്തിൽ അത്യധികം സന്തോഷത്തോടും ഏറെ അഭിമാനത്തോടുമാണ് പങ്കെടുക്കുന്നത്. എകെപിസിടിഎ ഉയർത്തുന്ന മുദ്രാവാക്യങ്ങളായ Equity, Excellence, Consultation, Consensus എന്നിവ വളരെ പ്രസക്തമാണ്. ഉന്നത വിദ്യാഭ്യാസ പ്രശ്നങ്ങൾ വൈസ് ചാൻസിലർമാരുമായി ചർച്ച ചെയ്യുമ്പോൾ, അവ പ്രധാനമായും രണ്ടായി തരം തിരിക്കാം. ഒന്ന്, സ്വാശ്രയ കോളജുകളെ സംബന്ധിക്കുന്നവയെന്നും; രണ്ട്, മോഡൽ കരിക്കുലം സംബന്ധിച്ചുള്ളവയെന്നും. എകെപിസിടിഎ ഒത്തിരി സമരങ്ങളുടെ രംഗത്താണ്. സമരങ്ങളുടെ നടുവിൽ നിന്നുകൊണ്ട് എകെസിപിടിഎ വളരെ ക്ളേശകരമായ ഒരു ജോലിയാണ് സിലബസ് പരിഷ്ക്കാരം സംബന്ധിച്ച് നടത്തിയിട്ടുള്ളത്. ഇനിയും സിലബസ് പരിഷ്കരണവും സെമസ്റ്റർ സമ്പ്രദായവും സംബന്ധിച്ച കാര്യങ്ങളിൽ സർവ്വകലാശാലകൾക്ക് ഒഴിഞ്ഞുമാറാൻ പ്രയാസമാണ്. ഇത്തരം പരിഷ്ക്കാരങ്ങൾ എം.ജി.യൂണിവേഴ്സിററിയിൽ എകെപിസിടിഎയുടെ നേതൃത്വത്തിൽ നടത്തിയിട്ടുമുണ്ട്. അൺഎയിഡഡ് കോളജുകളെ സംബന്ധിച്ചുള്ള എതിർപ്പുകൾ രണ്ടു നി

ലയിലാണ്. ഒന്ന് അതിന്റെ തത്വികമായ തലത്തിലും, രണ്ട് ഇത്തരം കോളജുകൾ ഉയർത്തുന്ന പ്രായോഗിക പ്രശ്നങ്ങളും, പരീക്ഷകളുടെ നടത്തിപ്പും ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ നിയമങ്ങളനുസരിച്ച് unaided college-ലെ അദ്ധ്യാപകരെ വെച്ച് പരീക്ഷ നടത്താൻ പററില്ല. ഇപ്പോൾ 40%ത്തോളം അൺഎയിഡഡ് കോളജുകളുള്ള കേരള യൂണിവേഴ്സിററിയിൽ പ്രശ്നം രൂക്ഷമാണ്. എയിഡഡ് കോളജുകളിലെ അദ്ധ്യാപകരെ വെച്ചുവേണം, അൺ എയിഡഡ് കോളജുകളിലെ പരീക്ഷാപേപ്പറുകൾ വാല്യൂ ചെയ്യാൻ. കേരള യൂണിവേഴ്സിററിയിൽ അടുത്തയിട അൺ എയിഡഡ് കോളജിലെ ഒരു പ്രത്യേക വിഷയത്തിലെ പേപ്പർ വാല്യൂഷേന് മുപ്പത് ദിവസം വേണ്ടി വന്നു. ഈ സമയം എയിഡഡ് കോളജിൽ ക്ലാസ് നടന്നില്ല. അതേ സമയം അൺ എയിഡഡ് കോളജിലെ ക്ലാസുകൾ യാതൊരു തടസ്സവും കൂടാതെ നടക്കുകയുണ്ടായി. ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ നിയമനവും യോഗ്യതയും സംബന്ധിച്ച് സർവ്വകലാശാലകൾക്ക് യാതൊരു അധികാരവുമില്ല. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അഫിലിയേഷൻ സംബന്ധിച്ച മാനദണ്ഡങ്ങളും തെററാണ്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നാം നേരത്തെതന്നെ സമർപ്പിക്കേണ്ടിയിരുന്നു. കോളജുകൾ കോഴ്സുകൾക്ക് അപേക്ഷിക്കും. സിലബസും കോഴ്സും സംബന്ധിച്ച് യാതൊന്നുംതന്നെ നിലവിലുണ്ടാവില്ല. വേണ്ട അദ്ധ്യാപകരുണ്ടോയെന്ന് പരിശോധിക്കുന്നില്ല. യഥാർത്ഥത്തിൽ യൂണിവേഴ്സിററികളുടെ ശുപാർശകൾ കണ്ടീഷണൽ ആയിരിക്കണം. കാലാകാലങ്ങളിൽ വിവിധ രംഗത്തുണ്ടാകുന്ന മാററങ്ങൾ കണക്കിലെടുത്ത് ഒരു Shelf of Courses യൂണിവേഴ്സിററി പ്രഖ്യാപിക്കുകയാണ് വേണ്ടത്. ഇത്തരം കോഴ്സുകളുടെ സിലബസും മററും സംബന്ധിച്ച കാര്യങ്ങൾ ബോർഡ് ഓഫ് സ്റ്റഡീസുകൾ തയ്യാറാക്കി വെക്കുകയാണ് വേണ്ടത്. ലബോറട്ടറി സൗകര്യം അദ്ധ്യാപകരുടെ തസ്തിക എന്നിവ നിഷ്കർഷിക്കണം. ഈ വക കാര്യങ്ങൾ അംഗീകരിക്കാൻ കോളജുകൾ തയ്യാറുണ്ടോയെന്ന് ചോദിക്കുകയാണ് വേണ്ടത്. നിലവിലുള്ള അഫിലിയേഷൻ നടപടിക്രമങ്ങൾ മുഴുവൻ പുനഃപരിശോധിക്കയാണ് വേണ്ടത്. സ്ഥാപനങ്ങൾക്ക് യഥാർത്ഥത്തിൽ കൊടുക്കുന്നത് NOC അല്ല; മറിച്ച് essentiality certificate ആണ്. ഈ സ്ഥാപനം ഈ പ്രദേശത്തിന് ആവശ്യമാണോയെന്നാണ് സർക്കാർ പരിശോധിക്കേണ്ടത്. ഇതിനുവേണ്ടി സർക്കാർ ഒരു Human Resource Development Planning നടത്തണം. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. ആർക്കുവേണ്ടിയാണ് ഈ സ്ഥാപനം തുടങ്ങുന്നത്? നിങ്ങളുടെ target group ആരാണ്? കേരളത്തിനോ അതോ ഇന്ത്യയ്ക്കോ അതോ വിദേശ രാജ്യങ്ങളിലെ ജോലി സാദ്ധ്യതയാണോ നിങ്ങളുടെ ലക്ഷ്യം! അങ്ങനെയുള്ള ഒരു സംസ്കാരം ഇവിടെ ഉണ്ടാകണം. അഫിലിയേഷൻ സംബന്ധിച്ച് ഒരു മിനിമം ക്രൈററീരിയ യൂണിവേഴ്സിററി ഉണ്ടാക്കണം. മെഡിക്കൽ കൗൺസിൽ പോലുള്ള ദേശീയ സ്ഥാപനങ്ങളുടെ അപ്രൂവൽ നേടുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ യൂണിവേഴ്സിററികൾ തടഞ്ഞുവെച്ചാൽ, അത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഈ അർത്ഥത്തിൽ യൂണിവേഴ്സിററികൾ കാഴ്ചക്കാരായി മാറുന്ന സ്ഥിതിയാണ് ഇന്ന് നിലനിൽക്കുന്നത്.

**വിദ്യാഭ്യാസ സ്ഥാപനങ്ങളെ വ്യാപാര സ്ഥാപനങ്ങളായി കണ്ടിരുന്നില്ല എന്നാൽ അടുത്ത കാലത്തായി വ്യാപാര ചിന്ത കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കടന്നു കൂടിയിരിക്കുന്നു. ഇത്തരം ഒരു ഏലിയൻ ചിന്ത നമ്മുടെ വിദ്യാഭ്യാസരംഗത്ത് എത്തിയിരിക്കുന്നു. ഇത് ഒരു ആത്മസംഘർഷത്തിന്റെ അവസ്ഥ ഉണ്ടാകുന്നു.**

ഡോ. എൻ. ഉണ്ണികൃഷ്ണൻ നായർ

രണ്ട് പ്രധാന പ്രശ്നങ്ങളാണ് ഇന്ന് ഇവിടെ ചർച്ച ചെയ്യുന്നത്. ഒന്ന് മോഡൽ കരിക്കുലം രണ്ട്, ഇപ്പോഴും ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ. വിദ്യാഭ്യാസ രംഗം ഉൾപ്പെടെയുള്ള വിവിധ രംഗങ്ങളിലെ മാററങ്ങൾക്ക് അടിസ്ഥാന കാരണം ആഗോളവൽക്കരണവും അതിന്റെ ഫലമായി ഉണ്ടായിട്ടുള്ള ഉടമ്പടികളും മററുമാണ്. അതിൽ ഉന്നതവിദ്യാഭ്യാസത്തെ ഒരു ട്രെയിഡ് പോലെ കാണുകയും അതിനെ കോമേഴ്സ്യലായി കാണാനുള്ള ശ്രമവും നടക്കുന്നു. ഇതിന്റെ ഫലമായിട്ടു തന്നെയാണ് നാം ഇന്നു കാണുന്ന സ്വാശ്രയ കോളജുകളും കോഴ്സുകളും മററും വ്യാപിക്കുന്നത്. സർവ്വകലാശാലകൾക്കുള്ള സാമ്പത്തിക സഹായത്തിൽ നിന്ന് ഗവൺമെന്റുകൾ പിൻമാറുന്നു.

ഓരോ രാജ്യത്തും നിലനിൽക്കുന്ന സംസ്കാരത്തെ ആശ്രയിച്ചാണ് ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതം ഉണ്ടാകുന്നത്. കാലാകാലങ്ങളായി നാം വിശ്വസിച്ചു പോരുന്ന തത്വസംഹിതകളുമായി ഈ ആശയങ്ങൾ എങ്ങനെ പൊരുത്തപ്പെട്ടുപോകുന്നു എന്നതിനെ ആശ്രയിച്ചാണ് ഇത്തരം ആശയങ്ങളുടെ സ്വീകാര്യത നിലനിൽക്കുന്നത്. വിദേശ രാജ്യങ്ങളിൽ രൂപപ്പെടുന്ന ആശയങ്ങൾ അത്രപെട്ടെന്ന് അതേപടി ഒരു സമൂഹവും സ്വീകരിക്കുന്നില്ല. നമ്മുടെ concept, knowledge has never been sold. അറിവിന്റെ ഒരു വിലപേശൽ ഇന്ത്യക്ക് അന്യമാണ്. പ്രാചീന കാലം മുതൽക്കേ അദ്ധ്യാപകൻ ഒരു വരുമാനത്തെ ലക്ഷ്യമാക്കിയല്ല തന്റെ കർത്തവ്യം നിർവഹിച്ചിരുന്നത്. അദ്ധ്യാപകരെ trade businessന്റെ പങ്കാളിയായി വിദ്യാർത്ഥികൾ അദ്ധ്യാപകരെ കാണുന്നില്ല. നമ്മുടെ അക്കാദമിക സമൂഹം ഇത്തരം ചിന്തകളിൽ അകപ്പെട്ടിരുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളെ വ്യാപാരസ്ഥാപനങ്ങളായി കണ്ടിരുന്നില്ല. എന്നാൽ അടുത്ത കാലത്തായി വ്യാപാര ചിന്ത കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കടന്നു കൂടിയിരിക്കുന്നു. ഇത്തരം ഒരു ഏലിയൻ ചിന്ത നമ്മുടെ വിദ്യാഭ്യാസരംഗത്ത് എത്തിയിരിക്കുന്നു. ഇത് ഒരു ആത്മസംഘർഷത്തിന്റെ അവസ്ഥ ഉണ്ടാകുന്നു. ഒരു അദ്ധ്യാപകന്, തന്റെ ആശയഗതികൾക്ക് എതിരായ കാര്യങ്ങൾ അഭിമുഖികരിക്കേണ്ടി വരുകയും അവ നിയമം മൂലം പ്രവർത്തിക്കേണ്ടിവരുകയും ചെയ്യുമ്പോൾ ഈ ആത്മസംഘർഷത്തിന് വ്യാപ്തി വർദ്ധിക്കുന്നു. ഇത് സമൂഹത്തിലുണ്ടാകുന്ന പ്രതികരണമാണ്. രണ്ടാമത്തെ പ്രശ്നം. ഇവിടെ ആവശ്യമായ നിയമങ്ങളും മററും ഉണ്ടാകുന്നതിനു മുമ്പുതന്നെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ തുടങ്ങിയിരിക്കുന്നു. Cost-sharing, aided-unaided എന്നിവ സംബന്ധിച്ച ആശയകുഴപ്പങ്ങൾ നിലനിൽക്കുന്നു. ഇത് രണ്ടുതരം confusionനുകൾ സൃഷ്ടിച്ചിരിക്കുന്നു. ഒന്ന്, confusion in the state of Mind, ഉം confusion in the Action. പുതിയതരം കോഴ്സുകളുടെ നടത്തിപ്പിൽ യൂണിവേഴ്സിററികൾക്ക് പറയത്തക്ക പങ്കില്ല. ഇത് സംബന്ധിച്ച നോംസും ക്രൈററീരിയ സംബന്ധിച്ച വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും പൊതു സമൂഹത്തിലും നിലനിൽക്കുന്ന ആശയകുഴപ്പങ്ങൾ വളരെ വലുതാണ്. ഇത്തരം മാററങ്ങൾ ഉൾക്കൊള്ളാൻ പ്രാപ്തമായ ഒരു അടിസ്ഥാന ഘടന തന്നെ രൂപപ്പെടുത്താനാണ് നാം ഈ പരിഷ്ക്കാരങ്ങളുമായി മുന്നോട്ട് പോകുന്നത്, ഇതു സംബന്ധിച്ച് ഇപ്പോൾ വന്നിട്ടുള്ള കോടതിവിധി സമൂഹത്തിന്റെ പൊതുതാൽപര്യംകൂടി കണക്കിലെടുത്തുള്ള ഒരു മാററത്തിന് വിധേയമായേക്കാം. പുതിയ പ്രൊഫഷണൽ കോളജുകൾ ആരംഭിക്കുമ്പോൾ അന്യസംസ്ഥാനങ്ങളിലേക്ക്, നമ്മുടെ പണം പോകുന്നുവെന്ന സാമ്പത്തിക വശം മാത്രം പരിഗണിച്ചാവരുത്. മററു വശങ്ങൾ നമ്മൾ പരിഗണിക്കണം. ഇത്തരം സ്ഥാപനങ്ങളുടെ നിലനിൽപ്പ് ഒരു അഞ്ച്-പത്ത് വർഷത്തെ ഏതു രീതിയിൽ നമ്മുടെ ആവശ്യങ്ങളെ, നമ്മുടെ സമൂഹത്തെ കൊണ്ട് എത്തിക്കുമെന്ന് നാം പരിശോധിച്ചിട്ടില്ല. Technical Education എന്ന concept നാം ഉണ്ടാക്കിയിട്ടില്ല. ഇതിന്റെ ഘടനയും ആശയങ്ങളും നാം വികസിപ്പിച്ചിട്ടില്ല. ഇതിന്റെ ഫലമായിട്ടാണ് അറുപതോളം കോളജുകളിൽ ഇപ്പോൾ ഐ.ടിക്ക് ആവശ്യത്തിനുള്ള കുട്ടികളെ ലഭിക്കാതെ വന്നത്. നമുക്ക് ഒരു Education planning ഇല്ല. കുറച്ച് കാലത്ത് സംവാദങ്ങൾക്ക്ശേഷം ഇത്തരം ആശയങ്ങൾ ശരിയായ രീതിയിൽ നമ്മുടെ സമൂഹത്തിൽ സ്ഥിരതനേടുകയുള്ളൂ.

കരിക്കുലം സംബന്ധിച്ച ചില നിരീക്ഷണങ്ങൾ ഇവിടെ വന്നതിനുശേഷത്തെ പരിശോധനയുടെ അടിസ്ഥാനത്തിൽ മുമ്പോട്ടുവെക്കുകയാണ്. ഒന്ന്, സിലബസുകൾ വ്യത്യസ്തമായ യൂണിററുകളായി (5 മുതൽ 10 വരെ) ചിട്ടപ്പെടുത്തിയിരിക്കുന്നു. യൂണിററുകൾ തമ്മിൽ ഒരു യൂണിഫോമിററി ഉണ്ടാകണം. രണ്ടാമതായി, ഒരു single text book-ന്റെ അടിസ്ഥാനത്തിൽ നാം കോഴ്സുകൾ ചിട്ടപ്പെടുത്തണം. അഞ്ചോ ആറോ ബുക്കുകൾ കൊടുക്കുന്നതിനു പകരം ഈ രീതി അവലംബിക്കാം. ഇവ വേണമെങ്കിൽ റീഡിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്താം. മൂന്നാമത്, നമ്മുടെ വിവിധ വിഷയങ്ങളുടെ ഭാവി ദിശയെക്കുറിച്ചുള്ള (future of the subject) സൂചനകൾ നൽകണം. അതിനും ഉപരിയായി ഇതിൽ സൂചിപ്പിച്ചിട്ടുള്ള 90 മണിക്കൂർ ഒരു സെമസ്റ്ററിൽ എത്തിചേരുമോയെന്ന സംശയം ബാക്കി നിൽക്കുന്നു. Continuous evaluation സെമസ്റ്റർ സമ്പ്രദായത്തിൽ ആവശ്യമായി വരുമ്പോൾ സമയപരിമിതി കൂടുതൽ രൂക്ഷമാകും. സിലബസുകൾ ഒററവാക്കിൽ പറയുന്നതിന് പകരം കുറച്ചുകൂടി വിശദമായി അവതരിപ്പിക്കുന്നത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സഹായകരമായിരിക്കും. എകെപിസിടിഎ ചെയ്തിരിക്കുന്ന ഈ സിലബസ് പരിഷ്ക്കാരം ഒരു വലിയ കാര്യം തന്നെയാണ്. എകെപിസിടിഎയുടെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള ഈ അക്കാദമിക് ഉണർവിനെ ഒരു അക്കാദമിക് റവല്യൂഷനായി കാണുന്നു. നമ്മുടെ മേഖലയുടെ നിലനിൽപ്തന്നെ അക്കാദമികമായ നവീകരണത്തെ വലിയ ഒരളവുവരെ ആശ്രയിച്ചിരിക്കുന്നു.

*തയ്യാറാക്കിയത്: രാജൻവർഗ്ഗീസ്*
*കൺവീനർ അക്കാദമിക് കമ്മിററി)*

തങ്ങളുടെ മേൽക്കോയ്മ
നിലനിർത്തണമെങ്കിൽ
അറിവിന്റെ മേലുള്ള കുത്തക
തങ്ങളിൽത്തന്നെ ഇരിക്കണമെന്ന്
മേലാളർ ശഠിച്ചിരുന്നു.
വിജ്ഞാനത്തിന്റെ
സമൂഹവൽക്കരണമായിരുന്നു
നവോത്ഥാനത്തിന്റെ ആദ്യപടി.
സാമൂഹ്യ നിയന്ത്രണമില്ലാത്ത
വിദ്യാഭ്യാസം എന്നതിനർത്ഥം
ഭ്രാന്തമായ വർഗ്ഗീയവൽക്കരണമെന്നാണ്

കെ. ജി. പൗലോസ്

# പൊതുധാരാ പഠനത്തിനൊരു ചരമക്കുറിപ്പ്

വികസനത്തോടു ബന്ധപ്പെടുത്തി വിദ്യാഭ്യാസത്തെപ്പററി ചിന്തിക്കുമ്പോൾ ആദ്യം ചോദിക്കേണ്ടത് ഏതു വിദ്യാഭ്യാസം എന്നാണ്. കാരണം, ഇവിടെ പലതരം വിദ്യാഭ്യാസങ്ങളുണ്ട്. കേരളത്തിൽ 52 ലക്ഷം കുട്ടികൾ വിദ്യാലയങ്ങളിൽ പഠിക്കുന്നു. ഇവരിൽ 49.5 ലക്ഷം പേർ പഠിക്കുന്നത് പൊതുവിദ്യാലയങ്ങളിലാണ്. രണ്ടരലക്ഷം പേർ സ്വാശ്രയമെന്ന് ഇപ്പോൾ വിളിക്കുന്ന അൺ എയിഡഡ് സ്കൂളുകളിലും. കേരളത്തിലെ വിദ്യാഭ്യാസത്തെ വിലയിരുത്തുമ്പോൾ ഈ 49.5 ലക്ഷമാണോ വലുത്, അതോ രണ്ടര ലക്ഷമാണോ? എസ്.എസ്.എൽ.സി ഫലപ്രഖ്യാപനവേളയിലെ ആർഭാടങ്ങൾ ശ്രദ്ധിച്ചാൽ നമ്മുടെ മാധ്യമങ്ങളും മന്ത്രിമാരും ആഘോഷിക്കുന്നത് രണ്ടരലക്ഷത്തെയാണെന്ന് മനസ്സിലാകും. എൻട്രൻസ് ലിസ്റ്റിൽ കയറിപ്പററിയ അരലക്ഷം പേരിലേക്ക് ഈ രണ്ടരലക്ഷം വീണ്ടും നേർത്തുവരും. ഇതിനെയാണ് നാം പിരമിഡിക്കൽ ഗ്രോത്ത് എന്നു വിളിക്കുന്നത്. 52 ലക്ഷമെന്ന വിസ്തൃതമായ അടിത്തറയിൽനിന്ന് നേർത്തുനേർത്ത് രണ്ടരലക്ഷമായും പിന്നെ അരലക്ഷമായും അഗ്രം കൂർത്തുള്ള വളർച്ച. മറെറാരു വളർച്ചയുണ്ട് - ക്വാഡ്രാംഗുലർ ഗ്രോത്ത് (quandrangular growth). നാലുകെട്ടുകളുടെ ഉയർച്ചപോലെയാണിത്. അടിത്തറ അതുപോലെ തന്നെ ചതുരാകൃതിയിൽ മുകളിലേക്ക് ഉയരുക. അവിടെയും മുഴുവൻ പേരും മുകളിലെത്തിയെന്നിരിക്കില്ല. കുറേ കൊഴിച്ചിലുണ്ടാകും. എങ്കിലും

അഗ്രവും അടിത്തറയും തമ്മിലുള്ള അനുപാതം പിരമിഡുപോലെ കൂർത്തതാകില്ല. ഇവിടെ പ്രസക്തമായ ചോദ്യമിതാണ് - ഒരു സമൂഹം ലക്ഷ്യംവയ്ക്കുന്നത് ഏതുതരം വിദ്യാഭ്യാസത്തെയാണ്? പിരമിഡ് സ്ട്രക്ചറോ സ്ക്വയർ സ്ട്രക്ചറോ? വികസനവുമായി ബന്ധപ്പെട്ട് അപ്പോഴുണ്ടാകുന്ന ചോദ്യം വികസനം ആരുടേതാണ്? അടിത്തട്ടിലുള്ള എല്ലാവർക്കും ബാധകമായതോ, അതോ അഗ്രത്തിലേക്ക് പരിമിതപ്പെടുത്തിയതോ?

വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു ചാനൽ ചർച്ചയിൽ പതിവുപോലെ സ്വാശ്രയ സ്ഥാപനങ്ങളുടെ മികവുകൾ പങ്കെടുക്കുന്നവർ പുകഴ്ത്തിക്കൊണ്ടിരിക്കേ ശ്രോതാക്കളിൽ നിന്ന് ഒരു ചോദ്യംവന്നു - കഴിഞ്ഞ ഐ.എ.എസ് പരീക്ഷയിൽ അഖിലേന്ത്യാതലത്തിൽ മൂന്നാംറാങ്ക് നേടിയത് മലയാളത്തിൽ പഠിച്ച ഒരു വിദ്യാർത്ഥിയാണല്ലോ? പെട്ടെന്നു വന്നു മറുപടി ""That is an exception". അതെ 49.5 ലക്ഷം വരുന്ന പൊതുധാര അമുഖ്യം. രണ്ടരലക്ഷം പേരുടെ ന്യൂനപക്ഷം മുഖ്യം. ഇതാണ് തലകുത്തിയ നില്പ്: വർത്തമാനകാല വരേണ്യതയുടെ കൊടിയടയാളം.

## അറിവിന്റെ സമൂഹവൽക്കരണം

പുതിയ വികസന സംസ്കാരത്തിൽ നവോത്ഥാനത്തെപ്പററി പറയുന്നവർ പിന്തിരിപ്പന്മാരാണ്. എങ്കിലും ഓർമ്മ പുതുക്കാതെ വയ്യ.

ഒരു നൂററാണ്ടു നീണ്ടുനിന്ന നമ്മുടെ നവോത്ഥാനത്തിന് മൂന്നു മുഖങ്ങളുണ്ടായിരുന്നു - വൈജ്ഞാനികം, സാമൂഹ്യം, സാമ്പത്തികം.

അറിവിനെ ദിവ്യമായ വരദാനമായി കരുതി സമൂഹത്തിൽനിന്നും അതിനെ ഒളിച്ചുവയ്ക്കുകയാണ് എല്ലാ സംസ്കൃതികളും ചെയ്തിരുന്നത്. ഇന്ത്യയിൽ വർണ്ണവ്യവസ്ഥയുടെയും ശുദ്ധാശുദ്ധങ്ങളുടെയും പേരിൽ ഈ ഒളിക്കൽ കുറേ കൂടുതലായിരുന്നു. തങ്ങളുടെ മേൽക്കോയ്മ നിലനിർത്തണമെങ്കിൽ അറിവിന്റെ മേലുള്ള കുത്തക തങ്ങളിൽ ത്തന്നെ ഇരിക്കണമെന്ന് മേലാളർ ശഠിച്ചിരുന്നു. ഗുട്ടൻബർഗ് അച്ചടി കണ്ടുപിടിച്ചപ്പോൾ യൂറോപ്പ് ആകെ ഇളകി. ലോകം നശിക്കാൻ പോകുകയാണെന്ന് മതാധിപന്മാർ മുന്നറിയിപ്പ് നൽകുകപോലും ചെയ്തു. വിജ്ഞാനത്തിന്റെ സമൂഹവൽക്കരണമായിരുന്നു നവോത്ഥാനത്തിന്റെ ആദ്യപടി. വിജ്ഞാനം ചോർന്നുപോകാതിരിക്കാനുള്ള തന്ത്രമായിരുന്നു ഗുരുകുലം. തനിക്കിഷ്ടപ്പെട്ടവരെ മാത്രം തിരഞ്ഞുപിടിച്ചാണ് ഗുരു വിദ്യ നൽകിയിരുന്നത്. കുലത്തിൽനിന്ന് സ്ക്കൂളിലേക്ക് മാററി നട്ടപ്പോഴാണ് വിദ്യാവിതരണത്തിനൊരു സമൂഹമാനം ഉണ്ടായത്. ഏകലവ്യന്മാർക്ക് പഠിക്കാൻ അർഹത കിട്ടിയതെങ്ങനെയാണ്. പെരുവിരൽ നിലനിർത്താൻ പിന്നെയും കാലം വേണ്ടിവന്നു. അത് വേറെ കഥ. ഇന്നത്തെ പൊതുവിദ്യാഭ്യാസവും സമ്പൂർണ്ണ സാക്ഷരതയുമൊക്കെ നാം നേടിയതിന് അമ്പതുവർഷത്തെ ചരിത്രമേ ഉള്ളൂ എന്നർത്ഥം.

നവോത്ഥാനത്തിന്റെ സാമൂഹ്യതലം ഉരുത്തിരിഞ്ഞത് ഒരു പൊതുസമൂഹം രൂപപ്പെട്ടതിലൂടെയാണ്. ജാതിമതാന്ധതയുടെ അറകളിൽ വേർതിരിഞ്ഞിരിക്കുന്നവർക്ക് പുറത്തിറങ്ങി ഒന്നിച്ചിരിക്കാനുള്ള ഒരു പൊതുമണ്ഡലം അത് സൃഷ്ടിച്ചു. നമ്പൂതിരിയെ മനുഷ്യനാക്കാനുള്ള ആഹ്വാനത്തിന്റെ പൊരുളിതാണ്. ഈ പൗരസമൂഹത്തിന്റെ സൃഷ്ടിയാണ് നവോത്ഥാനത്തിന്റെ ഏററവും വലിയ സംഭാവന.

സ്വന്തം കാലിൽ നിൽക്കാൻ വ്യക്തികൾക്ക് കെല്പ് നൽകി എന്നതാണ് നവോത്ഥാനത്തിന്റെ സാമ്പത്തികതലം. ഇന്ദുലേഖയ്ക്ക് സൂരിനമ്പൂതിരിയെ തള്ളാൻ പററി; പക്ഷേ കല്യാണിക്കുട്ടിക്ക് കഴിഞ്ഞില്ല. അതിന് കാരണം കല്യാണിക്കുട്ടിക്ക് ആഗ്രഹങ്ങളില്ലാതിരുന്നതുകൊണ്ടല്ല. നിൽക്കാൻ സ്ഥിരമായൊരു ഇടം' ഇല്ലാതിരുന്നതുകൊണ്ടാണ്. അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് എന്ന നാടകത്തിൽ തേതിക്കുട്ടിയെ വയസ്സൻ നമ്പൂതിരിക്ക് വേളികഴിച്ചുകൊടുക്കാൻ തീരുമാനിച്ചതിനെപ്പററി ഒരു ചോദ്യമുണ്ട് - തേതിക്കുട്ടിയോട് ചോദിച്ചോ?' മറുപടി ഇതാണ് - പലഹാരത്തോട് ചോദിച്ചിട്ടാണോ അതു തിന്നുക?' സമൂഹത്തിലെ 95 ശതമാനം വരുന്നവർ പലഹാരങ്ങളും അഞ്ചുശതമാനം വരുന്ന ഭാഗ്യവാന്മാർ അത് തിന്നുന്നവരുമായിരുന്നു. പലഹാരങ്ങൾക്ക് നാവ് വയ്ക്കുകയും തങ്ങളോട് ചോദിച്ചിട്ടേ തിന്നാൻപററൂ എന്ന് ശഠിക്കുകയും ചെയ്തപ്പോഴാണ് ഇവിടെ വിപ്ലവം ഉണ്ടായത്. ലക്ഷ്മിക്കുട്ടിയും തേതിക്കുട്ടിയും മാത്രമല്ല തൊഴിലാളിയും കുടികിടപ്പുകാരനും അദ്ധ്യാപകനും വിദ്യാർത്ഥിയും എൻ.ജി.ഒയും പത്രപ്രവർത്തകനും ഒക്കെ ഇതുപറയാൻ തുടങ്ങി. ഓരോരുത്തരും താന്താങ്ങൾക്ക് ചവിട്ടിനിൽക്കാനുള്ള 'ഇടം' ഉണ്ടാക്കി - തന്റെ ഇടം - ഇതാണ് തന്റേടം. നവോത്ഥാനത്തിന്റെ മുഴുവൻ നേട്ടങ്ങളും ഒററവാക്കിലൊ

തുക്കാം - തന്റേടം. പലഹാരങ്ങൾക്ക് തന്റേടമുണ്ടായതാണ് തിന്നുന്നവരെ ചൊടിപ്പിച്ചത്. Education is empowerment എന്ന് അവർ തിരിച്ചറിയുന്നത് അപ്പോഴാണ്. ഇതുവരെ അതൊരു സേവനമായേ അവർ കരുതിയിരുന്നുള്ളു. സമൂഹത്തിൽ ദുർബലർ നേടിയ ഈ 'ഇട'ത്തെ കവർന്നെടുക്കുക എന്നതാണ് പുതുമേലാളന്മാരുടെ ലക്ഷ്യം. പഴയ മേലാളർക്കോ നഷ്ടപ്പെട്ടതിനെ തിരിച്ചെടുക്കുക എന്നും വിദ്യയെത്തന്നെ അതിനവർ ഉപയോഗിക്കുന്നു.

## അരാഷ്ട്രീയത

തന്റേടത്തിന്റെ അപകടം അവർക്കു മനസ്സിലായത് ഇപ്പോഴല്ല. വിമോചനസമരം ആ തിരിച്ചറിവിന്റെ തുടക്കമായിരുന്നു. അത് നടത്തിയത് ഇവിടത്തെ ജാതിസംഘടനകൾ ആയിരുന്നു. അതിനവർക്ക് ബൗദ്ധികവും സാമ്പത്തികവുമായ നേതൃത്വം ലഭിച്ചത് അമേരിക്കയിൽ നിന്നാണെന്നും ഇന്ന് എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. അതിന്റെ വിജയലഹരിയിൽ മതിമറന്നിരുന്നപ്പോഴാണ് എഴുപതുകളുടെ ആരംഭത്തിൽ ഡയറക്ട് പേയ്മെന്റിന് വേണ്ടിയുള്ള സമരം ഉണ്ടായത്. ഭസ്മാസുരനാണ് വരം കൊടുത്തതെന്ന് അപ്പോഴാണ് അവർ മനസ്സിലാക്കിയത്. മുഖ്യമന്ത്രിയെ മാററിനിർത്തി ഡൽഹിയിൽനിന്ന് നേരിട്ട് ഉത്തരവ് വാങ്ങി ആ സമരത്തെ തങ്ങൾക്ക് അനുകൂലമാക്കാൻ അവർക്ക് കഴിഞ്ഞു. എങ്കിലും കരുതിയിരിക്കേണ്ടതിന്റെ ആവശ്യകത ഇതവരെ ബോധ്യപ്പെടുത്തി. അപ്പോഴാണ് കാമ്പസുകളെ രാഷ്ട്രീയമുക്തമാക്കുക എന്ന വാദവുമായി അവർ മുന്നോട്ടു വന്നത്.

രസകരമായ ഒരു വൈരുദ്ധ്യം ഇതിലുണ്ടായിരുന്നു. കാമ്പസുകളിൽ രാഷ്ട്രീയം കൊണ്ടുവന്നത് അവരാണ്. എന്റെ അനുഭവം പറയാം. 1959ൽ ഒരു കുഗ്രാമത്തിലെ ഹൈസ്ക്കൂളിലാണ് ഞാൻ പഠിച്ചിരുന്നത്. രാഷ്ട്രീയമെന്നോ വിദ്യാർത്ഥിസമരമെന്നോ കേട്ടിട്ടു തന്നെയില്ല. ഒരു ഞായറാഴ്ച സൺഡെ സ്കൂൾ ഹെഡ്മാസ്റ്റർ പറഞ്ഞു: "സ്ക്കൂൾ തുറക്കുന്ന ദിവസം ഞങ്ങൾ പുറത്തുവന്നു മുദ്രാവാക്യം വിളിക്കും. അപ്പോൾ നിങ്ങൾ ഇറങ്ങിവരണം". വീടുകളിലും ഈ കാമ്പെയിൻ നടത്തിയിരുന്നു. പറഞ്ഞതുപോലെ അവർ വന്നു. പുറത്തുനിന്ന് മുദ്രാവാക്യം വിളിച്ചു; ഞങ്ങൾ ഇറങ്ങിയില്ല, പേടിയായിരുന്നു. അവർക്ക് വലിയ നാണക്കേടായി. എന്റെ കൂട്ടുകാർക്കു പലർക്കും അനുസരണക്കേടിന് വീടുകളിൽ നിന്നും അന്ന് പൊതിരെ അടികിട്ടി. മൂന്നാംദിവസം രണ്ടാമത്തെ പീരിയഡ് ഞങ്ങൾ ക്ലാസ്സിലിരിക്കുമ്പോൾ രണ്ടുമൂന്നു ലോറിനിറയെ ആളുകൾ സ്കൂളിനുമുന്നിൽ വന്നിറങ്ങി. ടൗണിലെ വിദ്യാർത്ഥികൾ ആണെന്നാണ് പറഞ്ഞത്. യഥാർത്ഥത്തിൽ ചട്ടമ്പികളായിരുന്നുവത്രെ. വാതിലുകളും ജനലുകളും തല്ലിത്തകർത്ത് അവർ ക്ലാസുകളിലേക്ക് ഇരച്ചുകയറി. അദ്ധ്യാപികമാരും പെൺകുട്ടികളും കൂട്ടനിലവിളിയായി. സ്ക്കൂൾ പൂട്ടിച്ചു. ഇത് ജൂലൈ ആദ്യവാരം ആയിരുന്നു. 31ന് പ്രസിഡന്റ് ഭരണം നിലവിൽ വന്നശേഷമാണ് പള്ളിപ്രമാണിമാർ പിന്നെ ഞങ്ങളോട് മിണ്ടിത്തുടങ്ങിയത്. കേരളത്തിലെ മിക്ക സ്കൂളുകളിലും സംഭവിച്ചത് ഇതുതന്നെയായിരുന്നു. കാമ്പസുകളിൽ അക്രമരാഷ്ട്രീയം ആരംഭിച്ചത് വിദ്യാർത്ഥികളായിരുന്നില്ല; വിദ്യാർത്ഥികൾക്കു വേണ്ടിയുമായിരുന്നില്ല എന്നർത്ഥം. എന്നിട്ട് ഇവരാണ് എഴുപതുകളിൽ അരാഷ്ട്രീയവുമായി മുന്നോട്ടു വന്നത്. നേരിട്ടുവരാൻ മടിയുണ്ടായിരുന്നുതുകൊണ്ട് പലയിടത്തും അവർ മററുപലരെയുമാണ് മുമ്പിൽ നിർത്തിയത്.

സമാനമായ ചില പ്രവണതകൾ അയൽസംസ്ഥാനങ്ങളിലും നടന്നിരുന്നു. അതുപക്ഷേ, നടത്തിയത് സ്വാതന്ത്ര്യത്തോടെ അധികാരം നഷ്ടപ്പെട്ട ശക്തികളായിരുന്നു. നഷ്ടപ്പെട്ടത് തിരിച്ചുപിടിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. രാഷ്ട്രീയത്തിന് അവർ പകരംവച്ചത് സിനിമയെയാണ്. ബ്രാഹ്മണാധീശത്വത്തിന് എതിരായി ഇ.വി.രാമസ്വാമി നായ്ക്കർ സമരം നയിച്ച് രൂപപ്പെട്ട ദ്രാവിഡ രാഷ്ട്രീയം ബ്രാഹ്മണർ എങ്ങനെ തിരിച്ചുപിടിച്ചു എന്ന് ഇന്നത്തെ തമിഴ്നാട് രാഷ്ട്രീയം ശ്രദ്ധിച്ചാൽ അറിയാം. അണ്ണാദുരൈയിൽനിന്ന് ജയലളിതയിലേക്കുള്ള യാത്ര അഭ്രപാളികളിലൂടെയായിരുന്നു നടന്നത്. പക്ഷേ പിന്നോട്ടായിരുന്നു എന്നുമാത്രം. ഒരുകാര്യം ഇവിടെ ശ്രദ്ധിക്കണം. തമിഴ്നാട്ടിലും മററു പലയിടത്തും ഫ്യൂഡൽ ശക്തികൾ കൈവിട്ടുപോയ അധികാരം തിരിച്ചുപിടിക്കുകയായിരുന്നു. കേരളത്തിൽ പക്ഷേ, കാർഷിക പരിഷ്ക്കരണത്തിന്റെയും മററും ഫലമായി ആ ശക്തികൾ ക്ഷയിച്ചിരുന്നു. ആ ശൂന്യതയിൽ പുതിയ ശക്തികൾ കയറിപ്പററി. ഈ വെട്ടിപ്പിടുത്തത്തിനുള്ള ചവിട്ടുപടികളായിരുന്നു വയനാടൻ കാടുകളും മതികെട്ടാനും ചന്ദനമരങ്ങളും പോലെ വിദ്യാഭ്യാസവും!! കേരള സമൂഹത്തിൽ പക്ഷേ, സിനിമ വേരുപിടിക്കുകയില്ല. അതുകൊണ്ടാണ് ഈ കാലയളവിൽ ആളും

അർത്ഥവും നൽകി സമൂഹത്തെ മതാത്മകമാക്കാൻ ശ്രമങ്ങൾ നടന്നത്. പൊതുരംഗത്തു നിന്ന് രാഷ്ട്രീയം പിൻവാങ്ങുമ്പോഴുണ്ടാകുന്ന ശൂന്യത സിനിമയ്ക്കു പകരം ദൈവങ്ങൾ നികത്തുമെന്നാണ് കരുതിയത്. എന്നാൽ കേരളത്തിലെ ശക്തമായ പൊതുസമൂഹം ചെറുത്തുകൊണ്ട് ചില ചെപ്പടിവിദ്യകൾ കാട്ടാനല്ലാതെ സമൂഹത്തെ ഇളക്കിയെടുക്കാൻ മതശക്തികൾക്ക് കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ അവർക്ക് വീണുകിട്ടിയ അവസരമാണ് അഖിലേന്ത്യാ തലത്തിലുണ്ടായ മാററങ്ങൾ.

## മതവും വിദ്യാഭ്യാസവും

വിദ്യാഭ്യാസത്തിന്റെ ചാലകശക്തി പൂർണ്ണമായും ഉൾക്കൊണ്ട ഒരു ഗവൺമെന്റാണ് ബി.ജെ.പിയുടേത്. അതുകൊണ്ട്, അവർ മുഖ്യശ്രദ്ധ വിദ്യാഭ്യാസത്തിൽ ഊന്നി. വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഒട്ടും അറിയാത്തവരാണ് ഇന്ത്യയിലെ പ്രതിപക്ഷം. വിദ്യാഭ്യാസത്തിന്റെ അനന്തസാധ്യതകൾ അറിയുന്ന സർക്കാരും അത് തീരെ അറിയാത്ത ഒരു പ്രതിപക്ഷവുമാണ് ഇന്ത്യയിലുള്ളതെന്നാണ് വിദ്യാഭ്യാസരംഗത്തെ ഇന്നത്തെ ഏററവും വലിയ പ്രതിസന്ധി.

ബി.ജെ.പി അധികാരത്തിൽ വന്നതോടെ മതവും പൊതുസമൂഹവും തമ്മിലുണ്ടായ ബന്ധത്തിന് മാററം വന്നു. മതാതീതമായ പൗരസമൂഹത്തെ മതാത്മകമാക്കുന്നതിന് അവർ ഉപയോഗിച്ചത് വിദ്യാഭ്യാസത്തെയായിരുന്നു. 1986-ലെ ദേശീയ വിദ്യാഭ്യാസനയം ഊന്നിപ്പറഞ്ഞത് സെക്കുലർ സംസ്കാരത്തിന് ഇണങ്ങുന്ന മൂല്യങ്ങൾ വിദ്യാഭ്യാസത്തിലൂടെ നൽകും എന്നാണ്. എന്നാൽ 2000-ൽ അവതരിപ്പിച്ച National curriculam framework for school education എന്ന നയരേഖയിൽ ഇത് പാടേ മറിക്കുകയും മതവിദ്യാഭ്യാസമാണ് ലക്ഷ്യമെന്ന് വ്യക്തമാക്കുകയും ചെയ്തു.

കടുത്ത മതവിശ്വാസിയായിരുന്ന മഹാത്മാഗാന്ധിപോലും മതവും വിദ്യാഭ്യാസവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതിന് എതിരായിരുന്നു-

'We have left out the teaching of religion from the Wardha scheme of education because, we are afraid that religions as they are taught and practiced today lead to conflict rather than unity'.

1994ൽ സുപ്രീംകോടതിതന്നെ ഇക്കാര്യത്തിൽ മതവും വിദ്യാഭ്യാസവും വേർതിരിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിരുന്നു.

""Religion cannot be mixed with any secular activity of the state. In fact, the encroachment of religion into secular activities is strictly prohibited...the state...(cannot).....(allow citizens)... to introduce religion into nonreligious and secular activities of the state''.

S.R.Bommai (1994)

ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസത്തെ മതാത്മകമാക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെ പൗരസമൂഹം രംഗത്തുവന്നത്. ബി.ജി.വർഗീസ്, അരുണാറോയി, മീനാകൃഷ്ണ എന്നിവർ എൻ.സി.ഇ.ആർ.ടി.യുടെ പരിഷ്കാരങ്ങൾക്കെതിരെ സുപ്രീംകോടതിയെ സമീപിച്ചു. സുപ്രീംകോടതിയുടെ മൂന്നംഗബഞ്ച് കേന്ദ്രഗവൺമെന്റിന് അനുകൂലമായ വിധി പ്രസ്താവിച്ചു. സമീപകാലത്ത് വിദ്യാഭ്യാസരംഗം നേരിട്ട ഏററവും വലിയ തിരിച്ചടി ഇതായിരുന്നു. എന്തുകൊണ്ട് അഞ്ചുകൊല്ലം മുമ്പ് വിധിച്ചതിനെതിരായ ഒരു വിധി സുപ്രീംകോടതി പുറപ്പെടുവിച്ചു. സെക്കുലർ എന്ന ഭരണഘടനാ നിർദ്ദേശത്തിന് എതിരാണ് ഈ നടപടി എന്നറിഞ്ഞിട്ടും ഇക്കൂട്ടത്തിൽ ഓർക്കേണ്ട മറെറാന്ന് ഉണ്ണിക്കൃഷ്ണൻ കേസിലെ വിധിയെ മറികടന്ന് വിദ്യാഭ്യാസ കാര്യങ്ങളിൽ മാനേജ്മെന്റിന് പൂർണ്ണസ്വാതന്ത്ര്യം നൽകുന്ന കോടതിവിധിയാണ്.

ഇതിന്റെ തുടർച്ചയാണ് മതമേലദ്ധ്യക്ഷന്മാരുടെ അംഗീകാരം നേടിയതിനുശേഷം മാത്രമേ മതകാര്യങ്ങൾ പാഠപുസ്തകങ്ങളിൽ ചേർക്കാവൂ എന്ന കേന്ദ്രസർക്കാർ ഉത്തരവ്. ഇതിനു പശ്ചാത്തലമൊരുക്കിയത് ഡൽഹിയിലെ ഒരു കോൺഗ്രസ് എം.എൽ.എയാണ്. ഒരു പാഠപുസ്തകത്തിൽ സിക്കുമതത്തിനെതിരായ ചില പരാമർശങ്ങളുണ്ടെന്ന് അദ്ദേഹം ആരോപണം ഉന്നയിച്ചു. ഈ അവസരം ഉപയോഗിച്ചാണ് അതത് മഠാധിപന്മാർ അംഗീകരിച്ച കാര്യങ്ങളെ പാഠപുസ്തകത്തിൽ പെടുത്താവൂ എന്ന് കേന്ദ്രസർക്കാർ ഉത്തരവിറക്കിയത്. ചരിത്രകാരന്മാരോ അക്കാദമിക് സമൂഹമോ അല്ല, മതമേലദ്ധ്യക്ഷന്മാരാണ് സിലബസ് ഉണ്ടാക്കുക എന്നർത്ഥം.

വിദ്യാർത്ഥി രാഷ്ട്രീയത്തെപ്പററി ഈയിടെയുണ്ടായ ഒരു വിധിയും ഓർക്കേണ്ടതുണ്ട്. കോടതിയുടെ മുൻപിലുണ്ടായിരുന്നത് ലളിതമായ ഒരു അപേക്ഷയാണ്. ഒരു കോളജിലെ വിദ്യാർത്ഥിക്ക് ഹാജർ കുറവുമൂലം പരീക്ഷ എഴുതുന്നതിന് പ്രിൻസിപ്പാൾ അനുമതി നിഷേധിച്ചു. പരീക്ഷ എഴുതാൻ അനുവാദം ചോദിച്ചുകൊണ്ടാണ് വിദ്യാർത്ഥി കോടതിയെ

സമീപിച്ചത്. കലാലയങ്ങളിൽ രാഷ്ട്രീയം വേണോ എന്ന വിഷയമായിരുന്നില്ല പരിഗണനയ്ക്കു വന്നത് എന്നർത്ഥം. പിന്നെ കലാലയ രാഷ്ട്രീയ നിരോധനത്തിലേക്കു നയിക്കുന്ന വിധി വന്നതെങ്ങനെ? ഓർക്കേണ്ട മററൊരു കാര്യം - അധികാരം നൽകിയത് മാനേജ്മെന്റിനാണ്; യൂണിവേഴ്സിററിയോ സർക്കാരോ പോലുള്ള പൊതുവേദികൾക്കല്ല. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ സമൂഹത്തിന്റെ മനോഘടനയിലുണ്ടായ മാററങ്ങളുടെ പ്രതിഫലനമാണ് ഈ സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നത്.

കേരളത്തെ സംബന്ധിച്ച് പ്രസക്തമായ രണ്ടു കാര്യങ്ങൾ ഇതാണ്. മാറിയ സാമ്പത്തികബന്ധങ്ങളും വർദ്ധിച്ച ജീവിതദൈർഘ്യവും സമൂഹത്തിൽ വൃദ്ധമനസ്സുകൾക്ക് മുൻകൈ നേടിക്കൊടുത്തു. ചിന്തയ്ക്ക് താരുണ്യം നഷ്ടപ്പെട്ടതോടെ പൊതുജീവിതത്തിന്റെ തുടിപ്പുകൾ ഒന്നൊന്നായി ഇല്ലാതായി. ചെറുപ്പക്കാർ മുതിർന്നവരുടെ കളിപ്പാവകൾ മാത്രമായി. പഠിപ്പിലും ജോലിയിലും പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുമൊക്കെ മുന്തിയ പങ്ക് മുതിർന്നവർക്കാണ്. വൃദ്ധമനസ്സുകളുടെ മനോഘടന കൂട്ടുകുടുംബത്തിലെ തറവാട്ടു കാരണവരുടേതാണ്. സമൂഹമനസ്സിനെ സങ്കോചിപ്പിക്കുന്ന ഏററവും പ്രധാന ഘടകമിതാണ്. കാര്യങ്ങൾ പണ്ടും ഇങ്ങനെയൊക്കെയായിരുന്നു. പക്ഷേ, കുതിച്ചുചാടാനുള്ള ഒരു കുതിരശക്തി യുവത്വത്തിനുണ്ടായിരുന്നു. ഇന്നത് കൂച്ചുവിലങ്ങിലാണ്. ഇതിന് കളമൊരുക്കിയത് മതചിന്തകളാണ്. ചോദ്യംചെയ്യലിനെയോ സ്വതന്ത്രചിന്തയെയോ ഒരിക്കലും ഒരു മതവും അംഗീകരിക്കുന്നില്ല. മതശക്തികൾ സമൂഹത്തിൽ പിടിമുറുക്കുന്നു എന്നു വന്നാൽ അത്രയ്ക്ക് സ്വതന്ത്രചിന്ത നഷ്ടപ്പെടുന്നു എന്നാണർത്ഥം.

ഇക്കാര്യത്തിൽ അല്പം വ്യത്യാസമുള്ളത് ഹൈന്ദവ ചിന്തയ്ക്ക് മാത്രമാണ്. ഗീത മുഴുവൻ ഉപദേശിച്ച് ഭഗവാൻ ഉപസംഹരിക്കുന്നത് 'വിമൃശൈ്യതത് അശേഷണ യഥേച്ഛസി തഥാകുരു' എന്നാണ്. എല്ലാം ആലോചിച്ചിട്ട് യുക്തമായത് ചെയ്യൂ. സംഘടിതമതങ്ങൾക്ക് ആയിരം കൊല്ലം കാത്തിരുന്നാലും ഈ ഒരു വാക്യം പറയാൻ കഴിയില്ല. ഈ വസ്തുത മനസ്സിലാക്കാതെയാണ് മതേതരവാദികൾ പലതും എതിർപ്പു മുഴുവൻ ഹിന്ദുമതത്തിലേക്ക് തിരിക്കുന്നത്. അതിലെ തീവ്രവാദം എതിർക്കപ്പെടേണ്ടതാണ്. അഖിലേന്ത്യാതലത്തിൽ അതാണ് മുഖ്യവും. എന്നാൽ കേരളത്തിന്റെ സാഹചര്യത്തിൽ കൂടുതൽ എതിർക്കപ്പെടേണ്ടത് ക്രിസ്ത്യൻ ഇസ്ലാം വർഗ്ഗീയതയാണ്. വിദ്യാഭ്യാസതലത്തിൽ നിന്നുകൊണ്ടു പറഞ്ഞാൽ ഇന്നും സർക്കാർ സ്ഥാപനങ്ങൾ കഴിഞ്ഞാൽ തുറന്ന ഒരു അന്തരീക്ഷം അവശേഷിക്കുന്നത് എൻ.എസ്.എസ്, എസ്.എൻ.ഡി.പി ദേവസ്വം ബോർഡുകൾ എന്നിവ നടത്തുന്ന കോളജുകളിലാണ്. ക്രിസ്ത്യൻ-മുസ്ലീം മാനേജ്മെന്റുകളുടെ കീഴിൽ ആ സ്വാതന്ത്ര്യംപോലുമില്ല. പ്രൊഫ. എം.പി.പോളിന്റെ ഗതി ഇന്നുള്ളവർക്കുണ്ടാകാത്തത് മാനേജ്മെന്റിന്റെ മഹാമനസ്കതകൊണ്ടാണ് എന്ന് തെററിദ്ധരിക്കരുത്. വിദ്യാഭ്യാസം മതാത്മകമാകുന്നു എന്നു പറഞ്ഞാൽ സ്വതന്ത്രചിന്ത സമൂഹത്തിന് നഷ്ടമാകുന്നു എന്നാണർത്ഥം.

സമൂഹത്തിന്റെ മനോഘടനയ്ക്ക് മാററം വരുത്തിയ രണ്ടാമത്തെ കാരണം ജാതിമതശക്തികളുടെ പിൻബലത്തിൽ പുതുപ്പണക്കാർ നടത്തുന്ന ആശയപ്രചാരണമാണ്. കോളജുകളിലേതുൾപ്പെടെ അറുപതുലക്ഷം വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിലെ ഒററപ്പെട്ട ചില സംഭവങ്ങൾ പർവ്വതീകരിച്ച് സമൂഹത്തെ തെററിദ്ധരിപ്പിക്കാൻ ചിട്ടയായ പ്രവർത്തനങ്ങളാണ് അവർ നടത്തുന്നത്. ഇത്തരത്തിൽ എടുത്തുകാട്ടുന്ന ഹീനസംഭവങ്ങൾ പ്രത്യേക ലക്ഷ്യത്തോടെ ആസൂത്രണം ചെയ്തത് വിദ്യാർത്ഥികളല്ല. തിരുവനന്തപുരത്തെ കുപ്രസിദ്ധമായ ചാപ്പകുത്തലിന്റെ പിന്നിൽ പ്രവർത്തിച്ച ശക്തികളാണ് കാമ്പസുകൾക്കെതിരെ പടക്കുതിരകളെ അഴിച്ചുവിടുന്നത്.

കാമ്പസുകളിൽ രാഷ്ട്രീയം നിരോധിച്ചതോടെ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെല്ലാം തീർന്നെന്നാണ് മാധ്യമങ്ങൾ നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത്. 32 കൊല്ലം വിദ്യാർത്ഥികളുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള അനുഭവത്തിൽനിന്ന് ഒരു കാര്യം ഉറപ്പിച്ചുപറയാൻ എനിക്ക് കഴിയും. വിദ്യാലയങ്ങളിലെ ഏററവും മിടുക്കരും മാന്യമായി പെരുമാറുന്നവരും സംഘടനാപ്രവർത്തകരാണ്. അവർ ചിലപ്പോൾ പ്രിൻസിപ്പാളിനെ തടഞ്ഞുവച്ചെന്നിരിക്കും. അദ്ധ്യാപകർക്കെതിരെ മുദ്രാവാക്യം വിളിച്ചെന്നിരിക്കും. അതിനവർക്ക് വിദ്യാർത്ഥിസമൂഹത്തിന് ബോദ്ധ്യപ്പെട്ട ഒരു കാരണമുണ്ടാകും. ആ പ്രശ്നം തീരുന്നതോടെ അത് കഴിയുകയും ചെയ്യും. പിന്നീട് ആരിലുമധികം അദ്ധ്യാപകരെ ബഹുമാനിക്കുന്നത് ഇവരായിരിക്കും. നമ്മുടെ എല്ലാ കോളജുകൾക്കും മുമ്പിൽ പെട്ടിക്കടകളിലും ഇടവഴികളിലും മയക്കുമരുന്നുമായി കഴുകന്മാർ കാത്തിരിപ്പുണ്ട്. പെൺകുട്ടികളുള്ള കോളജു

കളാണെങ്കിൽ പൂവാലന്മാരും. മദ്യശാലകളാണ് മറ്റൊന്ന്. ഈ കഴുകന്മാരിൽനിന്ന് നമ്മുടെ കലാലയങ്ങളെ കാത്ത് അതിന്റെ സംശുദ്ധി നിലനിർത്തുന്നത് തീർച്ചയായും വിദ്യാർത്ഥിസംഘടനകളാണ്.

## സമൂഹനിയന്ത്രണം

പണ്ട് വിദ്യാഭ്യാസത്തിന് സമൂഹനിയന്ത്രണം ഉണ്ടായിരുന്നില്ല. ഇടക്കാലത്താണ് അതുണ്ടായത്. വിദ്യാർത്ഥികളുടെ പ്രവേശനം, അദ്ധ്യാപകരുടെ യോഗ്യത, പാഠ്യക്രമത്തിന്റെ സ്വഭാവം എന്നിവയിലാണ് ഇപ്പോൾ സമൂഹത്തിന്റെ നിയന്ത്രണമുള്ളത്. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ സംവരണവും ഇക്കൂട്ടത്തിൽപ്പെടുന്നു. സമൂഹനിയന്ത്രണം ഇല്ലാതിരുന്നാൽ എന്തു സംഭവിക്കും? വിദ്യാഭാരതി നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ സ്വഭാവം ശ്രദ്ധിച്ചാൽ രാഷ്ട്രീയം വേണ്ടെന്നു പറയുന്നവരുടെ ലക്ഷ്യം വ്യക്തമാകും.

വിദ്യാഭാരതി വിദ്യാലയം ആദ്യം ആരംഭിച്ചത് 1952-ലാണ്. തുടർന്നും ഇന്ത്യയുടെ പല ഭാഗത്തും ഒട്ടേറെ വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ ഇന്ത്യയിലാകെ 19,741 വിദ്യാലയങ്ങളിലായി 24 ലക്ഷം വിദ്യാർത്ഥികൾ പഠിക്കുന്നു. സരസ്വതിമന്ദിർ, ഗീതാനികേതൻ, വിവേകാനന്ദ വിദ്യാലയം എന്നീ പല പേരുകളിലാണ് ഇവ അറിയപ്പെടുന്നത്. സി.ബി.എസ്.ഇയോ സംസ്ഥാന സിലബസോ ആണ് അവർ പഠിപ്പിക്കുന്നത്. എഴുപതിനായിരം അദ്ധ്യാപകർ ഇവിടെ പഠിപ്പിക്കുന്നു. അവിടത്തെ പഠനരീതിയെപ്പറ്റി ധാരാളം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അതുകൊണ്ട് വിസ്തരിക്കുന്നില്ല. ഒരു ഉദാഹരണം മാത്രം പറയാം - നന്മ, തിന്മ എന്നിവയുടെ വ്യത്യാസം കുട്ടികളെ മനസ്സിലാക്കുന്നതെങ്ങനെയാണ്? ശിവജി നല്ല ആളാണെന്ന് പറയുക, അദ്ദേഹത്തിന്റെ ഗുണങ്ങൾ വർണ്ണിക്കുക എന്നിട്ട് ഔറംഗസീബ് അങ്ങനെയല്ലായിരുന്നു എന്ന് പറയുക. അപ്പോൾ തിന്മയുടെ അർത്ഥം കുട്ടികൾ ഗ്രഹിച്ചുകൊള്ളും. സമൂഹത്തിലെ തെറ്റായ ധാരണകളെ 'തിരുത്താ'നാണ് അവർ അധികസമയവും വിനിയോഗിക്കുന്നത്. വീണാഖന്ന എന്ന ഹിന്ദി ടീച്ചർ പറയുന്നത് ശ്രദ്ധിക്കുക-

It is so hard to remove wrong ideas from their minds... to teach them that it was not the Muslims who built the Qutab Minar, that Muslims peeled off the sculptures of Gods and covered them with Arabi script... If you repeat a lie ten times it becomes the truth.

പതിനായിരത്തോളം പുസ്തകങ്ങളുള്ള ലൈബ്രറി അവിടെയുണ്ട്. അവയൊക്കെ ഇങ്ങനെ തെറ്റുകൾ 'തിരുത്താ'നുള്ളവയാണ്.

താജ്മഹൽ ഷാജഹാൻ പണിയിച്ചതാണ് എന്നാണ് ഇപ്പോഴത്തെ പുസ്തകങ്ങൾ പഠിപ്പിക്കുന്നത്. എന്തൊരു വിഡ്ഢിത്തമാണത്. ആ തെറ്റുതിരുത്തി അതൊരു ഹിന്ദു ദേവാലയമായിരുന്നെന്ന് ഈ ലൈബ്രറിയിലെ ഗ്രന്ഥങ്ങൾ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നു.

നാളെ ഇന്ത്യയുടെ അധികാരത്തിന്റെ എല്ലാ മേഖലകളിലും കയറിപ്പറ്റുന്നവർ ഇവരായിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് ഇവരെ വളർത്തുന്നത്. അവരുടെ പ്രവർത്തനവിജയത്തിന്റെ രഹസ്യം പ്രിൻസിപ്പാൾ വിവരിക്കുന്നത് ഇങ്ങനെയാണ്:

കോൺക്രീറ്റിനു മുകളിൽ വെള്ളം പരത്തിയൊഴിച്ചാൽ അതൊഴുകിപ്പോകും. പകരം ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ച് തുള്ളിതുള്ളിയായി ഇറ്റിക്കുക. കുറേനാൾ കഴിയുമ്പോൾ ഒരു ചിന്നൽ ഉണ്ടാവും. പിന്നെ ഒരു വിടവ്. കുറേക്കൂടി കഴിയുമ്പോൾ കോൺക്രീറ്റിനെ നമുക്ക് ഭേദിക്കാം.

സാമൂഹ്യനിയന്ത്രണണമില്ലാത്ത വിദ്യാഭ്യാസം ഇതാണ് - ഭ്രാന്തമായ വർഗ്ഗീയവൽക്കരണം. അവിടെ രാഷ്ട്രീയത്തിനു പകരംവയ്ക്കുന്നത് വർഗ്ഗീയതയെയാണ്. അതാണ് ഇന്നത്തെ മേലാളർ ആഗ്രഹിക്കുന്നതും.

പൂർണ്ണാധികാരം കോളജിന് ലഭിച്ചാൽ വിദ്യാഭ്യാസം സ്വർഗ്ഗമാകുമെന്നാണല്ലോ ഓട്ടോണമസ് കോളുകളെപ്പറ്റി ഇവിടെ പ്രചരിപ്പിക്കുന്നത്. നമ്മുടെ തൊട്ടടുത്ത തമിഴ്നാട്ടിൽനിന്ന് ഒരു സ്വർഗ്ഗത്തിന്റെ കഥയിതാ. കഴിഞ്ഞ ഫെബ്രുവരിയിൽ സംഭവിച്ചതാണ് ഇത്. ഒരു വിമൻസ് കോളജിൽ ഉന്നത പരിശോധക സംഘം വരുന്നു. അഞ്ചംഗങ്ങളുണ്ട് സംഘത്തിൽ. തലേന്ന് ഒരു ഹോട്ടൽമുറിയിൽ നാലുപേർക്ക് വിദ്യാർത്ഥിനികളെ കാഴ്ചവച്ച് പ്രിൻസിപ്പാൾ അംഗങ്ങളുടെ പ്രീതിയും സ്റ്റാർപദവിയും നേടി. സംഘത്തിലുള്ള ഒരാളെ വിട്ടതെന്തുകൊണ്ട് എന്ന് ചോദിക്കരുത്. അവർ ഒരു സ്ത്രീയായിരുന്നു. എന്തുകൊണ്ട് ഇതിന് വഴങ്ങി എന്ന പത്രപ്രവർത്തകരുടെ ചോദ്യത്തിന് വിദ്യാർത്ഥിനികൾ പറഞ്ഞ മറുപടി - 'അല്ലെങ്കിൽ ഞങ്ങളെ തോല്പിക്കും' എന്നതായിരുന്നു. പരീക്ഷാ നടത്തിപ്പും വിജയപ്രഖ്യാപനവുമെല്ലാം കോളജ്

തന്നെ നടത്തിയാൽ കുട്ടിക്കളങ്ങനെ 'പലഹാരങ്ങളാകാം' എന്നതിന് ഉദാഹരണമാണിത്.

ഇതിനോട് ചേർത്തുവായിക്കണം കേരളത്തിലെ മെഡിക്കൽ കോളജുകളിൽ അദ്ധ്യാപകരെ പേടിച്ച് പരീക്ഷാസമയത്ത് ആത്മഹത്യ ചെയ്യുന്ന വിദ്യാർത്ഥികളെപ്പററിയുള്ള നിയമസഭാ സമിതിയുടെ കണ്ടെത്തലുകൾ. അവിടെയും രാഷ്ട്രീയമില്ലല്ലോ.

## ഉത്തരവാദിത്വം ഏററെടുക്കുമോ?

മര്യാദരാമന്മാരായി ക്ലാസിലിരിക്കുക മാത്രമാണ് വിദ്യാർത്ഥികളുടെ ധർമ്മമെന്ന് പറയുന്നവർ ഒരു ചോദ്യത്തിനുത്തരം പറയണം. വിദ്യാർത്ഥികൾ ഉന്നയിക്കുന്ന ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കാമെന്ന് അവർ ഈ സമൂഹത്തിന് ഉറപ്പുനൽകാമോ? ഉദാഹരണത്തിന് കഴിഞ്ഞ കൊല്ലം നാലായിരം രൂപ ഫീസ് കൊടുത്ത് പഠിച്ച വിദ്യാർത്ഥിയോട് ഇക്കൊല്ലം 41000 രൂപ മാനേജ്മെന്റിനു നൽകണം എന്നു പറയുമ്പോൾ അതിലിടപെട്ട് തുക കുറച്ചുകൊടുക്കുമോ? ക്യാമ്പസുകളിൽ മാനേജ്മെന്റുകളും അധികാരികളും സാമൂഹ്യവിരുദ്ധരും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് നടപടികൾ എടുക്കുമോ? ഇതിനുള്ള ഉത്തരവാദിത്വം ഏററെടുക്കാതെ ഏകപക്ഷീയമായി കാമ്പസ് പ്രവർത്തനങ്ങളെ മരവിപ്പിക്കണമെന്ന് വാദിക്കുന്നവർക്ക് മററെന്തോ ലക്ഷ്യമുണ്ട്.

സതിയെപ്പററി സോഷ്യലിസ്റ്റ് നേതാവായിരുന്ന ഗോറെയുടെ ഒരു വിലയിരുത്തലുണ്ട് – കത്തുന്ന തീയിലേക്ക് സ്ത്രീയെ വലിച്ചിഴയ്ക്കുമ്പോൾ ചുററും നിന്ന് പെരുമ്പറ മുഴക്കും. സതിമാതാവിനെ ഉച്ചത്തിൽ വിളിക്കും. പാതിവ്രത്യത്തെ പാടിപ്പുകഴ്ത്തും. ഈ ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുന്നത് എരിയുന്ന സ്ത്രീയുടെ എതിർപ്പും കരച്ചിലും പുറത്തുള്ളവർ കേൾക്കാതിരിക്കാനാണ്!

ഇതിനർത്ഥം കുട്ടികൾ കുററക്കാരല്ല എന്നല്ല. നമ്മുടെ വീടുകളിലും അങ്ങനെയല്ലല്ലോ. പല കാരണങ്ങളാലും വിദ്യാർത്ഥികൾ തെററുചെയ്യുന്നുണ്ട്. അവരുടെ തെററിനെ തിരുത്താനുള്ള ചുമതല മുതിർന്നവർക്കുണ്ട്. തലവേദന മാററുന്നത് തല വെട്ടിമാററിയല്ല. വേദനയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിച്ചിട്ടാണ്. രാഷ്ട്രീയം വേണ്ടെന്നു പറയുന്നതാണ് വലിയ രാഷ്ട്രീയം.

1972 മുതൽ കേരളത്തിലെ വിദ്യാഭ്യാസരംഗം ക്രമേണ വർഗ്ഗീയവൽകൃതം ആയിത്തുടങ്ങി. ഡയറക്ട് പേയ്മെന്റ് വന്നതോടെ മാനേജ്മെന്റ് കോളജുകളിൽ നിയമനത്തിന് പണം മാത്രമല്ല ജാതിയും മാനദണ്ഡമായി. സ്വകാര്യ മാനേജ്മെന്റുകളിലെ ഇപ്പോഴത്തെ ടീച്ചിംഗ്-നോൺടീച്ചിംഗ് സ്റ്റാഫിന്റെ ലിസ്ററെടുത്തു നോക്കുക. ഇരുപതു വർഷത്തിൽ താഴെ സർവ്വീസുള്ളവരിൽ മാനേജ്മെന്റിന്റെ ജാതിയിൽപ്പെട്ടവരല്ലാതെ അധികം പേരുണ്ടാവില്ല. പണ്ട് അതായിരുന്നില്ല നില. എല്ലാ വിഭാഗത്തിൽപ്പെട്ടവരും സ്റ്റാഫ് റൂമിൽ ഉണ്ടാകുമായിരുന്നു. അതു നൽകിയ സ്വാതന്ത്ര്യവും സ്വച്ഛതയും കോളജിലുമുണ്ടായിരുന്നു. ന്യൂനപക്ഷപദവിയെ സംബന്ധിച്ച സുപ്രീംകോടതിവിധി വന്നതോടെ പല സ്ഥാപനങ്ങളിലും ആരാധനാമുറികൾ കോളജിനുള്ളിൽതന്നെ സ്ഥാപിക്കാൻ തുടങ്ങിയിട്ടുണ്ട്. എന്നിട്ടും കേരളത്തിൽ ലക്ഷ്യങ്ങൾ നേടാൻ മാനേജ്മെന്റിന് കഴിയാതിരുന്നതിന് രണ്ടു കാരണങ്ങളാണുള്ളത്. ഒന്ന്, സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള സർക്കാർ – യൂണിവേഴ്സിററി നിയന്ത്രണങ്ങൾ. രണ്ട് അവ പാലിക്കണമെന്ന് നിർബന്ധമുള്ള പ്രതിബദ്ധരായ അദ്ധ്യാപകരും വിദ്യാർത്ഥികളും അവരുടെ പ്രവർത്തനങ്ങളും. ഇവ രണ്ടും ഒഴിവാക്കിക്കിട്ടണമെന്നാണ് മേലാളന്മാരുടെ മോഹം. സമൂഹത്തിന്റെ നിയന്ത്രണവും അദ്ധ്യാപക-വിദ്യാർത്ഥി രാഷ്ട്രീയവും നിരോധിച്ചാൽ കേരളത്തിൽ കോളജുകളും സ്കൂളുകളും ഉണ്ടാവുകയില്ല. അവയൊക്കെ മദ്രസകളും സൺഡെ സ്കൂളുകളും വിദ്യാഭാരതികളുമായി മാറും. നാദാപുരത്തിനും മാറാടിനും പരിശീലനം നൽകുന്ന കളരികളാകും പിന്നെ നമ്മുടെ വിദ്യാലയങ്ങൾ. സമൂഹവിരുദ്ധരെയും വർഗ്ഗീയ-ഭീകരരെയുമാകും അവ സൃഷ്ടിക്കുക.

എൻട്രൻസ് പരീക്ഷയിൽ 33,728 -ാമത്തെ റാങ്കും 8.98 ശതമാനം മാർക്കും നേടിയ കുട്ടി 92 ശതമാനം മാർക്കുള്ള കുട്ടിയെ പിന്തള്ളി 22 ലക്ഷം രൂപയുടെ ധനത്തിൽ നമ്മുടെ മെഡിക്കൽകോളജുകളിൽ പഠിക്കുന്നുണ്ട് എന്നും അഞ്ചുവർഷം കഴിഞ്ഞ് തലവേദനയുമായി ഏതെങ്കിലും ഒരാശുപത്രിയിൽ ചെല്ലുമ്പോൾ കത്തിയുമായി അവൻ കാത്തിരിക്കുന്നുണ്ടാവുമെന്നുമുള്ള അറിവിനേക്കാൾ നമ്മെ വ്യാകുലപ്പെടുത്തേണ്ടത് വർഗ്ഗീയവൽകൃത കാമ്പസുകളിൽനിന്ന് പുറത്തിറങ്ങുന്നവരെക്കുറിച്ചുള്ള ഭയമാണ്.

മാനേജ്മെന്റുകൾക്ക് വിദ്യാഭ്യാസത്തെ സേവനമായി കണക്കാക്കിയിരുന്ന മഹത്തായ ഒരു ഭൂതകാലമുണ്ടായിരുന്നു. ഇന്ന് അതില്ല. പകരം ഇന്ന് വിദ്യാഭ്യാസം അധികാരത്തിന്റെയും അധീശത്വത്തിന്റെയും

പുറകെയാണ്. സാമൂഹ്യനീതിയുടെയോ നന്മയുടെയോ കണികപോലും അതിലില്ല. കേരളത്തിൽ ഏററവും കൂടുതൽ ഖജനാവിൽനിന്ന് തൊഴിൽ നൽകുന്ന മേഖലയാണിത്. എത്ര പിന്നോക്കക്കാർ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്? മഷിയിട്ടു നോക്കിയാൽ കിട്ടില്ല! വരേണ്യമായൊരു ചെറുവിഭാഗത്തിനുവേണ്ടി പൊതുമുതൽ കൊള്ളചെയ്യുന്ന മേഖലയായി വിദ്യാഭ്യാസം മാറിയിരിക്കുന്നു.

ന്യൂനപക്ഷപദവി ആണ് ചില മാനേജ്മെന്റുകളുടെ തുറുപ്പുചീട്ട്. ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ സംസ്കാരം നിലനിർത്തുന്നതിനുള്ള പരിരക്ഷ ഭരണഘടനാശില്പികൾ നൽകിയ ഉദാരതയാണ്. എന്നാൽ കേരളത്തിലെ ന്യൂനപക്ഷങ്ങൾ 22 ലക്ഷം വാങ്ങുന്നതിനുള്ള ലൈസൻസായി ഇതിനെ ദുർവിനിയോഗം ചെയ്യുകയാണ്. ക്രിസ്ത്യൻ മുസ്ലീം ഹിന്ദു സമൂഹങ്ങൾ ഏതാണ്ട് തുല്യരാണ് കേരളത്തിൽ. ഇവിടെ ആരാണ് ന്യൂനപക്ഷം? ഹിന്ദുവിനില്ലാത്ത ഏതവശതയാണ് ഇവിടെ ക്രിസ്ത്യാനിക്കും മുസ്ലീമിനുമുള്ളത്? യഥാർത്ഥത്തിൽ വേണ്ടത് ന്യൂനപക്ഷ പദവി നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാനഘടകം സംസ്ഥാനമായി പുനർനിർവചിക്കുകയും അതത് സംസ്ഥാനത്തിൽ അഞ്ചുശതമാനത്തിൽ താഴെ വരുന്നവരെ മാത്രം ന്യൂനപക്ഷത്തിന്റെ പരിരക്ഷയിൽ ഉൾപ്പെടുത്തുകയുമാണ്. ഭരണഘടനാശില്പികൾ ഉദ്ദേശിച്ചതും ഇതാണ്. കേരളത്തിൽ അധികാരത്തിന്റെയും വർഗ്ഗീയതയുടെയും ആൾരൂപങ്ങൾ മാനേജ്മെന്റുകളാണ്. പണം അവർക്കൊരു പ്രശ്നമല്ല. വിദേശത്തുനിന്ന് അതൊഴുകുന്നുണ്ട്. അവർക്കുവേണ്ടത് സമൂഹത്തിൽ തങ്ങളുടെ പിടിമുറുക്കുകയാണ്. പുതുപ്പണം നേടിയ ക്രിസ്ത്യാനികളാണ് ആദ്യം ഇതു തുടങ്ങിയത്. പിന്നാലെ മുസ്ലീങ്ങളും. ഹിന്ദുക്കൾ ഇപ്പോഴവരെ പിന്തുടരുന്നു. വിദ്യാഭ്യാസമാണ് അധികാരത്തിനുള്ള ഉപാധിയെന്ന് ഇപ്പോൾ എല്ലാവരും തിരിച്ചറിയുന്നു.

## Transformismo

ശത്രുവിനെ നേരിടാൻ രണ്ടു മാർഗ്ഗങ്ങളുണ്ട്. ഒന്ന് അവന്റെതന്നെ ആശയങ്ങളെ ഏറെറടുക്കുക. ആന്റോണിയോ ഗ്രാംഷി ഈ പ്രതിഭാസത്തെ വിശേഷിപ്പിക്കുന്നത് Transformismo എന്നാണ്. ഇററലിയിലെ ഫാസിസത്തിന്റെ ആദ്യകാല ചരിത്രം വിലയിരുത്തിയാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. ഇതിന് സമകാലിക സാഹചര്യങ്ങളിൽ ഉദാഹരണങ്ങൾ ധാരാളമുണ്ട്. ഗുജറാത്തിൽ മോഡിയെ എതിർക്കുന്നതിന് രംഗത്തിറക്കിയത് വഗേലയെയാണ് - മറെറാരു മോഡി. തിരഞ്ഞെടുപ്പിൽ എന്തുണ്ടായി എന്ന് നാം കണ്ടു. തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന ഒരു സംസ്ഥാനത്തെ കോൺഗ്രസ് മുഖ്യമന്ത്രി ചെയ്തത് ഗോവധം നിരോധിക്കണമെന്ന് കേന്ദ്രത്തോട് ശുപാർശ ചെയ്യുകയാണ്. മറെറാരു മുഖ്യമന്ത്രി ചെയ്തത് മുന്നോക്കക്കാർക്ക് സംവരണം ഉറപ്പാക്കാൻ ആവശ്യപ്പെടുകയാണ്. പ്രതിപക്ഷത്തിന്റെ ആവശ്യങ്ങൾ തങ്ങൾ നടപ്പാക്കി അതിന്റെ ക്രെഡിററെടുക്കുന്ന രാഷ്ട്രീയ തന്ത്രമാണിത്. തിരഞ്ഞെടുപ്പിന്റെ ആവേശത്തിൽ ഒരു കോൺഗ്രസ് മുഖ്യമന്ത്രി ഇതുകൂടി പറഞ്ഞു: "കുടുംബജീവിതം ഭാരതീയ സംസ്കാരത്തിന്റെ ഭാഗമാണ്. വിവാഹം കഴിക്കാത്തവർ നേതൃത്വത്തിൽ വരുന്നതുകൊണ്ടാണ് നാട്ടിൽ പ്രശ്നങ്ങളുണ്ടാവുന്നത്. വാജ്പേയിയെയും ഉമാഭാരതിയെയുമാണ് അദ്ദേഹം ഉന്നംവച്ചത്. എന്നാൽ ഇതിന്റെ മറുവശം അദ്ദേഹം കണ്ടില്ല. "അവിവാഹിതരല്ല, വിധവയാണ് അപശകുനം" എന്ന് പിറേറന്ന് പ്രതിപക്ഷം തിരിച്ചടിച്ചു. ഇതാണ് transformismo യുടെ വഴി.

മറെറാന്നുള്ളത് സമാന്തരവഴിയാണ് - മന്ദിർ പ്രശ്നത്തിന് വി.പി.സിംഗ് നിർദ്ദേശിച്ച പരിഹാരം അതായിരുന്നു. രണ്ടു വഴിയിലുമുണ്ട് തോൽക്കാനുള്ള സാദ്ധ്യത. എങ്കിലും നാമിതിൽ ഏതു വഴി സ്വീകരിക്കുന്നു എന്നതാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെയും വികാസത്തിന്റെയും ഭാവിയെ നിർണ്ണയിക്കുന്നത്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഗ്രാംഷിയുടെ മുന്നറിയിപ്പിന് വിലയുണ്ടായില്ല. അധികാരത്തിൽ വരുന്ന രണ്ടുപക്ഷങ്ങളും ഇവരെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്- വലതുപക്ഷം നേരിട്ടും ഇടതുപക്ഷം പരോക്ഷമായും. 1957-ൽ ഒഴിച്ച് ഇടതുപക്ഷം ഭരണത്തിൽ വന്നപ്പോഴൊക്കെ ഏതെങ്കിലും ഇടനിലക്കാരനിലൂടെ മത-ജാതിസംഘടനകൾ തങ്ങളുടെ കാര്യങ്ങൾ നേടിയെടുത്ത് ശക്തിയാർജ്ജിക്കുകയും ആ ശക്തി പുരോഗമനപ്രസ്ഥാനങ്ങളെ ദുർബലമാക്കാൻ അടുത്ത അവസരത്തിൽ പ്രയോഗിക്കുകയും ചെയ്തിട്ടുണ്ട്. വിഭ്രാമകമായ ഈ പശ്ചാത്തലത്തിലാണ് കേരളത്തിൽ വിദ്യാഭ്യാസപ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നത്.

കോത്താരിയുടെ പ്രസിദ്ധമായ ഒരു നിരീക്ഷണമുണ്ട്:

രാഷ്ട്രീയക്കാരന് വിദ്യാഭ്യാസം, കള്ളുകുടിയന് വിളക്കുമരം പോലെയാണ്.

അവനുവേണ്ടത് വെളിച്ചമല്ല, വേച്ചുവീഴാതിരിക്കാനുള്ള താങ്ങാണ്'.

അപ്പോൾ വെളിച്ചംതേടി വിളക്കുമരത്തിലേക്ക് നടന്നടുക്കുന്ന അറുപതുലക്ഷമുണ്ടല്ലോ. അവരുടെ കാര്യം ആരുനോക്കും?

*മലയാളം: 1178 , മിഥുനം 26*

# സുകൃതക്ഷയം

സോമൻ നെല്ലിവിള
മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം

ബന്ധിതകാലത്തിന്റെ വിഷസ്ഥലികളിലിന്നലെ
പെയ്തിറങ്ങിയ കനലിന്റെ വിത്തുകൾ
എന്നിനി മുളച്ചുപന്തങ്ങൾ പൂക്കും?
ശ്വാസത്തിൻ ധ്വനിപോലെ നിരന്തരം
മുഴങ്ങുന്നിതെന്നാകാശത്തിൽ.

ഓരുനിലത്തിലാഴ്ന്ന ജന്മത്തിൻവേരുകൾ
ബന്ധം മുറിഞ്ഞോരിന്ദ്രിയ ശാപങ്ങൾ
തിരിച്ചെടുക്കാനനുവാദമില്ലാത്ത
വിലയററ പണയംപോലെ
നിനക്കു നിന്നോടുള്ളവകാശവും.

ചിത്രപുസ്തകത്തിലെ ജലദർപ്പണത്താളിൽ
നിറമെഴുതി രൂപങ്ങളുണർത്തിയ
സ്വപ്നകാലങ്ങളെ സ്തമിക്കുമെന്ന്
ചിറകററ ഇടിമുഴക്കങ്ങളശരീരിയായ്
വീണുകിടന്നതീ നിൻ തലരേഖയിൽ.

പെരുവഴികൾക്കപ്പുറം, നാട്ടുപാതയ്ക്കുമപ്പുറം
കാലികൾ മേയുന്ന മേട്ടിലും പിന്നെ വയലിറ
മ്പിലും
മുട്ടോളമെത്തുന്നൊരൊററമുണ്ടിൽ
നാട്ടറിവിന്റെ ചെളിപുരണ്ടുമീ ജീവിതം
ഒരു മുൾച്ചെടിക്കാടായ് മലർന്നുകിടക്കുന്നു.

നാവിൻ തുമ്പിലെയക്ഷര വടിവുക-
ളറുത്തേകി വാങ്ങിയ ഗുരുപ്രസാദത്തി-
ലുന്നങ്ങളൊടിഞ്ഞു പൊഴിയുന്ന വേളയിൽ
ഒരു മുറിവിൻ തഴമ്പു തെളിയുമീയക്ഷരങ്ങൾ
ദുരന്തകാവ്യത്തിൻ കുലചിഹ്നമായ്.

മരിച്ച മണ്ണിന്റെ മാറിലൊട്ടിയ
വേരിനാൽ മുലപ്പാൽ തിരയവേ,
വിടരാനാകാതെ മുരടിച്ച മൊട്ടിന്റെയുള്ളം
നഷ്ടജന്മത്തിൻ കണ്ണീർക്കടലായ് മറയവേ,
ചൂടാൽ പുതപ്പിച്ചു ജീവൻ വിളക്കുമീ സൂര്യശോഭ
യൊരു തണൽമരത്തിണ്ണയിലൊതുങ്ങവേ
നിന്റെ നെഞ്ചിലച്ചിട്ട ചരിത്രപുസ്തകം
ഇന്നു ഭാരമാവുന്നതോർക്കാതിരിക്കുക.

# CURRENT BOOKS THRISSUR

**Round West, Thrissur 680 001**

Ph:0487-335660, Fax:0487-335642

## Publishers & Distributors for

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

BRANCHES

**Kozhikode**
**Rly. Station Link Road**
**Ph:0495-703487**
**Fax:0495-700049**

**Ernakulam**
**Press Club Road,**
**Ph:0484-353818**

# COSMO BOOKS

**Round West, Thrissur 680 001. Ph:0487-335292**
**E-mail: cosmoboo@md3.vsnl.net.in**

# COSMO BOOKS

**(SCHOOL DIVISION)**

**Room No.10/342 B-1, Taj Complex, PM Taj Road,**
**Kozhikode-673 001, Phone:724622.**

# സംഘടനാ സ്വാതന്ത്ര്യനിഷേധത്തിനെതിരെ അദ്ധ്യാപകരുടെ ബഹുജനമാർച്ച്

പ്രശസ്തരായ മിഷനറിമാരുടെ പാരമ്പര്യം മാന്നാനം കെ.ഇ കോളജ് മാനേജ്മെന്റ് കളഞ്ഞുകുളിക്കരുതെന്ന് സി.പി.ഐ.എം സംസ്ഥാന സെക്രട്ടറിയററംഗം ടി.ശിവദാസമേനോൻ പറഞ്ഞു.

കെ.ഇ കോളജിൽ സംഘടനാ സ്വാതന്ത്ര്യം നിരോധിച്ച മാനേജ്മെന്റ് നടപടിയിൽ പ്രതിഷേധിച്ച് കോളജിനുമുന്നിൽ എ.കെ.പി.സി.ടി.എ നേതൃത്വത്തിൽ നടന്ന ഉജ്വല ബഹുജനറാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മൗലികാവകാശങ്ങളെയാണ് മാനേജ്മെന്റ് നിഷേധിച്ചിരിക്കുന്നത്. ഇത് സിപിയുടെ കാലത്തുപോലും നടക്കാത്തതാണ്. ശിക്ഷിച്ചും ഭീഷണിപ്പെടുത്തിയും ഇരുണ്ട ഗേററ് നിർമ്മിച്ചും കരിങ്കൽ മതിൽകെട്ടിയും ആശയങ്ങൾ തടയാനാകില്ല. വഴിനടക്കാനുള്ള സ്വാതന്ത്ര്യവും ഇപ്രകാരമൊന്നും തടയാനാകില്ല. മാടമ്പിമാരെപ്പോലെ കോളജ് മാനേജ്മെന്റ് പെരുമാറുന്നതും ശരിയല്ല.

മാനേജ്മെന്റ് ബുദ്ധിയോടെയും വിവേകത്തോടെയും പ്രവർത്തിക്കണം. അദ്ധ്യാപകരുമായുണ്ടായ അകൽച്ച ചർച്ചചെയ്ത് പരിഹരിക്കണം. എല്ലാവരും യോജിച്ച് നിന്നാലേ കോളജിനും നാടിനും പുരോഗതിയുണ്ടാകൂ.

സസ്പെൻഡ് ചെയ്തും ഡിസ്മിസ് ചെയ്തും അവകാശസമരങ്ങളെ തകർക്കാമെന്ന് ചിന്തിക്കുന്നത് മൗഢ്യമാണ്. യൂണിവേഴ്സിററിയും സർക്കാരുമെല്ലാം ഇടപെട്ട് ചർച്ച നടത്തുകയാണ് വേണ്ടത്.




കോടതി, കാമ്പസിലെ എല്ലാ രാഷ്ട്രീയ പ്രവർത്തനവും നിരോധിച്ചുവെന്നാണ് ചിലർ വ്യാഖ്യാനിക്കുന്നത്. ഇത് വസ്തുതാപരമല്ല. അങ്ങനെയൊരു നിരോധനമാണെങ്കിൽ പൊളിററിക്കൽ

സയൻസ്പോലും പഠിപ്പിക്കാൻ പററാതാവും. അക്രമ പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണമുള്ളത് - ശിവദാസമേനോൻ പറഞ്ഞു.

എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി എ.പ്രതാപചന്ദ്രൻ നായർ അവകാശപ്രഖ്യാപന രേഖ അവതരിപ്പിച്ചു. പ്രൊഫ. എം.ടി.ജോസ്, ജെ.പ്രസാദ്, റഷീദ് കണിച്ചേരി, ആർ.രാമചന്ദ്രൻനായർ, പി.കെ.ജയൻ, അരുൺ കുമാർ, കെ.രൂപേഷ്കുമാർ, വൈക്കം വിശ്വം, വി.സി. ആന്റണി എന്നീ സംഘടനാനേതാക്കൾ സംസാരിച്ചു.



# ബഹുജന വിദ്യാഭ്യാസ കൂട്ടായ്മ



വിദ്യാഭ്യാസ പ്രക്ഷോഭസമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി വിദ്യാഭ്യാസ കൂട്ടായ്മ സംഘടിപ്പിച്ചു. പൊതു വിദ്യാലയങ്ങൾ വ്യാപകമായി അടച്ചുപൂട്ടുന്നതിലും ഫീസ് നിരക്കുകൾ ഭീമമായി വർദ്ധിപ്പിക്കുന്നതിലും സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്നതിലും പ്രതിഷേധിച്ചായിരുന്നു ബഹുജന വിദ്യാഭ്യാസ കൂട്ടായ്മ. തിരുവനന്തപുരത്ത് സെക്രട്ടറിയേററ് നടയിൽ പിരപ്പൻകോട് മുരളി എം.എൽ. എ ഉദ്ഘാടനം ചെയ്തു. റഷീദ് കണിച്ചേരി, പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ, ഡോ. ജെ. പ്രസാദ്, ഡോ. ആർ. രാജൻ, സുനിൽകുമാർ, കെ. എൻ. കെ. നമ്പൂതിരി, സി.പി. ജോൺ, കെ. മോഹനൻ, ഡോ. പി. എം. സുനന്ദകുമാരി, എം. ഷാജഹാൻ തുടങ്ങിയവർ സംസാരിച്ചു.



വിദ്യാഭ്യാസ പ്രക്ഷോഭസമിതിയുടെ നേതൃത്വത്തിൽ 2-8-03 ശനിയാഴ്ച കൊല്ലം താലൂക്ക് ആഫീസിനു മുമ്പിൽ രാവിലെ 10 മുതൽ 5 വരെ വിദ്യാഭ്യാസ കൂട്ടായ്മ നടന്നു. കൂട്ടായ്മ എൽ.ഡി.എഫ് കൊല്ലം ജില്ലാ കൺവീനർ സ: കെ.ആർ.ചന്ദ്രമോഹനൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. വിജയധരൻ, സെക്രട്ടറി എ.കെ.പി.സി.ടി.എ പ്രൊഫ. ജി.യോഹന്നാൻ കുട്ടി, പ്രൊഫ. മോഹൻകുമാർ, സിൻഡിക്കേററ് മെമ്പർ കേരള യൂണിവേഴ്സിററി റഷീദ് കണിച്ചേരി കെ.എസ്.ററി.എ മുതലായവർ സംസാരിച്ചു.

# സർവ്വകലാശാലാ ബില്ലിനെതിരെ നിയമസഭാ മാർച്ച്



സർവ്വകലാശാലകളുടെ സ്വയംഭരണം തകർക്കുന്ന ബില്ലിനെതിരെ കേരളവിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ നിയമസഭാ മാർച്ച് നടത്തി. പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു.

സർവ്വകലാശാലകളുടെ സ്വയംഭരണത്തിന്റെ ഹൃദയത്തിൽ കത്തിയിറക്കുന്ന നിയമമാണിതെന്ന് വി.എസ് പറഞ്ഞു. സർവ്വകലാശാല എന്ന പേരിനെത്തന്നെ ഗളഹസ്തം ചെയ്യുകയാണ്. സർക്കാർ വകുപ്പുകളാക്കി സർവ്വകലാശാലകളെ മാററുന്നു. വൈജ്ഞാനിക മേഖലയിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലകളെ കൈകാലുകൾ വരിഞ്ഞുകെട്ടി മൂലയ്ക്കെറിയുന്നു.

സ്വാശ്രയ പ്രൊഫഷണൽ കോളജ് മാനേജ്മെന്റുകൾക്കും സ്വകാര്യ വിദ്യാഭ്യാസ മാനേജർമാർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകാതിരിക്കാനുള്ള പ്രവർത്തനങ്ങളാണ് യു.ഡി.എഫ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. സാധാരണക്കാരായ ജനങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം അപ്രാപ്യമാക്കുന്ന നടപടികളെടുക്കുകയും സമ്പന്നർക്കു മാത്രമായി വിദ്യാഭ്യാസത്തെ ചുരുക്കുകയും ചെയ്യുന്നു.

സുപ്രധാനമായ സർവ്വകലാശാലാ ബില്ലിനെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായം തേടാൻ ഗവൺമെന്റ് ശ്രമിച്ചില്ല. സെലക്ട് കമ്മിററിക്ക് വിട്ടിരുന്നെങ്കിൽ ജനങ്ങൾക്ക് അവരുടെ അഭിപ്രായം അറിയിക്കാൻ കഴിയുമായിരുന്നു. എന്നാൽ, സബ്ജക്ട് കമ്മിററിക്ക് വിടുകയാണ് ചെയ്തത്.

രണ്ട് സ്വാശ്രയ പ്രൊഫഷണൽ കോളജ് ഒരു ഗവൺമെന്റ് കോളജിന് സമം എന്ന യു.ഡി.എഫ് മുദ്രാവാക്യം പൊളിഞ്ഞു. സ്വാശ്രയ പ്രൊഫഷണൽ കോളജ് മാനേജ്മെന്റുകൾ ഗവൺമെന്റിനെപ്പോലും ധിക്കരിച്ച് കൊള്ളനടത്തുന്നു. ഇവരെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചെ

ങ്കിലും ഇപ്പോൾ പിന്നോട്ടുപോയി. ഇതേക്കുറിച്ച് പ്രതിപക്ഷം ചോദിച്ചപ്പോൾ, വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഗവൺമെന്റ് നിയമം കൊണ്ടുവന്ന് കോടതിയെ പ്രകോപിപ്പിക്കാൻ ആഗ്രഹിക്കുന്നില്ലെന്നായിരുന്നു മറുപടി. കർണാടകത്തിൽ യു.ഡി.എഫ് അല്ല, കോൺഗ്രസാണ് ഭരിക്കുന്നത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഈ വിഷയം സംബന്ധിച്ച് കർണാടക സർക്കാർ നിയമമുണ്ടാക്കി മാനേജ്മെന്റുകൾക്ക് മൂക്കുകയറിട്ടു - വി.എസ് പറഞ്ഞു. കെ.എസ്.ടി.എ ജനറൽ സെക്രട്ടറി റഷീദ് കണിച്ചേരി, എൻ.ജി.ഒ യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ.വരദരാജൻ എന്നിവർ സംസാരിച്ചു. സെക്രട്ടറിയേററിനു മുന്നിലെ സമരപ്പന്തലിനടുത്തുനിന്ന് പ്രകടനമായാണ് നിയമസഭാ മാർച്ച് പുറപ്പെട്ടത്. കേരള വിദ്യാഭ്യാസസമിതി നേതാക്കളായ സി. പി. നാരായണൻ, റഷീദ് കണിച്ചേരി, എ.പ്രതാപചന്ദ്രൻനായർ, ഡോ. ജെ.പ്രസാദ്, ബി. ബിജു, ജി.മുരളീധരൻ, ടി.നാരായണൻ എന്നിവർ നേതൃത്വം നൽകി.

# വിദ്യാഭ്യാസ പ്രക്ഷോഭസമിതിയുടെ നിരാഹാര സമരം



സാധാരണക്കാരന് വിദ്യാഭ്യാസം നിഷേധിക്കുന്ന യു.ഡി.എഫ് നയം തിരുത്തിയേ തീരൂ എന്ന് സെക്രട്ടറിയേററിന് മുന്നിൽ അദ്ധ്യാപക നേതാക്കളുടെ നിരഹാരസമരം ഉദ്ഘാടനം ചെയ്ത് സ. ഇ. കെ. നായനാർ പറഞ്ഞു. ഗവൺമെൻറ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർക്കുന്നതിലൂടെ ആയിരക്കണക്കിന് അദ്ധ്യാപകരുടെ തൊഴിൽ നഷ്ടമാവുമെന്ന് അദ്ദേഹം പറഞ്ഞു.

പൊതു വിദ്യാഭ്യാസം സംരക്ഷിക്കുക, വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കുക, സംഘടനാ സ്വാതന്ത്ര്യം നിലനിർത്തുക, വിദ്യാലയങ്ങൾ അടച്ച് പൂട്ടരുത്. ഏകീകൃത സർവ്വകലാശാല നിയമം ഉപേക്ഷിക്കുക., അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കാലാനുസൃതമാക്കുക. വിദ്യാഭ്യാസരംഗത്തെ സാമുദായിക പ്രീണന നയം ഉപേക്ഷിക്കുക. അൺ എയിഡഡ് സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിക്കരുത്, ഫീസ് വർദ്ധനവുകൾ പിൻവലിക്കുക. സ്വാകാര്യ സ്കൂൾ കോളേജ് നിയമനങ്ങൾ പി. എസ്. സിക്ക് വിടുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് വിദ്യാഭ്യാസ പ്രക്ഷോഭസമിതി നിരാഹാര സമരം ആരംഭിച്ചത്. നിരാഹാര സമരത്തിൽ പ്രൊഫ. തോമസ് ജോസഫ് (എ. കെ. പി. സി. ടി. എ), ഡോ. ജെ. പ്രസാദ് (എ. കെ. ജി. സി. ടി), ശ്രീ. ഇ. വിജയൻ (കെ. എസ്. ടി. എ), ശ്രീ. കൃഷ്ണദാസ് (എ. കെ. എസ്. ടി. യു), ശ്രീ. പ്രദീപ് കുമാർ (കെ. എസ്. ടി. സി.) ശ്രീ. കെ. വി. ദേവദാസ് (കെ. പി. ടി. എ), ശ്രീ. സിറിയക് കാവിൽ (കെ.എസ്.ടി.എഫ്) എന്നിവർ പങ്കെടുത്തു.

മന്ത്രിമാരായ കുഞ്ഞാലിക്കുട്ടി, ശങ്കരനാരായണൻ എന്നിവർ സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയെ തുടർന്ന് സത്യാഗ്രഹത്തിന്റെ 5-ാം ദിവസം (ആഗസ്ററ് 10 ന്) രാത്രി 10 മണിക്ക് പ്രതിപക്ഷനേതാവ് സ. വി. എസ്. അച്യുതാനന്ദൻ നാരങ്ങ നീര് നൽകി നിരാഹാരസമരം അവസാനിപ്പിച്ചു.

# ശമ്പള നിഷേധത്തിനെതിരെ ധർണ്ണ

കൊട്ടാരക്കര എസ്.ജി. കോളജിലെ മാനേജ്മെന്റ് സ്വീകരിക്കുന്ന തെററായ നടപടികളുടെ ഫലമായി കോളജിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് കഴിഞ്ഞ രണ്ടുമാസമായി ശമ്പളം ലഭിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് എ.കെ.പി.സി.ടി.എ, എസ്.ജി. കോളജ് യൂണിററിന്റെ നേതൃത്വത്തിൽ കോളജാഫീസിനു മുൻപിൽ 30-7-2003 ന് 10 മണിമുതൽ 1 മണി വരെ കോളജദ്ധ്യാപകർ ധർണ നടത്തി. കോളജിലെ ഏററവും സീനിയറായ അദ്ധ്യാപകന് പ്രിൻസിപ്പലിന്റെ ചാർജുകൊടുക്കണമെന്ന ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവു നടപ്പാക്കാൻ തയ്യാറാകാത്ത മാനേജ്മെന്റിന്റെ നടപടിയാണ് അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത സാഹചര്യമുണ്ടാക്കിയത്. കോടതി ഉത്തരവ് നടപ്പാക്കിക്കൊണ്ട് ജീവനക്കാർക്ക് ശമ്പളം എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് എ.കെ.പി.സി.ടി.എ ആവശ്യപ്പെട്ടു. ധർണ്ണ ജില്ലാ സെക്രട്ടറി പ്രൊഫ. ജി.യോഹന്നാൻ കുട്ടി ഉദ്ഘാടനം ചെയതു.

# ജനാധിപത്യ സംരക്ഷണദിനം ആചരിച്ചു

കേരള വിദ്യാഭ്യാസ സമിതി ജില്ലാകമ്മിററിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ബാഡ്ജ് ധരിച്ച് ജൂലൈ 9ന് ജനാധിപത്യ സംരക്ഷണദിനം ആചരിച്ചു.




യു.ഡി.എഫ് സർക്കാരിന്റെ വിദ്യാഭ്യാസ കച്ചവടത്തിനും കലാലയങ്ങളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സംഘടനാസ്വാതന്ത്ര്യം അടക്കമുള്ള ജനാധിപത്യ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരായിരുന്നു ദിനാചരണം.

ദിനാചരണത്തിന്റെ ഭാഗമായി വൈകിട്ട് എറണാകുളം മേനക ജംഗ്ഷനിൽ ചേർന്ന സായാഹ്ന ധർണ്ണ കെ.ചന്ദ്രൻപിള്ള എം.പി ഉദ്ഘാടനം ചെയ്തു. കെ.കെ.വിശ്വനാഥൻ (എ.കെ.ജി.സി.ടി) വി.സി.ആന്റണി (എ.കെ.പി.സി.ടി.എ) കെ.ആർ.കുമാരൻ (പുരോഗമന കലാസാഹിത്യ സംഘം) സോണി കോമത്ത്, മാത്യു ചെറിയാൻ, കെ.ആർ.ഗോപി (കെ.എസ്.ടി.എ) എന്നിവർ സംസാരിച്ചു.

# ഉപവസിച്ച് പഠനം നടത്തി സമരംചെയ്തു

എയിഡഡ് കോളജായ ശ്രീകൃഷ്ണപുരം വി.ടി.ബി കോളജിൽ സ്വാശ്രയകോഴ്സുകൾ തുടങ്ങുവാ



നുള്ള മാനേജ്മെന്റ് നീക്കത്തിൽ പ്രതിഷേധിച്ച് എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിന്റെ ഭാഗമായി അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുദിവസം (3-7-03 വ്യാഴാഴ്ച) ഉപവസിച്ച് പഠനംനടത്തി സമരം ചെയ്തു. ക്ലാസ്സുകൾ നഷ്ടപ്പെടുത്താതെ നടത്തിയ സമരം രാവിലെ 9 മണിക്ക് കോളജ് ഓഫീസിനു മുൻപിൻ നടന്ന ചടങ്ങിൽ വച്ച് ശ്രീകൃഷ്ണപുരം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റും കോളജ് സംരക്ഷണസമിതി ചെയർമാനുമായ ശ്രീ. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റും പങ്കെടുത്തു. 10 മണിക്ക് ക്ലാസ്സുകളിലേക്ക് മടങ്ങിയ അദ്ധ്യാപകരും വിദ്യാർത്ഥികളും വീണ്ടും ഉച്ചയ്ക്ക് 1 മണിമുതൽ 2 മണിവരെ കോളജ് ഓഫീസിനു മുമ്പിൽ ഒത്തുചേർന്നു. പി.ററി.എ പ്രതിനിധികൾ, എ.കെ.പി.സി.ടി.എ ബ്രാഞ്ച് സെക്രട്ടറി പി.ഹരിദാസ്, എ.ഐ.എസ്.എഫ് ജില്ലാസെക്രട്ടറി സിദ്ദി

ഫ് തുടങ്ങിയവർ സമരത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. വീണ്ടും 2 മണിക്ക് ക്ലാസ്സുകളിലേക്ക് നീങ്ങിയ അദ്ധ്യാപകരും വിദ്യാർത്ഥികളും 4 മണിക്ക് വീണ്ടും ഓഫീസിനു മുമ്പിൽ സംഘടിക്കുകയും കെ.എസ്.ററി.എ സംസ്ഥാന കമ്മിററിമെമ്പർ രാധാകൃഷ്ണൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് പി.ററി.എ പ്രതിനിധി പ്രൊഫ. എ.ടി.ചെറിയാന് നാരങ്ങാനീരുനൽകി ഉപവാസം അവസാനിപ്പിക്കുകയും ചെയ്തു. കോളജിലെ മുഴുവൻ വിദ്യാർത്ഥികളും പങ്കെടുത്ത സമരത്തിൽ വച്ച് സ്വാശ്രയ കോഴ്സുകൾ തുടങ്ങുവാനുള്ള നീക്കത്തിൽ നിന്നും മാനേജ്മെന്റ് പിന്മാറിയില്ലെങ്കിൽ ഗാന്ധിയൻ സമരമുറകൾ വെടിഞ്ഞ് ശക്തമായ സമരങ്ങളെ നേരിടേണ്ടിവരുമെന്ന് മാനേജ്മെന്റും പ്രൊഫ. എ.ടി.ചെറിയാൻ മുന്നറിയിപ്പു നൽകി. ഉപാവാസം 5 മണിക്ക് അവസാനിച്ചു.


*With best compliments from*

# ROBIN SPORTS CENTRE

**CULLEN ROAD, WEST OF PITCHU IYER JN.**
**ALAPPUZHA, KERALA - 688 001**
**PH: 0477-242498, RES: 252588**

**Dealers in : All kind of Sports Good, Sports Wears, Trophies, Swimming, Gymnasium & Health Club Equipments**

With best compliments from

# SD College Employees Co operative Credit Society Ltd. No. A 753,

ALAPPUZHA -3

**P.M. Narayanan Namboodri**
President

**V. Viswanatha Surbamonian**
Secretary

പ്രൈവററ് കോളജ് അദ്ധ്യാപകപ്രസ്ഥാനം കേരളത്തിൽ

# 'History of a Cut'

## പൂർണ്ണരൂപത്തിൽ

**പ്രൊഫ.വി.എൻ.മുരളി**

മുൻ ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ.

പ്രൈവററ് കോളജദ്ധ്യാപകരുടെ വരുംകാല പോരാട്ടങ്ങൾക്ക് വെളിച്ചമാകട്ടെ എന്നു കരുതി പ്രൊഫ. എം.പി.പോൾ, സ്വന്തം 'സമരകഥ' ലഘുലേഖാരൂപത്തിൽ അച്ചടിച്ച് പ്രസിദ്ധം ചെയ്തു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അത് വിതരണം ചെയ്ത ശേഷമാണ് അദ്ദേഹം സെന്റ് തോമസ് കോളജിന്റെ പടിയിറങ്ങിയത്. കോളജുകളിൽ സംഘടനകളൊന്നും ജന്മമെടുത്തിട്ടില്ലാത്ത 1932 കാലത്ത് ഇങ്ങനെ ഒരു സമരവും പിരിച്ചുവിടലും ഉണ്ടായി എന്നത് ചരിത്രസംഭവം തന്നെ. ഒററയാനായിട്ടാണെങ്കിലും ചങ്കുറപ്പോടെ പോരടിച്ച് താനുന്നയിച്ച വാദഗതികൾ സ്ഥാപിച്ച്, അവകാശങ്ങൾ പിടിച്ചുവാങ്ങിയ ശേഷമാണ് പോൾ സെന്റ് തോമസ് വിടുന്നത്. ഇത് സംബന്ധിച്ച് മാനേജ്മെന്റുമായി നടത്തിയ എല്ലാ കത്തിടപാടുകളും സമാഹരിച്ച് അതിന് അതിശക്തമായൊരു ആമുഖവും എഴുതിച്ചേർത്ത് അദ്ദേഹം പ്രസിദ്ധീകരിച്ചു. ആ ആമുഖത്തിന്റെ പൂർണ്ണരൂപം താഴെ കൊടുക്കുന്നു. ക്രാന്തദർശിയായ വലിയൊരു എഴുത്തുകാരന്റെ പ്രവചനസ്വഭാവമുള്ള വാക്കുകൾ ഇതിലുണ്ട്; എക്കാലത്തേയും പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ. ഇതൊരു പോളിന്റെ ഒററപ്പെട്ട കഥയല്ലെന്ന് സ്വയം തിരിച്ചറിയുന്നതുകൊണ്ടാകണം ഈ ലഘുലേഖയിൽ 'എഡിററർ' എന്നാണ് സ്വന്തം പേരിനു പകരം അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്.

### FOREWORD

The 'axe' is abroad. It has been laid at the roots of cosy sinecures and princely salaries. Even starvation wages have been cut down with fell indiscriminateness. O Economy! How many crimes are committed in thy name!

The 'axe' has been at work nearer home. A hundred good things are done elsewhere, and pass unnoticed. Provident Fund, for instance. But one bad thing finds scores of advocates and hundreds of imitators. Retrechment, for example. One evil begets another and justifies the latter's existence. Lawyers call it precedent; honest men call it example.

And so it came to pass that one fine morning the members of the St. Thomas College staff woke up to find themselves ten percent poorer (though none too rich before). They had been peremptorily called upon by the Management to make a sacrifice for they knew not what. Of course, we had all been hearing of the economic blizzard and the fall in prices and the scarcity of gold, and all the rest of it. But to all appearance (and none but a privileged few can get behind appearances) the St. Thomas College was out of the danger-zone-not within many leagues of it. The 'strength' was exceptionally high; the salaries were exceptionally low; the fee collection went on merrily all the year round without any remission; and books, furniture, manual labour for repair, etc., were cheaper than what they had used to be. In fact, the 'economic depression' was apparently all to the good of the College. There was no imaginable reason for a cut'; and even if there was, the editor, not being in the confidence of the Management, knew nothing about it. There had not been the slightest attempt at a consultation with those affected by the cut. On the contrary such an attempt initiated by some over-zealous members of the staff was turned down without much ado. Reason or no reason, the 'cut' was to stand, as its authors designed it. It was inevitable like Fate. Discussion, for-smooth! Would it have mended matters? Besides, unpleasant questions should have to be answered, lame explanations offered. Why make a pudder about nothing? After all, are they not our employees? Have we not kept their rice-pots boiling all these years? Fiat lux. Let retrenchment be, and retrenchment was.

And some shrugged their shoulders. Some raised their eye-brows. Some muttered fire and brim-stone under their breaths. All eased their heartburning as best they could - And one rebelled.

There was swift exchange of missiles. Protests on one side were met with an air of offended dignity on the other. The Management soon found that they had caught a Tartar. The policy of bluff had failed.

How to retreive the situation - that was the question. Make an exception in his favour? Prestige cries, No! Set him adrift? But he has been so serviceable hitherto. But, again he has become so obstinate, so assertive, so intractable. and above all, the Tone! Is there anything to match the insuffer-able audacity of that? Go he must. And the 'cut' shall prevail.

But he claims the right of service for full five years. He talks of a contract between the Management and himself. There's the rub. If the contract is admitted, he can't be sent away. If he is not sent away, he will stick to the terms of the convenant. Deny the contract, therefore; and there's and end of it.

And so was it done. The editor was served with a notice terminating his services from June, 15; no reason being alleged. Informal talks were of no avail. The Management were determined to uphold the 'cut' in his salary and also to send him away on June, 15. The editor was, therefore, constrained to seek the protection of a court of law. lawyers notices were exchanged, and a suit for arrears of pay was filed in the Munsiff's court, Trichur, on the 30th of May. At this stage, well-wishers of either side stepped in with the olive-branch. The plaintiff stuck to his three points: (1) the withdrawl of the 'cut' up to the last day of his service. (2) the formal withdrawl of the notice served on him and the acceptance of his resignation instead; and (3) compensation for abandoning the right, even if debatable, arising out of the contract five years service. When the legal machinery began to move, the Managerial machinery also began to move; and at least a formal agreement was signed by the Manager and the plaintiff on June 12, embodying the three 'points' of the plaintiff.

Meanwhile, Dame Slander went about among the gullible children of Eve, and kept all her mil-lion tongues busy with whisperings and insinuations. Some raised their hands, and exclaimed,

"What's the world coming to? Suit against the Bishop?" Others said, "It's just as it should be. It is high time to teach the Unteachables of Olympus an unforgettable lesson". Still other stood apart and watched the fray. Motives were freely attributed to the plaintiff-anti-clericalism, modernism, monotheism, polytheism, atheism and other-isms without number. Even the word 'excommunication' was bandied about, at which the Editor thought, "The economic depression has affected that commodity also" and said to those who suggested it, "If excommunication were so cheap I should like to purchase one - nay, half a dozen".

The editor thinks it unnecessary to offer a categorical denial to these innocuous slanders. He deems it sufficient to publish the whole correspondence, and is content to be judged by the public conscience. In justice to himself, however, be it said that if in the following letters he has evinced an overweening self-confidence, it was for the most part due to his 'good faith' in the contract between the Management and himself. He had never doubted it for a moment; and he had never doubted that it would be doubted. When it was doubted - nay, denied in so many words - he felt he had been living in fairlyland all these four years. Hence the piquancy of a few of his remarks. But as to the suggestion that the ecclesiastical dignity of the Management demands an abject surrender on his part, he has only to say that the ecclesiastical function of the Manager of a College is as much to the purpose as the fact that the editor is father of a quarter of a dozen girls. He has written all along as one party to a contract to another, his superior in many other respects.

A word, now, about another category of letters. Though the letters addressed to His Excellency the Bishop of Trichur were expressly meant to be confidential, the editor fears that the confidence has been ill kept. Certain expressions used in the letters, notably 'the Economics of Mars', have come in for a good deal of uncalled-for publicity. The impression had generally gained ground that the letters are improper in the extreme and disrespectful in tone. Without trying to account for such an impression, the Editor hereby challenges the candour of the public by publishing these letters. Let the reader remember, however, that these letters were not originally meant for other eyes, but were written with the freedom of a confession (even if an uninvited confession).

**Editor**

Trichur
24.6.1932




*Congratulations Congratulations Congratulations Congratulations*
*Congratulations Congratulations Congratulations Congratulations*
*Congratulations Congratulations Congratulations Congratulations*
*Congratulations Congratulations Congratulations Congratulations*
*Congratulations Congratulations Congratulations Congratulations*
*Congratulations Congratulations Congratulations Congratulations*

## St. Berchman's Award

Dr. B. Jayachandran, Reader and Head of the Dept. of Physics, SN College Varkala has been selected for this years St' Berchmans Teacher Award instituted by SB College, Changanacherry. The award comprises Rs. 25,000/- in cash, citation and a scroll of honour.

# പയ്യന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്

**ലിമിറ്റഡ് നമ്പർ എഫ്. 1234, H.O പയ്യന്നൂർ, ഫോൺ- 202662**

**ജില്ലയിലെ പ്രമുഖ ക്ലാസ്സ് I**
**സ്പെഷ്യൽ ഗ്രേഡ് ബാങ്ക്**
**പ്രവർത്തന മൂലധനം 50 കോടി രൂപ**

## ബ്രാഞ്ചുകൾ

| | | | | | |
|---|---|---|---|---|---|
| പയ്യന്നൂർ | ഫോൺ: | 208361 | രാമന്തളി | ഫോൺ: | 222115 |
| സായാഹ്ന ശാഖ, പയ്യന്നൂർ | ,, | 208361 | കവ്വായി | ,, | 203135 |
| കരിവെള്ളൂർ | ,, | 260224 | അന്നൂർ | ,, | 205229 |
| കാങ്കോൽ | ,, | 280238 | പെരുമ്പ | ,, | 202801 |
| റെയിൽവേ ഗെയിറ്റ്, പയ്യന്നൂർ | | 205980 | പെരുമ്പ | ,, | 201214 |
| [illegible] (കക്കിരിയാട്) | ,, | 280838 | (സായാഹ്നശാഖ) | | |
| കരിവെള്ളൂർ സായാഹ്നശാഖ | ,, | 260424 | | | |

റെയിൽവേ ഗെയിറ്റ് ശാഖയിൽ ലോക്കർ സൗകര്യം

**വൈകുന്നേരം 3.30 മുതൽ 7.30 വരെ പ്രവർത്തിക്കുന്ന**
**സായാഹ്ന ശാഖകൾ, പയ്യന്നൂർ, പെരുമ്പ, കരിവെള്ളൂർ**

സായാഹ്നശാഖ ഞായർ പ്രവർത്തി ദിവസം - വ്യാഴം ഒഴിവ് (പയ്യന്നൂർ, കരിവെള്ളൂർ)
പെരുമ്പ സായാഹ്നശാഖ ഞായർ പ്രവർത്തി ദിവസം - വെള്ളി ഒഴിവ്

*കൂടുതൽ വിവരങ്ങൾക്ക് ഹെഡ് ഓഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക...*

**ജി.ഡി.നായർ**
പ്രസിഡന്റ്

സി.എം.രാഘവൻ നമ്പ്യാർ
ചീഫ് എക്സിക്യൂട്ടീവ്/അസി. രജിസ്ട്രാർ

# നീതി മെഡിക്കൽ സ്റ്റോർ

**ബസ്സ്റ്റാന്റ്, പയ്യന്നൂർ, ഫോൺ: 203004**

മരുന്നുകൾക്ക്
10% വിലക്കുറവ്...!

# പാബ്ളൊ നെരൂദയ്ക്ക് പ്രണാമം

എം. എസ്.വസന്തകുമാർ
എസ്. എൻ. കോളജ്, കൊല്ലം

ഇക്കഴിഞ്ഞ ജൂലൈ 12-ാം തീയതി ആയിരുന്നു വിശ്വമഹാകവി പാബ്ളൊ നെരൂദയുടെ നൂറാം ജന്മദിനം. വാർത്താമാദ്ധ്യമങ്ങൾ സ്പർശിക്കാത്ത ഒരു വിശേഷം, പി.ഗോവിന്ദപ്പിള്ള ദേശാഭിമാനിയിൽ ഹ്രസ്വ സമഗ്രതയോടെ ഇരുപതാം നൂററാണ്ടിലെ ആ കവിയെ അനുസ്മരിച്ച് എഴുതിയത് ഒഴികെ! സെൻസേഷന്റെ വിലകുറഞ്ഞ തന്ത്രങ്ങൾ പയററുന്ന ബൂർഷ്വാ മാദ്ധ്യമങ്ങൾ വ്യാജവിവാദങ്ങളാൽ മുടിയാട്ടം നടത്തുമ്പോൾ കമ്മ്യൂണിസത്തിന്റെയും മാനവികതയുടെയും മഹാകവിയായി പരിണമിച്ച പാബ്ളൊ നെരൂദയെ ആരോർക്കാൻ?



പാബ്ളൊ നെരൂദ ഒരു തൂലികാ നാമമാണ്. തെക്കൻ ചിലിയിലെ പർറാൾ എന്ന ഗ്രാമത്തിൽ പിറന്ന നെഫ്തലി റിക്കാഡോ റെയെസ് ബസ്വാൽടോ ആണ് പാബ്ളൊ നെരൂദ എന്ന നാമധേയത്താൽ പ്രഖ്യാതനായിത്തീർന്നത്. 1904 ജൂലൈ 12ന് ആയിരുന്നു ജനനം.

തെക്കേ അമേരിക്കയുടെ തെക്കു പടിഞ്ഞാറൻ തീരത്താണ് ചിലി. ശാന്തസമുദ്രത്തിനും ആൻഡിയൽ പർവ്വത നിരകൾക്കുമിടയിൽ നീണ്ടു കിടക്കുന്ന തന്റെ രാജ്യത്തെ നെരൂദ വർണ്ണിച്ചത് അതിന്റെ ഭൂപ്രകൃതിയെയും ധാതുനിക്ഷേപത്തെയും കവിതയിൽ ചാലിച്ചാണ്.

എന്റെ മെലിഞ്ഞ നാടിന്
രൂപം നൽകുന്നത്
മഞ്ഞും മണലും രാത്രിയുമാണ്.
മൗനം മുഴുവനും അതിന്റെ
നീണ്ട തീരങ്ങളിൽ ഉണ്ട്.
കൽക്കരി മുഴുവൻ അതിനെ
നിഗൂഢ ചുംബനങ്ങളിൽ പൊതിയുന്നു,
സ്വർണ്ണം അതിന്റെ വിരലുകളിൽ
ഒരു കനൽപോലെ എരിയുന്നു,
വെള്ളി, ഒരു ഹരിത ചന്ദ്രനെപ്പോലെ
ഈ ദുഃഖാകുലമായ ഗ്രഹത്തിന്റെ
ഘനഛായ പ്രതിഫലിപ്പിക്കുന്നു.
(കവിത - ചിലികണ്ടുപിടിച്ചവർ
സമാഹാരം - കാന്റോ ജനറൽ
)

ചിലിയിലെ ഒരു ദരിദ്രകുടുംബത്തിലായിരുന്നു മഹാകവി പിറന്നത്. അമ്മ പ്രൈമറി സ്കൂൾ അദ്ധ്യാപിക ആയിരുന്നു. നെരൂദയ്ക്ക് ഒരു മാസം പ്രായം തികയുന്നതിനുമുമ്പ് അമ്മ മരിച്ചു. അച്ഛൻ തീവണ്ടി ഡ്രൈവറായിരുന്നു. നെരൂദയുടെ ബാല്യത്തിൽതന്നെ അച്ഛൻ വണ്ടിയിൽ നിന്ന് വീണ് മരിച്ചു.

എന്റെ പിതാവ്
ലോകത്തിലെ ഏററവും അധികം
മഴ വീഴുന്ന സിമിത്തേരികളിൽ ഒന്നിൽ
അടക്കം ചെയ്യപ്പെട്ടിരിക്കുന്നു.

- പിൽക്കാലത്ത് നെരൂദയുടെ കവിതയിൽ അച്ഛൻ പുനർജനിച്ചത് ഇങ്ങിനെയാണ്.

സ്കൂളിൽ :പഠിക്കുന്ന കാലം തൊട്ടേ നെരൂദ കവിത എഴുതുമായിരുന്നു. ഒരു ഉപജീവനത്തിന് വഴി തേടാതെ കവിത എഴുതി നടക്കുന്നതിന് അച്ഛൻ വഴക്കു പറയുമോ എന്ന് ശങ്കിച്ചാണ് പേരുമാററി തന്റെ ആരാധ്യനായ ചെക്കോസ്ളോവാക്യൻ കവി

ജാൻ നെരൂദയുടെ പേര് അനുസ്മരിച്ചുകൊണ്ട് പാബ്ളൊ നെരൂദ എന്ന പേര് അദ്ദേഹം സ്വീകരിച്ചത്.

നന്നെ ചെറുപ്പത്തിൽ തന്നെ ഏറെ കവിതകൾ പ്രസിദ്ധീകരിച്ച്, കവി എന്ന അംഗീകാരം ആർജ്ജിക്കാൻ നെരൂദയ്ക്ക് കഴിഞ്ഞു. പ്രേമവും അരാജകവാദവും നെരൂദയ്ക്ക് കവിതയുടെ പ്രേരണകളായി.

മഞ്ഞ് പുൽതട്ടിൽ
ഇറുന്നു വീഴുംപോലെ
വന്നു വീഴുന്നിതാന്മാവിൽ
കവിതകൾ....
രാവ് ചിതറിത്തെറിച്ചുപോയ്
ഇപ്പോഴെൻ
കൂടെയില്ലോമലാൾ.

'ഇരുപത് വയസ്സ് തികയുന്നതിന് മുമ്പ്' ഇരുപത് പ്രണയകവിതകളും ഒരു നിരാശാഗീതവും' എന്ന കവിതാ സമാഹാരമിറങ്ങി. ചിലിയൻ യുവാക്കളുടെ ആരാധ്യനായിത്തീരാൻ നെരൂദയ്ക്ക് മറെറാന്നും വേണ്ടിയിരുന്നില്ല.

അദ്ധ്വാനിച്ച് ജീവിച്ച അച്ഛന്റെ അനുഭവങ്ങൾ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളിലേക്ക് ദത്തശ്രദ്ധനാകാൻ നെരൂദയ്ക്ക് പ്രേരണയായി. തൊഴിലാളി യോഗങ്ങളിൽ പോവുകയും അവർക്ക്വേണ്ടി പാടുകയും ചെയ്ത് അദ്ദേഹം വേഗം ജനകീയ കവിയായി.

ഇന്ന്, ഈ കടലാസുതുണ്ട്
നിങ്ങളെയോർക്കുന്നു,
നിങ്ങളെ ഓരോരുത്തരേയും!
ഉൾക്കടലിലെ വള്ളക്കാരേ,
തോണികളിൽ കിടന്നു
കറുത്തുപോയ മനുഷ്യരേ,
എന്റെ കണ്ണുകളും
നിങ്ങളുടേതിനൊത്തു നീങ്ങുന്നു.
മരുഭൂമിയുടെ സന്തതികളേ,
എന്റെ ആത്മാവ് ഒരു തൂമ്പയാണ്,
നിങ്ങളോട് ഉരുമ്മി നിന്ന്
അത് മഞ്ഞും ചോരയും
കയററിയുമിറക്കിയും ഉയരുന്നു.
(കവിത - വെടിയുപ്പുകോരുന്നവൻ
സമാഹാരം - കാന്റോ ജനറൽ)

ഇത്തരം കവിതകൾ സാധാരണ ജനങ്ങളുടെ ചുണ്ടിൽ താളം കണ്ടെത്തി.

ഈയെമ്മെസ്സു പതാകയുയർത്താൻ
ഇവിടേയ്ക്കെത്തും നേരം
എനിക്ക് പാടാൻ മോഹം വയലാർ
എഴുതിയ വിപ്ലവഗാനം

വയലാറിന്റെ ഈ വരികൾ ( ഒരു ഗാനത്തിന്റെ ഇതിഹാസം) ഉതിർന്നു വീണപോലൊരു കാലാവസ്ഥ നെരൂദയ്ക്കും സഹൃദയനുമിടയിൽ ചിലിയിൽ ഉണ്ടായിരുന്നിരിക്കണം.

നെരൂദയ്ക്ക് കവി എന്ന നിലയിൽ ഇരുപത്തി അഞ്ചാമത്തെ വയസ്സിൽ ലഭിച്ച പ്രശസ്തി, സർക്കാർ ശ്രദ്ധിച്ചു. അദ്ദേഹത്തെ നയതന്ത്രപ്രതിനിധിയായി പല രാജ്യങ്ങളിലേക്ക് അയയ്ക്കാനും നിശ്ചയിച്ചു. ഇന്ത്യ, ബർമ്മ, ഇന്തോനേഷ്യ, സിംഗപ്പൂർ, സ്പെയിൻ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങളിൽ പ്രതിനിധിയായി നെരൂദ പോയി. 'നാടുകടത്തപ്പെട്ടവനെപ്പോലെ' യായി നെരൂദ എങ്കിലും ഈ ദൗത്യം പല ജനത പലേ നിബന്ധനം പല വേഷ ഭാഷകൾ' ഒക്കെ പരിചയപ്പെടാനും സ്വന്തം വീക്ഷണത്തിലും സമീപനത്തിലും സാരവത്തായ സൽസ്വാധീനത്തിന് കാരണമാകാനും ഇടയാക്കി.

സ്പെയിനിലെ നയതരദൗത്യം തന്റെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവായി. 1936-38ൽ അവിടെ തെരഞ്ഞെടുക്കപ്പെട്ട ഇടതുപക്ഷ ജനാധിപത്യ സർക്കാരിന്റെ ഹിററ്ലർ-മുസോളിനി ഒത്താശയോടെ, മാർപ്പാപ്പയുടെ പിന്തുണയോടെ അട്ടിമറിച്ചു. അതിന് മുന്നണി പ്രവർത്തനം നടത്തിയത് ജനറൽ ഫ്രാങ്കോ ആയിരുന്നു. ആ അട്ടിമറി രക്തച്ചൊരിച്ചിലും രക്തസാക്ഷികളെയും സൃഷ്ടിച്ചു. നെരൂദയുടെ പ്രിയസുഹൃത്തായിരുന്ന കവി ലോർക്കയും മററ് സാംസ്കാരിക നായകരും വധിക്കപ്പെട്ടു. ഈ സംഭവങ്ങൾ അദ്ദേഹത്തെ പുതിയ ഒരാളാക്കിത്തീർത്തു. കവിതയുടെ പ്രണയഭാവത്തിനൊരു പ്രകടമായ മാററം കണ്ടു തുടങ്ങി.

നിങ്ങൾ ചോദിക്കുന്നു
എവിടെ ലൈലാക്കുകൾ,
എവിടെ കിളികൾ
എന്തുകൊണ്ടാണവന്റെ കവിത
ഇലകളെയും കിനാവുകളേയും
ജന്മനാട്ടിലെ കൂററൻ
അഗ്നിപർവ്വതങ്ങളെയുംകുറിച്ച്
സംസാരിക്കാത്തത്?
വരൂ, ഈ തെരുവുകളിലെ രക്തം കാണൂ
വരൂ, കാണൂ
ഈ തെരുവുകളിലെ രക്തം!
(കവിത - ചില കാര്യങ്ങളുടെ വിശദീകരണം)

സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിന്റെ പരിസരത്തിൽ നെരൂദ താമസിക്കുന്ന കാലത്താണ് അവിടെ അട്ടിമറി നടന്നത്.

കുഞ്ഞുങ്ങളെക്കൊല്ലാൻ കൊള്ളക്കാർ
ആകാശത്തിലൂടെ വന്നെത്തി.
കൃഷിയിടങ്ങളും പ്രഭുക്കന്മാരുമുള്ള കൊള്ളക്കാർ,
മോതിരങ്ങളും പ്രഭ്വിമാരുമുള്ള കൊള്ളക്കാർ,

അനുഗ്രഹം വാരിവിതറുന്ന
കറുത്ത സന്യാസിമാരുള്ള കൊള്ളക്കാർ, ........
കുഞ്ഞുങ്ങളുടെ ചോര തെരുവുകളിൽ
ഓടിയാർത്തു.
(കവിത - ചില കാര്യങ്ങളുടെ വിശദീകരണം)

കവിയുടെ ഉലഞ്ഞ മനസ്സ് വീണ്ടും ചിട്ടപ്പെട്ടപ്പോൾ അരാജകവാദം വെടിയുകയും ശാസ്ത്രയുക്തമായ സിദ്ധാന്തവും കർമ്മപദ്ധതിയും തേടി മാർക്സിസത്തിൽ ആത്മസാക്ഷാത്കാരം കണ്ടെത്തുകയും ചെയ്തു. അദ്ദേഹം പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമാവുകയും ചെയ്തു. ആ പാർട്ടി സമ്മാനിച്ച ധന്യതയെ വാഴ്ത്തുന്ന കവിതയാണ് 'എന്റെ രാഷ്ട്രീയ കക്ഷിക്ക്'.

എന്റെ സഹോദരരുടെ കഠിനശയ്യയിൽ
വിശ്രമം കൊള്ളാൻ നീയെന്നെ പഠിപ്പിച്ചു.
ഒരു പാറമേൽ എന്നപോലെ
യാഥാർത്ഥ്യത്തിന്മേൽ നിർമ്മാണം നടത്താൻ
നീ എന്നെ പ്രേരിപ്പിച്ചു.
ലോകത്തിന്റെ പ്രസന്നതയും
സൗഖ്യത്തിന്റെ സാദ്ധ്യതയും
കണ്ടെത്തുവാൻ നീ എന്നെ പഠിപ്പിച്ചു,
നീ എന്നെ അനശ്വരനാക്കി
എന്തെന്നാൽ
ഇനി മേൽ ഞാൻ എന്നിൽത്തന്നെ
ഒടുങ്ങുന്നില്ല.
(കവിത - എന്റെ രാഷ്ട്രീയ കക്ഷിക്ക്
സമാഹാരം - കാന്റോ ജനറൽ)

മെക്സിക്കോവിലെ ചിലിയൻ ഉപദേഷ്ടാവായി സേവനമനുഷ്ഠിച്ച് മടങ്ങി വന്ന നെരൂദ, ഖനിത്തൊഴിലാളികളുടെ അഭിലാഷ പ്രകാരം ചിലിയിലെ സെനററായി മത്സരിച്ച് ജയിച്ചു. 1944ലെ ഈ തെരഞ്ഞെടുപ്പോടെ ചിലിയൻ രാഷ്ട്രീയത്തിലെ സജീവസാന്നിദ്ധ്യമായി നെരൂദ മാറി. ചിലിയിലെ യാഥാസ്ഥിതികരുടെ കണ്ണിലെ കരടായിത്തീരാൻ മററൊന്നും വേണ്ടിയിരുന്നില്ല. പോരെങ്കിൽ പ്രണയകവിത പാടിയ ആൾ ചേറും ചോരയും തീണ്ടി 'അശുദ്ധ'നായി. അദ്ദേഹത്തെ വേട്ടപ്പാടി പിടിക്കാൻ രഹസ്യപ്പോലീസിനെ നിയോഗിച്ചു - 1948ൽ ചിലിയിൽ ഭരണമേററ വലതുപക്ഷ സ്വേച്ഛാധിപതി ഗോൺഥാലെഥ് വീഡെലായെ നെരൂദ കഠിനമായി വിമർശിച്ചതായിരുന്നു കാരണം. നെരൂദ അങ്ങനെ 'രാജ്യദ്രോഹി' ആയി. അദ്ദേഹം ഒളിവിൽ പോയി. ചിലിയിലെ 'നള്ളക്കണ്ടി പൊക്കൻ'മാർ, തൊഴിലാളി സഖാക്കൾ, അദ്ദേഹത്തെ സുരക്ഷിതമായി കാത്തു സൂക്ഷിച്ചു. മെക്സിക്കോവിലേക്കും അവിടെ നിന്ന് പാരീസിലേക്കും അദ്ദേഹം കടന്നു.

ഈ അജ്ഞാതവാസക്കാലത്താണ് അദ്ദേഹത്തിന്റെ മാസ്റ്റർപീസ് 'കാന്റോ ജനറൽ' വിരചിതമാവുന്നത്. ഈ മഹാകാവ്യത്തിൽ ഇല്ലാത്തതൊന്നും ഇല്ല. മനുഷ്യരാശിയുടെ ചരിത്രമാണത്. വിശേഷിച്ചും അമേരിക്കയുടെ ചരിത്രവും തകർച്ചയും, ജന്തുജാലവൈവിദ്ധ്യവും, സുഖദുഃഖങ്ങളും എല്ലാം അത് പേറുന്നു. പതിനഞ്ച് കാണ്ഡങ്ങളടങ്ങിയതാണ് 'കാന്റോ ജനറൽ'. തന്നെ വൃക്ഷത്തെപ്പോലെ ഉന്നതനും ദുഷ്കർമ്മങ്ങൾക്ക് ശത്രുവുമാക്കി കരുത്തു നൽകിയ തന്റെ രാഷ്ട്രീയ കക്ഷിക്ക് പ്രണാമം അർപ്പിച്ചുകൊണ്ടാണ് 'കാന്റോ ജനറൽ' പൂർണ്ണമാകുന്നത്.

1970-ൽ ഇടതുപക്ഷ സ്ഥാനാർത്ഥിയായി ചിലിയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് നെരൂദ നാമനിർദ്ദേശം ചെയ്യപ്പെട്ടു. പക്ഷെ സാൽവദോർ അലെണ്ടെയ്ക്ക് വേണ്ടി അദ്ദേഹം പിന്മാറി. അലെണ്ടെ അധികാരത്തിൽ വന്നു.

1973-ൽ അമേരിക്കയുടെ പിന്തുണയോടെ ജനറൽ പിനോച്ചേ അലെണ്ടെയെ ചതിച്ച് വധിച്ചു. അധികാരം കവർന്നെടുക്കുകയും ചെയ്തു. ലാമൊണേഡൊ കൊട്ടാരത്തിൽ ബോംബാക്രമണം നടത്തി നിഷ്ഠൂരമായ ഈ കശാപ്പ് നടക്കുമ്പോൾ രോഗശയ്യയിൽ ആയിരുന്ന നെരൂദയ്ക്ക് അത് താങ്ങാനാവാത്ത ആഘാതമായി. താൻ കൂടി സുദീർഘമായ പങ്കുവഹിച്ച് അധികാരത്തിലേററിയ ഭരണകൂടത്തിന്റെ തകർച്ചയിൽ മനംനൊന്ത് 1973 സെപ്തംബർ 23 ന് നെരൂദ അന്തരിച്ചു.

നെരൂദയുടെ ശവസംസ്കാരവിലാപയാത്ര അന്നത്തെ അധികാരം കയ്യാളിയ സൈനിക ഭരണകൂടത്തിനെതിരായ പ്രതിഷേധമായി മാറി. സാമ്രാജ്യത്വത്തിന്റെ കൂലിപ്പട നെരൂദയുടെ വീടും പുസ്തകങ്ങളും കയ്യെഴുത്തു പ്രതികളും നശിപ്പിച്ച് സായൂജ്യമടയാൻ ശ്രമിച്ചു.

സാമ്രാജ്യത്വത്തിന്റെ പിണിയാളുകൾ സാംസ്കാരിക സമ്പത്ത് നശിപ്പിക്കുന്ന സമകാലിക സംഭവങ്ങളിൽ മനസ്സ് പിടയുന്ന വേളയിൽ നെരൂദയുടെ നൂറാം പിറന്നാൾ വന്നിരിക്കുന്നു.

'കഠിന ഹൃദയരായ അധികാരികളുടെ
കയ്യിൽ കിടന്നു മരിക്കുന്ന
ഈ മുഹൂർത്തത്തിലെങ്കിലും'

നെരൂദയുടെ സന്ദേശങ്ങൾ നമുക്ക് വഴികാട്ടികളായി പരിണമിക്കട്ടെ.

*(വിവർത്തനത്തിൽ കവിത കുറെ ചോരുമെങ്കിലും എഴുപതുകളുടെ അവസാനം 'നെരൂദ, തെരഞ്ഞെടുത്ത കവിതകൾ' വിവർത്തനം ചെയ്ത് കൈരളിക്ക് സമ്മാനിച്ച പ്രിയപ്പെട്ട കവി സച്ചിദാനന്ദനെ നന്ദിപൂർവ്വം ഓർക്കുന്നു. അതിൽ നിന്ന് സാഹിത്യത്തിനും വിപ്ലവപ്രവർത്തനത്തിനും ഉത്തേജനമാർജ്ജിച്ചവർ അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു)*

# Concept of Data Protection in India

Dr. P.S.Mohanakumar
SS College, Kalady

Personal data is collected and used in many aspects of everyday life. Personal data can be any data that identifies an individual, such as name, a telephone number or a photo. Advancement in computer technology along with new telecommunication network has allowed personal data to be carried across continents with ease. Personal data can be collected directly from the individual or from an existing database. Data protection legislation attempts to extend the realm of an individual's right to privacy to infrastructure providers prcessing private data. It protects the sensitive consumer related information being processed or stored by the companies or individuals. The law also provides an avenue for redressal of grievances and resolution of disputes.

**Cyber crime**

The use of computers and the Internet tools or media to perpectuate a traditional offence eg. Child pornography, online fraud, criminal copyright infringement, defamation etc, are cyber crime. Usually a computer or computer network is the target or subject of the attack. The important cyber crimes are the following.

1. Unauthorized access to computer files and programs.
2. Unauthorized disruption of a computer system or network.
3. Identify theft such as password sniffing or cross-site scripting, impersonation of a computer etc.

Most of the cyber crimes are dealt with in the Information Technology Act, 2000 (IT Act). This Act will promote a secure electronic environment. The legislation deals with Internet Crimes that have been delineated above viz. contraventions and information technology offences.

**Hooverite-IMF Policy**

The IMF used to prescribe an expansionary policy during the periods of financial crisis in member countries i.e., more governmental intervention. But, of late the IMF and its economists prescribe government withdrawl in many fields. To stimulate demand in an economy during economic downturn the standard recipe was increased expenditure by the government. Today IMF-Hooverite prescription (Herbert Hoover) is the opposite of Keyne's expansionary policy. Hooverite contractionary policy suggest a balanced budget - reduce government expenditure, follow tight monetary and fiscal policy. As

per the Hooverite prescription the government is walking away from its responsibility of increased spending. The Hooverite-IMF prescription aggravated the situation in Thailand, Korea and other East Asian countries. The contractionary policy led to the contagion effect since it spills over other countries in an era of globalization.

The one-size-fit for all approach of IMF prescribes the same remedy for developed, developing and transition economics which itself is basically wrong. The alternative to IMF style programme is increased government intervention, especially in health, education and social sector. The wider set of imperfections in market, demand wider set of interventions.

**Tail Piece**

* Population

India is home to 16.7% of the world population living in just 2.4% of the world's total land area. The deciminal increase in population (1991 to 2001) in India has been 18.1 crores, equivalent to the total population of Canada, France and Germany.

* Human Right Violations

Violence, murder, mass slaughter, ethnic cleansing, torture, rape, child abuse, blood-curdling female infanticide, sexual abuse, dowry, death, crime committed on woman, child labour, police brutality, deaths in police custudy, trafficking in children, imprisonment of juveniles, child marriages, death and fleeing of children, increasing number of undertrails etc. are rapidly increasing in India. In Tamil Nadu 106 children were buried alive for 60 seconds in August 21,2002, while 488 custodial deaths were reported from Bihar alone. Are we failing to safeguard the human rights in India?

# സർവ്വീസ് പംക്തി

**?** 2004 മാർച്ച് മാസം കോളജ് സർവീസിൽ നിന്നും വിരമിക്കുന്ന എനിക്ക് 24 വർഷം 10 മാസത്തെ തുടർച്ച്യായായ സർവീസുണ്ട്. എനിക്ക് മൊത്തം എത്ര ദിവസത്തെ half pay leaveന് അർഹതയുണ്ട്?

*സുരേന്ദ്രൻ, ചെങ്ങന്നൂർ*

**=** ഒരു പൂർണവർഷ സേവനത്തിന് 20 ദിവസം എന്ന ക്രമത്തിൽ മാത്രമേ half pay leaveന് അർഹതയുള്ളു. ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിന് ആനുപാതികമായി ഈ അവധി ലഭിക്കുന്നതല്ല. താങ്കൾക്ക് 24 വർഷത്തെ സർവീസ് കണക്കാക്കി 24 X 20=480 ദിവസത്തെ HPLന് അർഹതയുണ്ടായിരിക്കും.

**?** State Scale ൽ തുടരുന്ന ഒരു കോളജ് അദ്ധ്യാപികയായ ഞാൻ 2003 ജൂലൈ മാസത്തിൽ 31 ദിവസത്തെ half pay leave എടുത്തപ്പോൾ Basic pay, DA, HRA എന്നിവയുടെ പകുതിയാണ് മൊത്തം ശമ്പളമായി ലഭിച്ചത്. Basic payയുടെ മുഴുവൻ DA-യ്ക്കും അർഹത ഉള്ളതായി പറയുന്നു. അത് ശരിയാണോ?

*ശ്രീനിധി, എറണാകുളം*

**=** നിങ്ങളുടെ BP 6500 രൂപ കവിഞ്ഞു കാണുമെന്നതിനാൽ HPL കാലയളവിൽ BPയുടെ പകുതിയും ആ തുകയ്ക്കുള്ള DAയും ലഭിക്കും. എന്നാൽ BP 6500 രൂപയോ അതിൽ കുറവോ ആണെങ്കിൽ BP യുടെ പകുതിയും മുഴുവൻ BPയുടെ DAയും കിട്ടും. ഈ തുക അവധിക്ക് തൊട്ടുമുമ്പ് വാങ്ങിയിരുന്ന BPയും DAയും കൂടി ചേർന്ന തുകയുടെ 65 ശതമാനത്തിൽ കുറയാനും പാടില്ല.

എന്നാൽ നിങ്ങളുടെ HRA കണക്കുകൂട്ടിയതിൽ പിശക് സംഭവിച്ചിട്ടുണ്ട്. 180 ദിവസം വരെ ശമ്പളത്തോടുകൂടിയ ഏത് അവധിക്കാലത്തേക്കും HRA മുഴുവനായി ലഭിക്കുന്നതാണ്.

**പ്രൊഫ. ടി.എൻ. മനോഹരൻ**

വായനക്കാരുടെ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.
വടയ്ക്കാട് ഹൗസ്, കുന്നുകുഴി പി. ഒ, തിരുവനന്തപുരം

# നാനോ സാങ്കേതിക വിദ്യയും പരിസ്ഥിതി പ്രശ്നങ്ങളും[1]

ഡോ. എം.ആർ.സുദർശനകുമാർ
എം. ജി. കോളജ്, തിരുവനന്തപുരം

ജൈവ സാങ്കേതിക വിദ്യയിലൂടെ ഉല്പാദിപ്പിക്കുന്ന ആഹാരപദാർത്ഥങ്ങൾ വമ്പൻ പ്രതിഷേധങ്ങൾക്ക് ഇടയാക്കിയിരുന്നു. അതുപോലെ ജൂണിൽ ബ്രസൽസിൽ വച്ച് നടന്ന പരിസ്ഥിതി പ്രവർത്തകരുടെ ഒത്തുചേരലിൽ നാനോ സാങ്കേതിക വിദ്യ സൃഷ്ടിക്കുന്ന ഉല്പന്നങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും കടുത്ത വിമർശനത്തിനിടയാക്കി. (നാനോമീററർ ($10^{-9}$ മീററർ) അളവിലെ സാങ്കേതിക വിദ്യയാണ് നാനോ സാങ്കേതിക വിദ്യ). ഇന്ന് പ്രചാരത്തിലുള്ള ഉല്പന്നങ്ങളിൽ അടങ്ങിയിരിക്കുന്ന അതിസൂക്ഷ്മ നാനോ കണങ്ങളുടെ പാർശ്വഫലങ്ങൾ എന്താണെന്ന് അറിയില്ലെന്നും അവയുടെ ഉപയോഗം നിയന്ത്രിക്കുവാനുള്ള സംവിധാനമില്ലെന്നും അവർ ചൂണ്ടിക്കാട്ടി. പല സൗന്ദര്യ വർദ്ധകങ്ങളിലും അടങ്ങിയിട്ടുള്ള ടൈററാനിയം ഡയോക്സൈഡിന്റെ നാനോകണങ്ങൾ മനുഷ്യശരീരത്തിന് ഹാനികരമാകാമെന്നവർ സംശയിക്കുന്നു. നാനോ കണങ്ങളുടെ ദൂഷ്യഫലങ്ങളെ കുറിച്ചുള്ള ഗവേഷണഫലങ്ങൾ ക്രോഡീകരിച്ച ലിവർപൂൾ സർവ്വകലാശാലയിലെ വൈവ്യൻ ഹൊവാർഡ് "ഈ ചെറു നാനോകണങ്ങൾ വിഷമയമാണ്. അതുകൊണ്ട് നാം കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

**വിൻസന്റ് വാൻഗോ[2]**

വിൻസെന്റ് വാൻഗോ 1889ൽ ഫ്രാൻസിൽ വച്ച് വരച്ച് 'ചന്ദ്രോദയം' എന്ന ചിത്രം വരച്ച തീയതിയും സമയവും ശാസ്ത്രജ്ഞർ കണ്ടെത്തി. സൗത്ത് വെസ്റ്റ് സർവ്വകലാശാലയിലെ ഡൊണാൾഡ് ഓൾസണും സഹപ്രവർത്തകരുമാണ് തീയതിയും സമയവും കണക്കുകൂട്ടിയത്. അവരുടെ കണക്കുകൂട്ടലുകൾ പ്രകാരം 1889 ജൂലൈ 13-ാം തീയതി രാത്രി 9.08നാണ് ഈ ചിത്രം വരച്ചത്. ചിത്രത്തിലെ ചന്ദ്രന്റെയും മററും സ്ഥാനം നോക്കി നിർണ്ണയിച്ച ഈ രീതിയെ കലാഗവേഷകർ പൂർണ്ണമായും അംഗീകരിച്ചിട്ടില്ല. ചിത്രകാരൻ തന്റെ ചിത്രത്തിൽ വസ്തുക്കൾക്ക് അവയുടെ യഥാർത്ഥ സ്ഥാനം തന്നെ നൽകണമെന്നില്ലെന്നവർ വാദിക്കുന്നു.

## പുതിയ ക്രിപ്റേറാൺ സംയുക്തം[3]

രാസപ്രവർത്തനത്തിലേർപ്പെടാൻ വിമുഖത കാട്ടുന്ന മൂലകങ്ങളാണ് ഉത്കൃഷ്ട വാതകങ്ങൾ. എന്നാൽ 1962ൽ ആദ്യമായി നിർമ്മിച്ച സീനോൺ സംയുക്തം ഉത്കൃഷ്ട വാതകങ്ങളുടെ നിരവധി സംയുക്തങ്ങൾ ഉണ്ടാകുന്നതിന് വഴിതെളിച്ചു. 2000-ത്തിൽ ഒരു ആർഗൺ സംയുക്തവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ലിയോനിഡ് ക്രിയക്റേറവും കൂട്ടരും ക്രിപ്റേറാണും അസററിലിനും ചേർന്ന ഒരു സംയുക്തം നിർമ്മിച്ചു. 'Hkrcch' എന്ന ഈ ക്രിപ്റേറാൺ കാർബണിക സംയുക്തത്തിൽ ക്രിപ്റേറാൺ കാർബൺ രാസബന്ധമുണ്ട്.

## ഐൻസ്റൈറൻ ചരിത്രരേഖകൾ ഓൺലൈനിൽ'[4]

ഇസ്രയലിലെ ഹീബ്രു സർവ്വകലാശാലയുടെയും കാലിഫോർണിയ ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജിയുടെയും സംയുക്ത സംരംഭമായി ഐൻസ്റൈറന്റെ ചരിത്രരേഖകളടങ്ങിയ വെബ്സൈററ് പിറവികൊണ്ടു. മൂവായിരത്തോളം ഡിജിററൽ ചിത്രങ്ങളും ഐൻസ്റൈറന്റെ ഇരുനൂററിമുപ്പതോളം ശാസ്ത്രസംബന്ധിയായ കൈയെഴുത്തു പ്രതികളും അവസാനകാലത്തു ചെയ്തുകൊണ്ടിരുന്ന ഗവേഷണത്തിന്റെ കരടുരൂപവും വെബ്സൈററിലുണ്ട്. ഐൻസ്റൈറന്റെ ഔദ്യോഗിക ജീവിതത്തെയും വ്യക്തിജീവിതത്തെയും സംബന്ധിച്ച നാല്പതിനായിരം പ്രാമാണിക രേഖകൾ 'ബ്രൗസ്' ചെയ്യുന്നതിനും ഈ സൈററിൽ സാദ്ധ്യമാണ്. മിക്കവയും പ്രസിദ്ധീകരിച്ചിട്ടില്ലാത്തതാണ്. www.alberteinstein.info' എന്നതാണ് സൈററിന്റെ വിലാസം.

References

1. New Scientist, 21 June 2003, P-10
2. Nature, 19 June 2003, P-794
3. J.Am.Chem.Soc, 125,6876,2003
4. Physics World, June 2003, P-13.

# IN CHHATTISGARH, A NEW UNIVERSITY OPENS EVERY WEEK

By Sakina Yusuf Khan
Times News Network

Thirty private universities setup in six months and another five in the pipeline. Or, a new university every week. Chhattisgarh seems to have stolen a march over the rest of India at least in one field.

The setting up of private universities in the country has been on hold pending the passing of the Private Universities Bill, languishing in Parliament since 1995. But Chhattisgarh passed the Private University Act last year, becoming the first state in the country to allow private universities, and opening the floodgates for educational business. Uttaranchal also passed the Act last year.

While it's raining universities in Chhattisgarh, the lack of infrastructure in most of them is appalling.

**Sample this:**

* The Mahaveer Academy of Technology and Science (MATS) is a one-room university with no vice-chancellor and no academic staff.
* The Sri Rawaputra Sarkar International University operates from a basement of a commercial complex. It offers a nursing course and plans to introduce engineering as well.
* Having procured the recognition certificate from chhattisgarh (which permits them to open branches anywhere in India or abroad) some, like the Maharshi University, have set up shop in Delhi. Its admission notice nowhere indicates that it is a Chhattisgarh University.
* At least half a dozen others have neither office nor campus and most of the promoters have not track record in education. But neither the lack of reputation nor infrastructure is a deterrent. MATS university claims to have received 280 applicants for its 50 seats in BBM and MBA.

And they are flocking in not just from Chattisgarh and neighbouring states but even from down South. Says Sreelatha Menon who's come all the way from Cochin for a nursing course, "Back home it would cost at least Rs 2 lakhs, here it's one-fourth of that. An MBA here costs justs Rs. 32,000". Agrees Suresh Nandan, a graduate: "These universities are a boon, offering courses at less than half the price we'd have to pay elsewhere".

But will these degrees be recognised elsewhere in the country? "Students are being duped. By the time they pass out, these universities would have been so discredited their degrees would be worthless", says educationalist Amrik singh.

Prof M.M.Pant, Chancellor of the recently - established Network University of Multinodal Global Education, is however upbeat: "It's all about open competition. Only the best will survive".

Chhattisgarh education minister Satya Narain Sharma was away on a state tour but his special assiatant Girish Kant Pandey said, "We want to make Chhattisgarh a centre of academic excellence. Everybody is welcome. We are giving excellent facilities and not putting too many preconditions".

# Lines Written in the Post-modern Class Room

**Prasad. D**

TKMM, College, Nangiarkulanagara

Reading and Reading
In the 'Refresher' course
The Readers cannot read
The Response
Words fall flat
Participants yawn
Mere bullshit is
Heaped upon the class.

In the temperate twilight
Of the Post-modern class room
Readers come and go
Verbal diarrhoea,
The Casual Comedy of Errors.

Pedagogic cripples on
Australian-Canadian crutches
Fumble and tumble
Mumbling Aborginology
Intention to boom like Bofors
Whimpers like the
Bushman's boomerang.

A lot of IT
A bit of BT
Babble of ELT
English for Confusion
And What not?
We are initiated
In to the Future,
The Brave New World
Of Cyber coolies.

Dissected and distempered
Defamilarised with distortions
We are de-constructed
With an overdose
Of stinking theory.

Marginalized,
Muted and thwarted
In the Academic ghetto
We are at last convinced
Of the inevitable:

'If Canada can cook literature
Can Australia be far behind?
If IT be the current fad
Can BT be far behind?

കൊല്ലം

## എ.കെ.പി.സി.ടി.എയ്ക്ക് ഉജ്ജ്വല വിജയം

ശാസ്താംകോട്ട ഡി.ബി.കോളജ് കൗൺസിലിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ആകെയുള്ള നാലു സീററുകളിലും എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളായ ഡി.രാധാകൃഷ്ണപിള്ള, കെ.സന്തോഷ്, എ.മോഹനകുമാർ, സന്ധ്യ.സി.വിദ്യാധരൻ എന്നിവർ വിജയിച്ചു.

ആലപ്പുഴ

## എ.കെ.പി.സി.ടി.എ യ്ക്ക് എതിരില്ല

ചേർത്തല എൻ എസ് എസ് കോളജ് കൗൺസിലിലേക്ക് എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളായ പ്രൊഫ. ബി.ശ്രീകുമാർ പ്രൊഫ. എൻ.മാധവമേനോൻ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

പാലക്കാട്

## കോളജ് സംരക്ഷണസമിതി രൂപീകരിച്ചു

ശ്രീകൃഷ്ണപുരം വി.ററി.ബി കോളജിൽ സ്വാശ്രയ കോഴ്സുകൾ തുടങ്ങുവാനുള്ള മാനേജ്മെന്റ് നീക്കത്തിനെതിരെ സമരം ശക്തമാക്കുന്നതിന്റെ ഭാഗമായ കടമ്പഴിപ്പുറത്ത് ചേർന്ന യോഗത്തിൽ വച്ച് കോളജ് സംരക്ഷണസമിതി രൂപീകരിച്ചു. എ.കെ.പി.സി.ടി.എ, വി.ടി.ബി കോളജ് ബ്രാഞ്ച് നേതൃത്വം നൽകിയ യോഗത്തിൽ ബ്ളോക്ക്/ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, രക്ഷകർത്താക്കൾ, പൂർവ്വവിദ്യാർത്ഥികൾ, വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, കെ.എസ്.ററി.എ, എൻ.ജി.ഒ യൂണിയൻ പ്രവർത്തകർ ഉൾപ്പെടെ നൂറോളംപേർ പങ്കെടുത്തു. യോഗത്തിൽവച്ച് ശ്രീകൃഷ്ണപുരം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ വൈസ് ചെയർമാൻമാരായും എ.കെ.പി.സി.ടി.എ ബ്രാഞ്ച് പ്രസിഡന്റ് പ്രൊ. എ.ററി.ചെയർമാൻ കൺവീനറായും ശ്രീ കെ.എസ്.ഗുപ്തൻ (കെ.എൻ.ററി.എസ്.യു) ശ്രീ. അതിജ് (യു.യു.സി) എസ്. എഫ്. ഐ തുടങ്ങിയവർ ജോ. കൺവീനർമാരായും ഉള്ള 21 അംഗ കോളജ് സംരക്ഷണ സമിതി രൂപീകരിച്ചു.

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ മേഖലയിലെ ഏക ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ വി.ററി.ബി കോളജിൽ സ്വാശ്രയകോഴ്സുകൾ തുടങ്ങുവാനുള്ള നീക്കത്തിൽനിന്നും മാനേജ്മെന്റ് പിന്മാറണമെന്നും കോളജിൽ എയിഡഡ് കോഴ്സുകൾ അനുവദിക്കണമെന്ന് ഗവൺമെന്റിനോടാവശ്യപ്പെടുന്നതും ആയ രണ്ട് പ്രമേയങ്ങൾ യോഗം അംഗീകരിച്ചു. വി.ടി.ബി.കോളജിൽ സ്വാശ്രയ കോഴ്സുകൾ തുടങ്ങുവാനുള്ള നീക്കവുമായി മാനേജ്മെന്റ് മുൻപോട്ട് പോകുന്നു എങ്കിൽ ശക്തമായ സമരങ്ങൾ സംഘടിപ്പിക്കുവാനും യോഗം തീരുമാനിച്ചു.

എറണാകുളം

## സംഘടനാ സ്വാതന്ത്ര്യത്തിനുവേണ്ടി ബഹുജനമാർച്ച്

കളമശ്ശേരി: സെന്റ് പോൾസ് കോളജിലെ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം നിരോധിച്ചുകൊണ്ടുള്ള പ്രിൻസിപ്പാളിന്റെ ഉത്തരവ് ജനാധിപത്യ വിരുദ്ധമാണെന്ന് എ.കെ.പി.സി.ടി.എസെന്റ് പോൾസ് കോളജ് ബ്രാഞ്ച് സെക്രട്ടറി വി.സി.ആന്റണി പറഞ്ഞു. ആയതിനാൽ ഈ ഉത്തരവ് പിൻവലിക്കണമെന്നും കോളജിൽ അക്കാദമിക് പ്രവർത്തനം സുഖമമായി നടക്കുന്നതിന് അധികൃതർ അതിനുവേണ്ടുന്ന സാഹചര്യം ഒരുക്കണമെന്നും അഭ്യർത്ഥിച്ചു.

കോളജിൽ വിദ്യാർത്ഥികളുടെ സംഘടനാസ്വാതന്ത്ര്യം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം 28-7-2003ന് സെന്റ് പോൾസ് കോളജ് പ്രിൻസിപ്പാളിന് എ.കെ.പി.സി.ടി.എ ബ്രാഞ്ച് നൽകുകയുണ്ടായി.

സംഘടനാസ്വാതന്ത്ര്യനിഷേധത്തിനെതിരെ ആഗസ്റ്റ് ഒന്നിന് കളമശ്ശേരി സെന്റ് പോൾസ് കോളജിലേക്ക് ബഹുജന മാർച്ച് നടന്നു. സംഘടനാസ്വാതന്ത്ര്യത്തിനുവേണ്ടി സെന്റ് പോൾസ് കോളജ് വിദ്യാർത്ഥികൾ ആഗസ്റ്റ് ഒന്നിന് ക്ലാസ്സുകൾ ബഹിഷ്ക്കരിച്ചു. ബഹുജന മാർച്ച് കോളജിന് മുന്നിൽ പോലീസ് തടഞ്ഞു. എച്ച്.എം.ടി കവലയിൽ ചേർന്ന പൊതുസമ്മേളനം കോൺഗ്രസ് ജില്ലാ സെക്രട്ടറി അഡ്വ. ബി.എ.മുത്തലിബ് ഉദ്ഘാടനം ചെയ്തു. എസ്.എഫ്.ഐ ജില്ലാ പ്രസിഡന്റ് ബി.സേതുരാജ്, ഡി.വൈ.എഫ്.ഐ സംസ്ഥാന കമ്മിററി അംഗം വി.എ.സക്കീർ ഹുസൈൻ, സി.പി.ഐ ഏരിയാ കമ്മിററി അംഗം എ.എം.യൂസഫ്, യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ഫ്രാൻസിസ് വലിയപറമ്പൻ, കെ.പി.സലിം, പൂർവ്വവിദ്യാർത്ഥി സംഘടന വൈസ് പ്രസിഡന്റ് ഉദയകുമാർ, സെന്റ് പോൾസ് കോളജ് യൂണിയൻ ജനറൽ സെക്രട്ടറി അഭിലാഷ് എന്നിവർ സംസാരിച്ചു. എസ്.എഫ്.ഐ ജില്ലാ സെക്രട്ടറിയേററംഗം അലക്സ് ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു.

# മതിയായ വായ്പ. മിതമായ പലിശ.



**വിദ്യാഭ്യാസ വായ്പ**
ഉപരിപഠന കാലയളവിൽ പലിശ മാത്രവും തുടർന്ന് മുതലും തിരിച്ചടക്കുവാനുള്ള സൗകര്യം. 15 ലക്ഷം രൂപ വരെ

**ഗൃഹോപകരണ വായ്പ**
കമ്പ്യൂട്ടർ, ഗൃഹോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 50,000 രൂപ വരെ വായ്പ

**ക്യാഷ് ക്രെഡിറ്റ്**
സ്റ്റോക്ക്/ബുക്ക് ഡെബ്റ്റിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപ വരെ ക്യാഷ് ക്രെഡിറ്റ് സൗകര്യം

**കാർഷിക വായ്പ**
തെങ്ങ് / വാഴ / മത്സ്യകൃഷി / ഡയറി തുടങ്ങിയ കാർഷിക പദ്ധതികൾക്ക് 25 ലക്ഷം രൂപ വരെ വായ്പ

**വ്യക്തിഗത വായ്പ**
വ്യക്തികൾക്ക് ഉദ്യോഗസ്ഥ ഇൻഡിക്കേറ്റർ ചെക്ക് അടിസ്ഥാനത്തിൽ 5 ലക്ഷം രൂപ വരെ പേഴ്സണൽ വായ്പ

**വാഹന വായ്പ**
5 വർഷം മുതൽ 15 വർഷം വരെ കാലയളവിൽ വാഹന വിലയുടെ 80% വരെ വായ്പ നൽകുന്നു

**ഭവന നിർമ്മാണ വായ്പ**
വീട് പണിയുന്നതിനും വാങ്ങുന്നതിനും പലിശ നിരക്കുകൾ - 10% മുതൽ 13% വരെ

**വാണിജ്യ വായ്പ**
കച്ചവടക്കാർക്ക് മറ്റു കച്ചവടക്കാരുടെ ഉറപ്പിൽ 2 ലക്ഷം രൂപ വരെ വായ്പ. വസ്തു ഈടിന്മേലാണെങ്കിൽ 5 ലക്ഷം രൂപ വരെ വായ്പ. ദിവസേന തിരിച്ചടക്കാൻ സൗകര്യം

**വിവാഹ വായ്പ**
വിവാഹാവശ്യങ്ങൾക്ക് 10% പലിശയിൽ 2 ലക്ഷം രൂപ വരെ വായ്പ. 100 മാസകാലാവധി

**പലിശരഹിത വായ്പ**
ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ ചികിത്സകൾക്ക് 1 ലക്ഷം രൂപ വരെ പലിശരഹിത വായ്പ

**റിയൽ എസ്റ്റേറ്റ് വായ്പ**
വസ്തു/ഫ്ലാറ്റ് വാങ്ങുന്നതിനും ഫ്ലാറ്റ്/ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനും വസ്തു വാങ്ങി വീടുപണിയുന്നതിനും വായ്പ

**സ്വയംസംരംഭക വായ്പകൾ**
ഫോൺ ബൂത്ത്, കോൾസെന്റർ, കമ്പ്യൂട്ടർ സെന്റർ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സംരംഭകർക്ക് 5 ലക്ഷം രൂപ വരെ വായ്പ

പലിശ നിരക്കുകൾ 10% മുതൽ 13% വരെ

സമീപത്തുള്ള ശാഖയിൽ ബന്ധപ്പെടുക
വായ്പാ വിവരങ്ങൾക്ക്
**ഇൻഫർമേഷൻ സെന്റർ**
**Mobile : 94471 29255**
**Phone : 2424899**

**സ്വർണ്ണ പണയ വായ്പ**
10% പലിശ നിരക്കിൽ 100 രൂപയ്ക്ക് പ്രതിമാസം 83 പൈസ മാത്രം പലിശ

**EMI നിരക്കുകൾ**

| വായ്പ തുക 1,00,000 രൂപ | | | | | |
|---|---|---|---|---|---|
| കാലാവധി | പലിശ നിരക്കുകൾ | 10% | 11% | 12% | 13% |
| 5 വർഷം | | 2125 | 2175 | 2225 | 2276 |
| 10 വർഷം | | 1322 | 1378 | 1435 | 1494 |
| 15 വർഷം | | 1075 | 1137 | 1201 | 1266 |

EMI നിരക്കിലും, ഡിമിനിഷിങ്ങ് നിരക്കിലും തിരിച്ചടക്കാൻ സൗകര്യം

## എറണാകുളം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം

പി. ബി. നമ്പർ : 4, തൃക്കാക്കര, കൊച്ചി-30. ഫോൺ : 2424549, 2424683, 2424684 ഇന്റർനെറ്റ് : www.ernakulamdcb.com ഇ-മെയിൽ : edcbnat@md4.vsnl.net.in

Board of Directors: M M Monaye (President) V P Saseendran (Vice President) Babu Paul, M E Hassainar, T R Vallabhan Namboothiripad, A J Johny, M K Chothi Master, K M Ambrose, P C Kuriakose, Shajan Varghese, Georgekutty Jacob, Sarojini Das, K K Syamalan, K P Babu, A Muhammed Basheer, A K Ambujakshan Pillai (General Manager)

ജനങ്ങളുടെ ബാങ്ക്, ജനങ്ങൾക്കൊപ്പം

# THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

The Vice Chancellor
Mahatma Gandhi University
Kottayam
Dated 22-7-2003

Dear Sir,

**Unauthorised Use of Power as Principal by Fr. K.J.Joseph, Sr. Grade Lecturer, KE College, Mannanam - Disciplinary Action reg:**

Fr. K.J.Joseph, Senior Grade Lecturer of KE College, Mannanam who is given temporary charge as Drawing and Disbursing Officer w.e.f 24-2-2001 as per order No.Acad/IV-2/Misc/88. dated 5-3-2001 subject to the condition that he will not be entitled to exercise any other statutory powers of the Principal except drawing and disbursing money to staff and students, has been acting unlawfully as the de-fecto Principal of the college ever since. He has been exercising all the statutory powers of the Principal and also using the designation and seal of the Principal in violation of the conditions of the above order.

It is understood that Fr. Joseph was given the charge as Drawing and Disburisng Officer on the erroneous claim made by him that he was Senior Grade Lecturer where as in fact he was not even qualified to be designated as Senior Grade Lecturer at the time of his designation as Drawing and Disbursing Officer. He qualified himself only subsequently after undergoing a refresher course as required by the University and was designted as Senior Grade Lecturer as per U.O.No.AC BV-1-257-2001 dated 29th October, 2002. Fr. Joseph has not qualified himself for being designated as Selection Grade Lecturer/Reader and he has not even submitted him papers for the same in the University till date. It is self-evident that Fr.Joseph is not qualified to become Principal even now.

Fr. Joseph, who has usurped the powers of the Principal, has now imposed a reign of terror in the college by denying organizational rights to the teachers and by framing unfounded charges against those who assert their rights. His acts of commission and omission have vitiated the academic atmosphere of the college and students and teachers are unable to pursue their activities in an atmosphere of mutual trust and undertaking.

I request you to intervene effectively and restrain Fr. K.J.Joseph from unlawfully exercising the powers of the Principal of K.E.College, Mannanam and also to make arrangements for the restoration of rule of law and normalcy in the college.

Enclosures:

1. U.O.No.Acad/IV-2/Misc/88 dated.5-3-2001
2. U.O.No.AC BV-1-257-2001 dated 29th October, 2002.

Thanking you

Yours faithfully
A.Prathapachandran Nair

## MAHATMA GANDHI UNIVERSITY

(Abstract)

KURIAKOSE ELIAS COLLEGE, MANNANAM - APPOINTMENT OF DRAWING AND DISBURSEMENT OFFICERS - APPROVED ORDERS - ISSUED

ACADEMIC 'B.XV' SECTION

No.Acad/B.IV-2/Misc/88. Dated, Priyadarshini Hills, 5th March 2001

Read:- Letter No.144/2001 dated 24-2-2001 from the Manager, K.E.College, Mannanam.

**ORDER**

The Vice-Chancellor has approved the appointment of Fr. K.J.Joseph, Senior Grade Lecturer in the Dept. of Economics, as the Drawing and Disbursing Officer of K.E.College, Mannanam w.e.f 24-02-2001 in the vacancy caused due to the death of Fr. James Puthanparambil, under proviso to statue 78 of Chapter 45(E) of Mahatma Gandhi University Statute 1997, subject to the condition that he will not be entitled to exercise any other statutory powers of the Principal except drawing and disbursing of money to staff and students.

Orders are issued accordingly

Sd/-
Deputy Registrar (ACAD II)
For Registrar

## Copy of AIFUCTO General Secretary's Message

General Secretary
AIFUCTO

His Excellency, Governor of Kerala
Raj Bhavan, Thiruvananthapuram.
21-7-2003
Sir,

*Denial of democratic and Organizational Right to teachers of KE College*

The All India Federation of University and College Teachers Organization (AIFUCTO) is deeply agitated over reports that despite the long tradition of trade union movement in the State of Kerala, certain managements in private colleges are denying basic democratic and organizational freedoms to teachers. Of particular concern is the development in K.E.College Mannanam where the management has initiated disciplinary proceedings against AIFUCTO Vice President and AKPCTA President Thomas Joseph and a few other teachers for defying the management's orders against holding Dharna in front of the college. I request you to intervene urgently in the matter to reaffirm the teachers' right to protest guaranteed in the Universal Declaration of Human Rights, Constitution of India and the order implementing UGC Scheme in the State.

Yours faithfully
B.Vijayakumar
(Sd)

(1)

GOVERNMENT OF KERALA

Abstract

TREASURY SAVINGS BANK _ REVISION OF RATE OF INTEREST ON TREASURY FIXED DEPOSITS - FURTHER ORDERS ISSUED.

FINANCE (STREAMLINING) DEPARTMENT

G.O.(P) No.190/03/Fin. Dated, Thiruvananthapuram, 31st March, 2003.

Read: G.O.(P) No.189/03/Fin. dated 31-3-2003.

ORDER

Government are pleased to order that Fixed Deposits in the Treasury Savings Bank for periods less than 180 days will not be entertained with effect from 1-4-2003.

By order of the Governor,

V.S.Senthil,
Secretary (Finance Expenditure)

(2)

GOVERNMENT OF KERALA

Abstract

TREASURY SAVINGS BANK - REVISION OF RATE OF INTEREST ON TREASURY FIXED DEPOSITS - ORDERS ISSUED

FINANCE (STREAMLINING) DEPARTMENT

G.O.(P)No.189/03/Fin. Dated, Thiruvananthapuram, 31st March, 2003.

Read: 1. G.O.(P)902/93/Fin. dated 1-12-1993
2. G.O.(P)374/95/Fin. dated 29-5-1995
3. G.O.(P)977/01/Fin. dated 17-8-2001
4. G.O.(P) 1489/01/Fin. dated 1-12-2001.
5. G.O.(P)1520/01/Fin. dated 5-12-2001.
6. G.O.(P)31/02/Fin. dated 8-1-2002
7. G.O.(P)553/02/Fin. dated 16-9-2002
8. G.O.(P)806/02/Fin. dated 31-12-2002

ORDER

Government are pleased to revise the rates of interest on fixed deposits in the Treasuries as given below with effect from 1-4-2003.

| Period | Existing rate | Revised rate |
|---|---|---|
| 180 days and above but below 1 year | 9.5% | 7% |
| 1 year and above but below 3 years | 9.5% | 9% |
| 3 years and above | 10% | 9.5% |

By order of the Governor,

C.P.Indira Devi
Additional Secretary

(3)

## GOVERNMENT OF KERALA

**Abstract**

PROVIDENT FUND - RATE OF INTEREST ON DEPOSITS IN THE VARIOUS PROVIDENT FUNDS FOR THE FINANCIAL YEAR 2003-2004 - FIXATION OF - ORDERS ISSUED

FINANCE (PROVIDENT FUND) DEPARTMENT

G.O.(MS)No.320/2003/Fin. Dated, Thiruvananthapuram, 13th June, 2003

Read: 1. G.O. (Ms) No.256/63/Fin. dated 16-5-1963
2. Resolution of the Government of India, Ministry of Finance No. F5(1)-PD/2003 dated 12-3-2003.

**ORDER**

In the Government Order read as 1st paper above, it was ordered that the Government of India rates of interest on the GPF (Central Service) deposits from time to time would be adopted by the State Government for all types of Provident Funds administered by the Government.

In the resolution read as 2nd above the Government of India have announced that during the year 2003-2004 accumulation at the credit of subscribers to General Provident Fund (Central Services) and other similar funds shall carry interest at the rate of 8% (Eight percent) per annum. This rate will be in force during the financial year beginning on 1-4-2003.

Government are pleased to order that the rate of interest that will be allowed per annum will be 8% (Eight percent) on all deposits and balances at the credit of subscribers of the following Provident Funds during the financial year 2003-2004.

1. General Provident Fund (Kerala)
2. The Contributory Provident Fund (Madras)
3. The Contributory Provident fund for the Non-pensionable Work charged Establishment of the Public Works Department.
4. The Contributory Provident Fund of the Forest Department.

5. The Contributory Provident Fund of the Public Health Engineering Department.
6. The Kerala Aided School Employees Provident Fund
7. The Kerala NMR Pensionable Workers Provident Fund.
8. The Travancore Licensed Teachers Provident Fund.
9. The Cochin Aided School Teachers Provident Fund
10. The Aided Secondary School Teachers Provident Fund
11. The Kerala Panchayat Employees Provident Fund.
12. The Kerala Private Engineering Colleges and Poly Technics Provided Fund.
13. The Public Works Department Engineering Workshop (Pensionable) Workers General Provident Fund.
14. The Kerala Private College Teachers Provident Fund
15. The Kerala Private College Non-Teaching Staff Provident Fund
16. The Kerala Ayruveda Studies and Research Society Employees Provident Fund.
17. The Vaidyaratnam Ayurveda College Employees Provident Fund.

By Order of the Governor
**C.P. Indira Devi**
Additional Secretary of Finance

**(4)**
**GOVERNMENT OF KERALA**

**Finance (Rules) Department**

**CIRCULAR**

No.37/2003/Fin. Dated, Thiruvananthapuram, 28th April, 2003

Sub:- Benefit of terminal surrender of Earned Leave - Admissibility further Clarification - Issued.
Ref:- Circular No. 4/03/Fin. dated 1-1-2003.

In the Circular cited it was clarified that the benefit of surrender of earned leave will be admissible only in cases of superannuation or death while in service. Doubts have been raised whether the benefit is admissible to cases of retirement other than superannuation as well. It is, hereby clarified that the benefit of surrender of earned leave is admissible in the cases of Retiring Pension (Voluntary Retirement). Invalid Pension and Compulsory Retirement also.

A. PETER HILARY
Additional Secretary

(5)

## GOVERNMENT OF KERALA

### FINANCE(RULES) DEPARTMENT

**CIRCULAR**

No.29/03/Fin Dated, Thiruvananthapuram, 29th March 2003.

Sub:- Public Services - Unauthorised absentees - Initiation and finalisation of disciplinary action - Instructions - Issued.

According to Appendix XIIA/XIIC of Kerala Rules, employees on leave without allowances, who do not return to duty immediately on expiry of the leave and those who absent themselves without getting the leave sanctioned shall be proceeded against and their service terminated after following the procedure laid down in the Kerala Civil Services (CC&A) Rules, 1960. But several instances have come to the notice of Government where the Departmental authorities are not taking action in rejecting the leave applied for if the same is not admissible and communicating the position to the applicant in time. In certain cases, even hibernation beyond the date of superannuation is noticed, rendering the authorities helpless in taking effective action under the rules. It is also observed that unauthorised absentees on return are permitted to rejoin duty ignoring the instructions issued to Circular No.36/94/Fin. dated 14-6-1994. Consequently, the delinquent employees escape the otherwise inescapable termination of their service due to laxity, inaction or collusion on the part of departmental authorities.

Punishment for unauthorised absense as per Appendix XIIA/XIIC of Kerala Service Rules is nothing but termination of service. Termination of service implies major punishment such as compulsory retirement, removal or dismissal from service enumerated under Rule 11 of KCS (CC&A) Rules, 1960 after initiating disciplinary action by the appropriate authority.-As the above penalities can be imposed only so long as the employee remains in service, it should be ensured that the disciplinary action initiated for unauthorised absence is completed well before the date of superannuation. This necessitates time bound action to deal with such cases.

Government have examined the matter in detail and are pleased to issue the following instructions prescribing a time frame for initiating and finalising action against those who enter/continue on Leave Without Allowances under Appendix XIIA/XIIC before getting sanctioned/extended.

The employees should submit application for or extension of leave well in advance. The Head of Office/Department shall forward such application to the higher authority within a week positively on receipt of the application with proper recommendation and necessary details. The Administrative Department in Government shall take a decision on the application and communicate it to the Head of the Department and the applicant within

three weeks in the case of Non-Gazetted Officers and within one month in the case of Gazetted Officers. All Head of Offices should maintain Incumbent Register showing updated details of the staff under their control. Whenever it is noticed that any employee relinquishes charge of office and leaves without getting the leave sanctioned or is continuing employment elsewhere without getting the extention of leave sanctioned under the rules, the matter shall be followed up promptly and the position brought to the notice of the Head of Department within a fortnight from the date on which the irregularity is noticed. The Head of Department should view the issue seriously and disciplinary action initiated immediately. In cases where Government is the disciplinary authority, Head of Department shall report the matter to Government immediately. All formalities shall be completed and final decision taken within a period of six months. The authorities should adhere to the above time limit strictly. At any rate, finalisation of disciplinary action and orders imposing punishment should be issued well before the date of superannuation of the employee. The internal audit teams of the departments should inspect the registers and ensure that no laxity is noticed in the matter

All Heads of Departments are directed to follow the above instructions without fail. Any laxity in the matter shall be considered as the personal responsibility of the head of department.

**Sudha Pillai,**
Principal Secretary (Finance)

(6)

**GOVERNMENT OF KERALA**

Abstract

DEARNESS ALLOWANCE - ARREARS CREDITING TO PROVIDENT FUND ACCOUNT - EXTENSION OF TIME LIMIT - EXTENDED - ORDERS ISSUED.

FINANCE (PRU) DEPARTMENT

G.O.(P)No.385/2003/Fin. Dated, Thiruvananthapuram, 11th July, 2003.

Read:- 1. G.O.(P)No.1142/98/Fin. dated 25-3-1998.
2.G.O.(P)No.3000/98/Fin. dated 25-11-1998.
3. G.O.(P)No.1450/99/Fin. dated 9-6-1999.
4. G.O.(P)No.932/2000/Fin. dated 2-6-2000.
5. G.O.(P)No.375/2002/Fin. dated 13-6-2002.
6. G.O.(P)No.805/2002/Fin. dated 31-12-2002.

ORDER

The time limit for crediting the arrears of Dearness Allowance to the Provident Fund Account of the employees allowed as per the Government Order read as 5th and 6th papers

above expired on 28-2-2003 and 30-6-2003 respectively.

2. Several requests are being received from various Service organisations seeking extension of time limit for crediting the arrears of Dearness Allowance to the Provident Fund Account.

3. Government have examined the requests and are pleased to order that the time limit for crediting the arrears of Dearness Allowance sanctioned from 1-7-1997, 1-1-1998, 1-7-1998 and 1-1-1999, 1-7-1999 and 1-1-2000 will be extended upto 31-12-2003. The arrears will be claimed in the salary bill upto December 2003 and credited to the Provident Fund Account.

By Order of the Governor,

R.S.Premalatha.
Additional Secretary (Finance)

---

**(7)**

GOVERNMENT OF KERALA

Abstract

GROUP INSURANCE SCHEME -
MODIFICATION TO THE SCHEME - ORDERS ISSUED.

FINANCE (GROUP INSURANCE SCHEME) DEPARTMENT

G.O.(P)No.391/2003/Fin. Dated, Thiruvananthapuram, 17th July, 2003.

Read:- 1.G.O.(P)No.392/87/Fin. dated 9-8-1984.
2. G.O.(P)No.371/85/Fin. dated 8-7-1985.
3. G.O.(P)No.498/95/Fin. dated 19-8-1995.
4. G.O.(P)No.1862/99/Fin. dated 20-9-1999.
5. G.O.(P)No.601/2001/Fin. dated 26-3-2001.
6. Lr.No.GIS/General/10945/2002. dated 1-8-2002 from the Director of Insurance.

ORDER

In the letter read above the Director of Insurance has suggested certain modifications to the Government Orders issued on Group Insurance Scheme. In the Government Order read as 4th paper above Government have revised the rate of subscription to Group Insurance and time limit to come over to the revised rate has been extended three times. As per Government Order read as 5th paper, time limit was extended upto 30-6-2001 subject to the conditions that arrears from 9/99 upto the month in which the change over to the revised rate is effected should be recover in 6 equal instalments. Director of Insurance in his letter read as 6th paper above has reported that recovering arrears is against the principles of Insurance. It has further recommended that the scheme may be opened in every September permitting employees to take additional/minimum units according to age and scale of pay.

2. Government have examined the suggestions in details and are pleased to issue the following further orders in the matter:-

(i) Those subscribers who have subscribed at the revised rate without remitting arrears from 9/99 are allowed to come over to revised rate with effect from the date from which they have subscribed the enhanced rate in relaxation of Government Order dated 26-3-2001.

(ii) In the case of subscribers who died while in service subscribing at the enhanced rate and not remitted arrears with effect from 9/99 their claims will be settled at the rate to which they were subscribing at the time of their death.

(iii) All those subscribers who were subscribing in the pre-revised rate should come over to the enhanced revised rate as per Government Order 4th cited by September, 2003 positively. All Drawing and Disbursing Officers and Self Drawing Officers should record a certificate in the salary bill for September 2003 to the effect that "Necessary deductions towards Group Insurance Scheme subscriptions at the revised rate as per GO (P) No.1862/99 Fin. dated 20-9-1999 according to the scale of pay has been made in the salary bill for September 2003". The Director of Treasuries should direct all District Treasury Officers/Sub Treasury Officers to honor only the salary bills for 9/2003 with the above certificate.

(iv) Subscribers below the age of 45 years are allowed to take additional units subject to a maximum total subscription not exceeding 10% of the basic pay of the employees. Employees above the age of 45 years may not be allowed to take additional units than the prescribed rate fixed as per scale of pay. Employees who have already taken more units than the above will be allowed to continue to subscribe the rates at which they are subscribing now. Employees above the age of 50 years are not eligible to be enrolled in the scheme.

(v) The charges for issuing duplicate pass book is enhanced to Rs.20 with effect from the date of this order.

By Order of the Governor
V.S.Senthil,
Secretary (Finance Expenditure)


## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 50 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.



ചീഫ് എഡിറററുടെ വിലാസം: **എസ്. ജയരാജ് കുമാർ,** ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം - 695 011 (ഫോൺ - 0471-440004)

മാനേജിംഗ് എഡിറററുടെ വിലാസം: **വി. ജയകുമാർ,** ഐശ്വര്യ, ററി. സി. 55/494, ശാരദാ ഗാർഡൻസ് ലെയിൻ, നീറമൺകര, പാപ്പനംകോട് പി. ഒ, തിരുവനന്തപുരം- 695 018, ഫോൺ: 0471-2491432

ഓഫീസ്: എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ തിരുവനന്തപുരം - 695 035, ഫോൺ - 0471-463494, Fax: 0471-468984. e-mail:akpcta@sancharnet.in

www.akpcta.org

## എ. കെ. പി. സി. ടി. എ.

# സംസ്ഥാന പ്രവർത്തക ക്യാമ്പ്

## കേരള, എം. ജി. സർവ്വകലാശാല മേഖല

2003 സെപ്തംബർ 20, 21, തീയതികളിൽ
സി.എസ്.ഐ, റിട്രീററ് സെൻറർ, കോട്ടയം
(സി.എം.എസ് കോളജിന് സമീപം)

## കണ്ണൂർ, കോഴിക്കോട് സർവ്വകലാശാല മേഖല

2003 സെപ്തംബർ 27, 28 തീയതികളിൽ
പഞ്ചായത്ത് കമ്മ്യൂണിററി ഹാൾ,
മലമ്പുഴ, പാലക്കാട്

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 463494, Fax: 0471-468984, e-mail:akpcta@sancharnet.in, www.akpcta.org, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 2471904, Fax: 2478013, 2471904, Typeset: Genial, Tvpm. Phone: 2325789, Chief Editor: S. Jayaraj Kumar